RAAKKUYILUKAL

SANKARA KURUP

32J6

0164:1:9

0164:1:9
32J6

…:9 32J6
…URUP (G.).

177603
0164:1:9
32 J6

MUL
177603

[illegible]7 NOV 1[illegible]

# രാക്കുയിലുകൾ

# RAAKKUYILUKAL

(ESSAYS)

BY

G. SANKARA KURUP

2nd Impression—1000 copies

1956 May

PUBLISHERS:
THE MANGALODAYAM (PRIVATE) LTD.,
TRICHUR.

Raakkuyilukal

# രാക്കുയിലുകൾ

UNIVERSITY LIBRARY
28 May 1957
MADRAS

ഗ്രന്ഥകർത്താ:

ജി. ശങ്കരക്കുറുപ്പ്

G. Sankara Kurup.

Mangalodayam Private 40.

പ്രസാധകന്മാർ:

മംഗളോദയം (പ്രൈവററ്) ലിമിററഡ്,

തൃശ്ശിവപേരൂർ.

Trichur

NATIONAL BOOK STALL
KOTTAYAM.
KALARIKAL BAZAAR

1956/1131

UNIVERSITY LIBRARY
28 May 1957
MADRAS

# ഉമർഖയ്യാം

"ഹാ, നീയാവിഷ്ക്കരിപ്പൂ നിജമഹിമ നിജാ-
നന്ദമാത്രം പ്രഭോ, നീ
താനിക്കാണും പ്രപഞ്ചം നിഖിലവുമിതിനെ-
ക്കണ്ടുകൊണ്ടാടുവോനും!"

—ഉമർ.

പതിനൊന്നാംശതാബ്ദത്തിന്റെ അസ്തമയത്തിനു് അല്പംമുമ്പു്, പാരസികസാഹിത്യത്തിൽ ഉദിച്ചുയർന്ന ഒരു ധീരജ്യോതിസ്സാണു് വിശ്വവിഖ്യാതനായ ഉമർഖയ്യാം. കപടമൂർത്തിയായ പൗരോഹിത്യത്തിന്റേയും കലുഷദൃഷ്ടിയായ വൈരാഗ്യത്തിന്റേയും ജന്മവൈരിയായിരുന്നതിനാൽ, ആ മഹാകവി ദൈവഭക്തനായ ഒരു സ്വാതന്ത്ര്യ

ചിന്തകനായിരുന്നെങ്കിലും, അദ്ദേഹത്തിൻെറ അനുഗൃഹീതനാമത്തെ പലരും അധിക്ഷേപത്തിൽ ആഴ്ത്തിയിട്ടുണ്ടു്. ഉന്മത്തമായ മതത്തിൻെറ ചെങ്കോലിനെ തൂലികത്തുമ്പുകൊണ്ടു തട്ടിക്കളകയും, അപുനർല്ലഭ്യമായ ഐഹികജീവിതത്തെ, വിശ്വാസയോഗ്യത തെളിഞ്ഞിട്ടില്ലാത്ത പരലോകത്തിൻെറ കൈയിൽ പണയം വെയ്ക്കുന്ന മൂഢഭക്തിയെ സാനുകമ്പം അവഹേളിക്കുകയും ചെയ്തിരുന്ന ആ സൗന്ദര്യാരാധകനെ മദ്യലാലസനായ ഒരു ഇന്ദ്രിയദാസനായിട്ടു ഭ്രമിച്ചിരിക്കുന്നവർ ഇക്കാലത്തും അപൂർവ്വമല്ല. പ്രകൃതിചഷകത്തിൽ പ്രതിബിംബിക്കുന്ന ദൈവികമുഖം കണ്ണുനിറയെക്കണ്ടു്, പതഞ്ഞുതുളുമ്പുന്ന പരമാനന്ദചൈതന്യം മതിമറക്കുന്നതുവരെ നുകൎന്നുനുകൎന്നു്, വിധിയേയും മൃതിയേയും വകവെയ്ക്കാതെ, അനുഭവസമൃദ്ധമായ ജീവിതം നയിച്ചിരുന്ന ഭാവനാശാലിയായ ഒരു ദാൎശനികനെയാണു്, ആ പനിനീർപ്പൂക്കളുടെ നടുക്കു പാനപാത്രത്തിന്നരികെ പാടിക്കൊണ്ടിരിക്കുന്ന 'ഉമർഖയ്യാമി'ൽ ഞാൻ ദൎശിക്കുന്നതു്.

'ഖോറസാൻ'സംസ്ഥാനത്തിൽപ്പെട്ട 'നൈഷപ്പൂരി'ലാണു് ഉമറിൻെറ ജനനം. 'ഖയ്യാം' എന്ന ശബ്ദത്തിന്നു 'ശിബിരനിൎമ്മാതാവു്' എന്നൎത്ഥമാകുന്നു. കൂടാരം നിൎമ്മിക്കുന്നവരുടെ കുടുംബത്തിലായിരുന്നിരിയ്ക്കാം അദ്ദേഹം ജനിച്ചതു്. ചക്കാലനായർവൎഗ്ഗത്തിൽപ്പിറന്ന എഴുത്തച്ഛൻ 'എൻെറ ചക്കിൽ നാലുമാറുമാടും' എന്നു് ഒരിക്കൽ പ്രസ്താവിച്ചിട്ടുള്ളതായി കേട്ടിട്ടുണ്ടു്. തൻെറ കൂടാരനിൎമ്മാണത്തെക്കുറിച്ചു നേരംപോക്കായി ഉമർ നിബന്ധി

ച്ചിട്ടുള്ള ഒരു 'ചതുഷ്പദി' ചരിത്രകാരൻ വിസ്മരിച്ചിട്ടില്ല. "ശാസ്ത്രശിബിരം കെട്ടിയുണ്ടാക്കിയിരുന്ന ഖയ്യാം ദുഃഖാഗ്നികുണ്ഡത്തിൽ പതിച്ചു ദഹിച്ചുപോയി. വിധി തന്റെ കത്തിരകൊണ്ടു്, അദ്ദേഹത്തിന്റെ ജീവിതക്കൂടാരം ബന്ധിച്ചിരുന്ന കയറുകൾ മുറിച്ചുകളഞ്ഞു. ആ ആശാഭംഗകാരി അദ്ദേഹത്തെ വെറുതെ വിററുകളഞ്ഞു." ഇതാണു് ആ പദ്യത്തിന്റെ സാരം. ഉമർ ജ്യോതിശ്ശാസ്ത്രത്തിലും മററും പ്രാവീണ്യവും പ്രശസ്തിയും പ്രാപിച്ചിരുന്നു എന്നുള്ള ചരിത്രപ്രസ്താവം ഈ ചതുഷ്പദി അദ്ദേഹത്തിന്റെ ആയിരിക്കാമെന്നുള്ളതിനു് ഉപോൽബലകമായിരിക്കുന്നുണ്ടു്.

ഭക്തശിരോമണിയും മഹാജ്ഞാനിയും ആയിരുന്ന 'ഇമാം മൂവാഫക്കി'ന്റെ വാത്സല്യഭാജനമായ ശിഷ്യനായിരുന്നു ആ പ്രതിഭാസമ്പന്നൻ. തന്റെ രാജ്യത്തെ സുൽത്താന്റെ അമാത്യപദവി പ്രാപിച്ചിരുന്ന ഒരു സതീർത്ഥ്യൻ ഉന്നതമായ ഒരുദ്യോഗം സസന്തോഷം നല്കുവാൻ സന്നദ്ധനായെങ്കിലും, ജ്ഞാനത്തെ ആരാധിച്ചുകൊണ്ടു സ്വൈരമായി ജീവിക്കുവാൻ ആഗ്രഹിച്ചിരുന്ന ഉമർ അതു കൃതജ്ഞതാപൂർവ്വം ഉപേക്ഷിക്കുകയാണു് ചെയ്തതു്. "നിങ്ങൾക്കു നല്കാവുന്ന അനുഗ്രഹങ്ങളിൽവെച്ചു മഹത്തമമായതു നിങ്ങളുടെ ഭാഗധേയത്തിന്റെ സാന്ദ്രശീതളമായ തണലിൽ ശാസ്ത്രീയവിജ്ഞാനത്തെ വികസിപ്പിച്ചുകൊണ്ടും നിങ്ങളുടെ ശ്രേയസ്സിനും ദീർഘായുസ്സിനും പ്രാർത്ഥിച്ചുകൊണ്ടും കാലയാപനം ചെയ്വാൻ അനുവദിക്കുന്നതാണു്" എന്നായിരുന്നു കവിയുടെ സമാധാനം. രാജാവി

നെ വിട്ട സത്യത്തെ ആരാധിക്കുവാനും, ആഡംബരത്തെ വെടിഞ്ഞു വിനീതജീവിതത്തെ സ്നേഹിക്കുവാനും നിശ്ചയിച്ച സുഹൃത്തിനെ സഹപാഠി അഭിനന്ദിച്ചു.

ഉമർ ജീവിച്ചിരുന്ന കാലത്തേയും ദേശത്തേയും സ്മരിച്ചുകൊണ്ടു് അദ്ദേഹത്തിൻെറ ചിന്തകളിലേയ്ക്കു ദൃഷ്ടി പതിപ്പിക്കുമ്പോൾ അവയുടെ ഔന്നത്യം അത്ഭുതാവഹമായി തോന്നും. മതത്തിൻെറ മുഖത്തു സംശയത്തോടു കൂടി പുരികം ചുളിച്ചു നോക്കുവാൻ ആരും ധൈര്യപ്പെട്ടിരുന്നില്ല. മനുഷ്യജീവിതം വിധിഹിതത്തിനു് അനുരോധമായി ചലിക്കുന്ന ഒരു അശക്തച്ഛായയാണെന്നായിരുന്നു പുരോഹിതൻ പഠിപ്പിച്ചതും ജനസമുദായം വിശ്വസിച്ചതും. പ്രശസ്തകവിയായ 'സാദി'തന്നെ വിധിയുടെ ദുർജ്ജയതയേയും പൗരുഷത്തിൻെറ ദുർബ്ബലതയേയും ഒരു കഥകൊണ്ടു സ്പഷ്ടമാക്കിയിട്ടുണ്ടു്. "ഒരിയ്ക്കൽ ഒരു മുക്കുവൻെറ ചൂണ്ടലിൽ ഒരു വലിയ മത്സ്യം കുടുങ്ങി. അതിനെ കരയ്ക്കു വലിച്ചടുപ്പിക്കുന്നതിനു് അവനു ശക്തിയുണ്ടായിരുന്നില്ല. തന്നെ മത്സ്യം കടലിലേയ്ക്കു വലിച്ചുകൊണ്ടുപോവുമെന്നായപ്പോൾ ആ പാവം ചൂണ്ടലിൻെറ പിടി വിട്ടു. പരിഹസിച്ച ചങ്ങാതിമാരോടു മുക്കുവൻ പറഞ്ഞതു് ഇങ്ങിനെയാണു്: "എനിക്കു് എന്തു ചെയ്യാൻ കഴിയും? വിധിച്ചിട്ടുള്ള സമയം വരാത്തതുകൊണ്ടു് ആ ജീവി രക്ഷപ്പെട്ടു. സർവ്വജീവജാലങ്ങളേയും ഭരിക്കുന്നതു വിധിയാണു്. മുക്കുവനും ആ ദുർജ്ജയശക്തിയെ ലംഘിയ്ക്കാവുന്നതല്ല. വിധി പ്രതികൂലമായാൽ അവൻെറ കൈയിലുണ്ടോ മത്സ്യം പെടുന്നു? ഉണങ്ങിപ്പോയാൽത്തന്നെ മത്സ്യത്തി

ൻെറ ജീവനെ രക്ഷിയ്ക്കണമെന്നാണു് വിധിഹിതമെങ്കിൽ, അതു ചാവുകയില്ല." അതുകൊണ്ടു കവി അനുമിക്കുന്നു: "ഹേ മനുഷ്യ, നീ എന്തിനു ഭയപ്പെടുന്നു? വിധികല്പിതമായ അന്ത്യസമയം ആകാത്തപക്ഷം, കുന്തവുംകൊണ്ടു ശത്രു പാഞ്ഞടുക്കുന്നതു വെറുതെയാണു്. അവൻെറ കരചരണങ്ങൾ വിധിയാൽ ബന്ധിക്കപ്പെടും. സമർത്ഥനായ വില്ലാളി പ്രയോഗിക്കുന്ന ശരത്തിൻേറയും ഉന്നം പിഴച്ചുപോകും." അന്ധമായ പൗരോഹിത്യത്തിൻെറ കൈപിടിച്ചുകൊണ്ടു്, അതു പറയുന്ന കള്ളക്കഥകളിൽബദ്ധശ്രദ്ധമായി വിധിച്ചു തല ചായ്ച്ചുനടന്നിരുന്ന പാവപ്പെട്ട മനുഷ്യബുദ്ധിയെ ഉമർ സഹഭാവത്തോടുകൂടി അടുത്തു നിന്നു കണ്ടു. അദ്ദേഹം സത്യം വിളിച്ചുപറഞ്ഞു: "ഭോഷന്മാരേ! ഇതുമല്ല, അതുമല്ല, രാജമാർഗ്ഗം." പിന്നെ ഏതാണു്?

ഇതാണു് ഉമറിൻെറ സന്ദേശം: 'നന്മധു കുടിക്കു, ചെയ്യുക നന്മ, പിഴയ്ക്കാതിരിക്കു നിജമാർഗ്ഗം.' നാം ജീവിതത്തിൻെറ സൽക്കാരമന്ദിരത്തിലേയ്ക്കു ക്ഷണിക്കപ്പെട്ടിരിക്കുന്ന അതിഥികളാകുന്നു. പഴയ ചങ്ങാതികളൊക്കെപ്പോയി. അവർ മരണത്തിൻെറ കാലടിയിൽ കിടക്കുന്നു. നമുക്കുമുൻപു് ഒന്നോ രണ്ടോ വട്ടം കുടി കഴിഞ്ഞു—അവരുടെ വഴിക്കു് അവർ പോയി. എന്നാൽ ഈ ക്ഷണികതയെക്കുറിച്ചു വിഷാദിക്കുവാനില്ല. പഴയതു മാറിയില്ലെങ്കിൽ പുതിയതു് എങ്ങിനെ വരും? ആ വിരുന്നുകാർ കഴിഞ്ഞുപോയില്ലെങ്കിൽ ജീവിതത്തിൻെറ സൽക്കാരശാലയിൽ നമുക്കു സ്ഥലം കിട്ടുമായിരുന്നോ? അർഹിക്കുന്ന ആനന്ദങ്ങൾ അനുഭവിച്ചുകൊണ്ടു് ഉള്ളകാലം യാപനം ചെയ്യു.

പരിണാമിയാണ് ജീവിതമെങ്കിലും ശാശ്വതമായ ഒരു സത്തയുണ്ടെന്നു് ഉമറിന്നു സമ്മതമാണ്. 'നൈസർഗ്ഗികമായ പരിണാമശക്തിയോടുകൂടിയ ആ ദ്രാക്ഷാരസം ചിലപ്പോൾ സസ്യമായിട്ടും ചിലപ്പോൾ ജന്തുവായിട്ടും പ്രത്യക്ഷമാകുന്നു. രൂപാന്തരപ്രാപ്തിയാൽ അതില്ലാതാകുന്നില്ല. ആ ഭ്രമം ദൂരെക്കളയൂ. സ്ഥിരമായ ഒരു ബാഹ്യസ്വഭാവമില്ല; എന്നാലും ശാശ്വതികമായ സത്തയുണ്ടു്.' ഈ പരിണാമപ്രകൃതിയെക്കുറിച്ചുള്ള ചിന്ത ചിലപ്പോൾ കവിയെ വ്യാകുലനാക്കാതിരിക്കുന്നില്ല.

"ഓരോ മരുഭൂമിയിലും രക്തവർണ്ണങ്ങളായ 'മണിപ്പൂക്കൾ' കാണുന്നില്ലേ? ഓരോ പൂവും ഒരു രാജാവിന്റെ രക്തത്തിൽനിന്നു വിടൎന്നതാണ്."

"ഊതവർണ്ണമായ ഓരോ പുഷ്പവും ഏതോ സുന്ദരിയുടെ കോമളകപോലത്തിലെ കാക്കപ്പുള്ളിയായിരുന്നു."

നിരുപമമായ പ്രതാപവും നിരതിശയമായ ലാവണ്യവും ക്ഷണികം! പക്ഷേ, അതുകൊണ്ടു ദുഃഖത്തിൽ മുങ്ങി അടിത്തട്ടിൽനിന്നു നിർവ്വേദം തപ്പിയെടുക്കുകയല്ല, നമ്മുടെ കവിവരേണ്യൻ ചെയ്യുന്നതു്. 'ദുഃഖം വിഷമാണെന്നും നിർവ്വേദം മരവിക്കലാണെന്നും അദ്ദേഹത്തിന്നറിയാം. അതുകൊണ്ടു ഹാൎദ്ദമായി നൽകുന്ന ഉപദേശം ഇതാണ്:

"ദുഃഖത്തിന്റെ പിടിയിൽ കുടുങ്ങരുതേ!

നിരൎത്ഥമായ പശ്ചാത്താപത്താൽ ആത്മാവിനെ ആവൃതമാക്കരുതേ!

നമ്മുടെ നയനങ്ങളെ പ്രീണിപ്പിക്കുന്ന സസ്യവിതാനത്തിനു നാം നാളെ വളമായി പരിണമിക്കും. നമ്മുടെ മണ്ണിൽനിന്നു തഴയ്ക്കുയും, രക്തത്തിൽനിന്നു തളിക്കയും ചെയ്യുന്ന കാലത്തു് ഈ പടപ്പു് ആരെയായിരിക്കും ആഹ്ലാദിപ്പിക്കുന്നതു്?

ഭൂമിയുടെ തണുത്തു മരവിച്ച, വികാരോഷ്മാവില്ലാത്ത, വക്ഷസ്സിൽ ലയിക്കുന്നതിന്നുമുമ്പു് ആവോളം ജീവിതമദ്യം ആസ്വദിക്കുക!"

ജീവിതത്തിൻെറ പരിണാമസ്വഭാവം മനുഷ്യചിന്തയ്ക്കു വിരുദ്ധലക്ഷ്യങ്ങളായ രണ്ടു കൈവഴികൾ ഉളവാക്കിയിട്ടുണ്ടു്. പ്രപഞ്ചം മിത്ഥ്യയാണു്; വിലയില്ലാത്തതാണു്; ദുഃഖസംഭിന്നമാണു്; അതിനാൽ വൈരാഗ്യത്തെ ഭജിക്കുവിൻ! പാരത്രികസുഖത്തെ ലഭിക്കുവിൻ! ഇങ്ങിനെയാണു് ആദ്യത്തേതിൻെറ ഗതി. ജീവിതം പരിണാമിയും അപുനർലഭ്യവുമായിരിക്കയാൽ ഓരോ നിമിഷവും അമൂല്യമാണു്; സുന്ദരമാണു്; ഉപഭോഗാഹ്മാണു്. സ്വർഗ്ഗം പൗരോഹിത്യത്തിൻെറ കല്പിതകഥയാകുന്നു—ഇങ്ങിനെയാണു് രണ്ടാമത്തേതിൻെറ പോക്കു്. ദ്വിതീയശാഖയാണു് ഉമർ ഭാവനകൊണ്ടു ഫേനിലവും വികാരങ്ങൾകൊണ്ടു തരംഗിതവും ആക്കിത്തീർത്തിരിക്കുന്നതു്.

കുവ്വ്രൂപമായ പ്രപഞ്ചത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ 'നമ്മബോധ'മുള്ള ഹൃദയാലുവിന്നു ജനിക്കുന്ന ഗൂഢമായ ഉപഹാസം ഉമറിൻെറ 'റുബായിയാത്തിൽ' പല സന്ദർഭങ്ങളിലും സ്ഫുരിക്കുന്നുണ്ടു്. ഒരു ദിവസം ഒരു കുമ്പാരൻെറ

കുടിലിൽ ചെന്ന കവി ചിരിക്കുവാനും ചിന്തിക്കുവാനും വക കാണുന്നതു നോക്കുക:

"ഞാൻ അവിടെ ചിന്താമഗ്നനായി നിന്നു. പ്രധാനകുലാലൻ ചക്രത്തിന്മേൽ ചവിട്ടിക്കൊണ്ടിരിക്കയാണു്. അവൻ ഒരു രാജാവിൻെറ തലയോട്ടുകൊണ്ടു് ഒരു കുടത്തിനു് അടപ്പുണ്ടാക്കുന്നു; ഒരു യാചകൻെറ കൈകൊണ്ടു ഭരണിക്കു പിടി വാക്കുന്നു!"

കിരീടം ചൂടിയ തലയും പിച്ചപ്പാള പിടിച്ച കൈയും ഒടുവിൽ മണ്ണു്! വെറും മണ്ണു്! മരണത്തിൻെറ 'സാമ്യവാദം!'

പ്രവാചകന്മാരിൽ ധീരചിന്തകനായ ഉമർഖയ്യാമിനു ബഹുമാനവും വിശ്വാസവും കുറയും. പ്രവചനങ്ങൾ സ്വപ്നപ്രലപിതങ്ങളാണു്. ദൈവരഹസ്യം എന്നും രഹസ്യംതന്നെയായിരിക്കും. അദ്ദേഹം ഉൽഘോഷിക്കുന്നു:

"ഈ തിമിരാവൃതമായ രാത്രിയിൽക്കൂടി അവർ ഒരു രാജമാർഗ്ഗം കണ്ടുപിടിച്ചിട്ടില്ല. അവർ ഒരു കഥ പറഞ്ഞു —വെറുംകഥ. പൊടിയിൽ കിടന്നു് ഉറങ്ങുകയും ചെയ്തു."

"നരകവും സ്വർഗ്ഗവും ഇവിടെയാണു്. നിൻെറ ആത്മാവിലാണു്. ദുഃഖസംഘട്ടനത്തിൽനിന്നു പുറപ്പെട്ടന്ന സ്ഫുലിംഗമാണു് നരകം; വ്യാകുലതകളുടെ നടുക്കുള്ള ക്ഷണികമായ വിശ്രമമാണു് സ്വർഗ്ഗം. പുരോഹിതൻെറ സ്വർഗ്ഗനരകങ്ങൾ അകലെ കേൾക്കുന്ന പെരുമ്പറയുടെ മുഴക്കംമാത്രം."

പരിണാമത്തെ സമ്മതിക്കുന്നുണ്ടെങ്കിലും പുനർജ്ജന്മമുണ്ടെന്നു് ഉമർ വിശ്വസിക്കുന്നില്ല.

"ആരും തിരിച്ചുവന്നതായി കേട്ടിട്ടില്ല; കടന്നുപോയ വഴി പിന്നേയും ചവിട്ടിയതായി അറിഞ്ഞിട്ടില്ല! ഞാൻ പറയുന്നു: കുടിക്ക, ശവകുടീരത്തിനടിയിൽ ചിരകാലം ഉറങ്ങാനുള്ളതാണ്. ആ ഇടുങ്ങിയ അറയിൽ ജീവിതം പങ്കുകൊള്ളുവാൻ ആത്മസുഹൃത്തോ പ്രാണപ്രിയയോ ഉണ്ടായിരിക്കയില്ല. കരുതിയിരിക്കുക. ഈ രഹസ്യം ആരോടും പറയരുത്. വാടിക്കലഞ്ഞ കോമളപുഷ്പം വീണ്ടും വിടരുകയില്ല."

എന്നാലും അപരിഹരണീയമായ മൃത്യുവിനെ ഭയപ്പെടുന്ന ആളല്ല നമ്മുടെ കവി. ജീവിതം വൃഥാ വ്യയം ചെയ്യുവക്കു മാത്രമേ ചരമനിമിഷം ദുഃഖമോ ഭയമോ അങ്കുരിപ്പിക്കുകയുള്ളു. അദ്ദേഹത്തിൻെറ ആത്മഗതം നമുക്കു കേൾക്കുക:

"ഖയ്യാം! നീ മദിരയെ ആരാധിക്കുന്നുവെങ്കിൽ ആഹ്ലാദിക്കു!

"പ്രേമത്തിൽ സുഖം ലഭിക്കുന്നുവെങ്കിൽ ആഹ്ലാദിക്കു!

"ജീവിതം ക്ഷണഭംഗുരമാകയാൽ, അതുണ്ടെന്നു തോന്നാത്തവിധത്തിൽ, ലാഘവത്തോടുകൂടി വഹിക്കു, ആഹ്ലാദിക്കു."

"നിൻെറ സമയം സമാഗതമാകുമ്പോൾ, നീ ഞെട്ടിവീഴ്പ്പിടരുത്.

"അത്രമാത്രം സ്ഥിരനിശ്ചയമായ ആ കൈയിലിരിക്കുന്ന ഇരുണ്ട മദ്യത്തെ ഭയപ്പെടരുത്."

"ഭൗതികജീവിതത്തിന്റെ മാലിന്യത്തിൽനിന്നു മുക്തമായാൽ ആത്മാവിനു സ്വതന്ത്രമായി ദിവ്യലോകത്തിലേയ്ക്കു പോകാം. ദിവ്യലോകമാണു് നിന്റെ ഗൃഹം. എന്നിട്ടു് ഈ മൺകുടിലിൽ (ഭൗതികദേഹത്തിൽ) ഇരിക്കുന്നതു നിനക്കു ലജ്ജാകരംതന്നെ."

മൃതി അനുഗ്രഹമാണെന്നും, ആഗ്രഹിയ്ക്കേണ്ട ഒരു സ്വാതന്ത്ര്യമാണെന്നും, ഉമർ വിചാരിക്കുന്നു.

മനുഷ്യൻ വിധിയുടെ കളിപ്പന്താണു്, ചതുരംഗക്കരുവാണു്, ഈശ്വരന്റെ മായാദീപപ്രദൾനത്തിൽ പ്രത്യക്ഷമാകുന്ന നൈമിഷികച്ഛായകളാണു്—എന്നൊക്കെ അന്യത്ര പ്രസ്താവിക്കുന്നുണ്ടെങ്കിലും ജീവിതത്തിന്റെ ഉത്ഭവവും ലയവും ദിവ്യമായ ഒരു സനാതനസത്തയിലാണെന്നു് ഉമർഖയ്യാം ഗ്രഹിച്ചിരുന്നു. ആ ഭക്തനായ ദാശ്നികന്റെ ദൃഷ്ടിയിൽ ഭൗതികശരീരം ദിവ്യലോകത്തിലേയ്ക്കു യാത്രചെയ്യുന്ന സുൽത്താനു വിശ്രമിക്കുവാനുള്ള കൂടാരമാണു്. സഞ്ചാരി കടന്നുപോകുമ്പോൾ ആ ശൂന്യശിബിരം മൃത്യു തകർത്തുകളയുന്നു. ഇനിയും സുൽത്താന്മാക്കു കൂടാരമുണ്ടാക്കണമല്ലോ. പ്രകൃതി ഒരു തരിപോലും വെറുതെ കളയുവാൻ സമ്മതിക്കയില്ല.

'ഫിററ്സ് ജറാൽഡി'ന്റെ ആംഗലവിവത്തനത്തെ ഉപജീവിച്ച 'വിലാസലഹരി' നിമ്മിച്ച കാലത്തുതന്നെ ഉമറിന്റെ പാനപാത്രവും മദ്യവും സഖിയും പ്രതിരൂപങ്ങളാണെന്നു് എനിക്കു തോന്നിയിരുന്നു. പാരസികകാവ്യത്തിന്റെ പദാനുപദവിവത്തനവും മററു ചില കൃതികളുംകൂടി കണ്ടപ്പോൾ എന്റെ അഭിപ്രായം ഒന്നുകൂടി

ഖലപ്പെട്ടകയാണ് ചെയ്യത്ത്. ഈ ലേഖനത്തിലെ ആശയഗതിയോട്ട യോജിക്കാത്ത സഹൃദയന്മാരെ ഉമറിൻെറ കരാശയത്തിൻെറ മുമ്പിൽ നിത്തിയിട്ടു ഞാൻ മാറിനിന്നോട്ടാം.

"നിത്യയായ നിയതി പ്രപഞ്ചമദ്യപാത്രത്തിൽ ഇങ്ങിനെ അനേകം ആത്മാക്കളെ പകരുന്നു. അവ പാനപാത്രത്തിൽ കുമിളകൾപോലെ പ്രത്യക്ഷമാകുന്നു; പറന്നുപോകുന്നു."

ജീവിതം, ചതുരംഗം.

രാവും പകലുമാം കള്ളി
വരച്ചതിൽ നിസ്സഹായ-
രാവും നമ്മെച്ചതുരംഗ-
ക്കരുക്കളാക്കി,

മേവും വിധിയുന്തി നീക്കി,-
ക്കാലിലാക്കി, വെട്ടിമാററി-
പ്പോവുന്നവ ചെപ്പിലാക്കി-
ക്കളിക്കയല്ലി?

*    *    *

കാലം കളയൊല്ല

ഹാ, ലയിക്കുമല്ലോ മണ്ണിൽ
നമ്മളുമിനിയുമുള്ള
കാലമെങ്കിലും കളയാ-
തുപഭോഗിപ്പിൻ!

ഇല്ലാ മദ്യമില്ലാ, ഗാന-
മില്ലാ ഗാതാവവസാന-
മില്ലാ മണ്ണു മണ്ണായ് മണ്ണിൽ
മറഞ്ഞാൽപ്പിന്നെ

*            *            *

## സർവ്വം ക്ഷണികം

താരുണ്യത്തിൻ സൗരഭില-
പുസ്തകമടയും, പനി-
നീരലരും വസന്തവു-
മയ്യോ, മാഞ്ഞുപോം!
ഇങ്ങു മരക്കൊമ്പിൽപ്പാടി-
പ്പാടിവാണ രാക്കുയിലു-
മെങ്ങുനിന്നാണെങ്ങു പോയെ-
ന്നാരറിയുന്നു!

*            *            *

## എന്നാൽ!

തേനഞ്ചുന്ന ലഘുകാവ്യം,
വല്ലതുമാഹാരമല്പം,
പാനഭാജനം നിറയെ
മധു മധുരം,
ഗാനം ചെയ്യും നീയരികെ,
പ്പാദപത്തണലി,ലയ്യാ!
കാനനവുമെനിക്കെന്നാൽ
വാനവലോകം!

*            *            *

## ചോരൻ

എന്നുമെന്നും പുലരിയിൽപ്പൂങ്കോഴി
നിന്നുറക്കെക്കരയുന്നതെന്തെന്നോ?

ജീവിതത്തിലെ ദുല്ലഭമാമൊരു
രാവിനെക്കൂടി മായികനാമാരോ

നീരവം വന്നു നാമറിഞ്ഞീടാതെ
ചോരണം ചെയ്തു പോകുന്നതിൻ നിഴൽ

വാനിൻ ഭിത്തിമേൽ വച്ചൊരുഷസ്സിൻെറ
തൂനിറമണിക്കണ്ണാടിയിൽക്കാൺകെ,

തൻഗളം നീട്ടിയെത്തിച്ചുനോക്കിയ-
സ്സങ്കടത്താൽ കരയുകയായ്‌വരാം.

## വിരഹിണി

കാമുകമുഖം കണ്ടവരില്ല,
ഭൂമുഖത്തിലൊരിക്കലും,

കല്പിതകഥ കേവലം ലോക-
ജല്പിതമെന്നു മന്മതം.

കേട്ടതു കേട്ടു ചൊല്ലുവോരത്രേ
കേട്ടവരെന്നു ചൊല്ലുവോർ.

ഓതുമാ വാക്കിന്നത്ഥവുമവ-
ർക്കേതുമൊന്നുമറിവീല!

2

നീയകാരണമങ്ങനെ വിട്ടു
പോയ നാളോത്തുനോക്കുക!

നൂറു നൂറു യുഗങ്ങളെങ്ങനെ-
യേറും വേഗത്തിൽ മാഞ്ഞുപോയ്!

പ്രാണനാഥനയച്ചീലാരെയും
കാണാനേത്തുമുഴന്നീല.

കാളുകയാണു നീ പിരികയാൽ-
ക്കാതരമായ മാനസം.

3

മനസാ നീയെന്നെക്കൈക്കൊണ്ടു മുന്ന-
മനഘയാം ദിവ്യവധുവായി.

ഒടുവിൽ നീയെന്നാലെന്തിനാണെന്നെ
വിടുവതിങ്ങനെ വിദയനായ്.

കരുതിയിട്ടുണ്ടാവില്ലൊരിക്കലും
കളയുവാനസഹായയായ്.

അലയുവാൻ തള്ളിവിട്ട നീയെന്നാ-
ലുലകിൻ വിസ്തൃതവീഥിയിൽ!

4

ഒഴുകിടും തവാനുഗ്രഹത്തിൻെറ
തഴുകലേററു തളിർത്തു ഞാൻ;

പരമലൗകികദീപ്തിയിൽ സുഖ-
പരവശയായി മേവി ഞാൻ;

ഇന്നു ഹാ! തവ നീരസംമൂല-
മെന്നാലെൻമനമാകുലം.

താവകഭാവമിങ്ങനെയാവാൻ
പാപം ഞാൻ ചെയ്തതെന്തുവാൻ?

## ആബുറം ആല

"നമ്മുടെ നവാനന്ദങ്ങളാൽ നാം നിമ്മിക്കുന്ന ഗാനങ്ങളും പ്രതിദ്ധ്വനികളും.

"ഒന്നാമത്തെ മനുഷ്യൻ പാടിയപ്പോൾ അവൻ നടുങ്ങിപ്പോയി; കുന്നുകളുടെ ആത്തുവിളിമാത്രം കേട്ടിട്ടല്ല്; രാത്രിയിലെ ജനതയുടെ ഘോഷാരവവും കൂടി കേട്ടിട്ട്.

"ഹാ! ഞാൻ ഭൃത്യന്മാരെ സ്വീകരിച്ചു; എനിക്കഭിമാനം തോന്നി, ആ ഗദ്യത്തേയും ആ മധുരവും ഹൃദയംഗമവുമായ പദ്യത്തേയും പററി. പക്ഷേ അവരുടെയൊക്കെ വാസന എൻെറ മുതൽമുഴുവൻ മാലോകക്ക് വാരിയെറിഞ്ഞു കൊടുക്കുക എന്ന അപരാധം ആവത്തിക്കുവാനായിരുന്നു."

—ആബുൾ ആല

കവിയുടെ ശ്വാസവായുവോടുകൂടി അന്തരിക്ഷത്തിൽ ലയിക്കുവാനോ കാടുകളേയും മലകളേയും മാത്രം കോൾമയിർക്കൊള്ളിക്കുവാനോ വേണ്ടി ആത്മീയാനുഭൂതിവിശേഷങ്ങൾക്കു ഗാനത്തിൻെറ രൂപം നല്കിയിരുന്ന ആത്മാവിഷ്കാരമാത്രവാദിയായിരുന്നില്ല, ആബ്ബൾ ആല. അജ്ഞതയുടേയും അന്ധവിശ്വാസങ്ങളുടേയും അനീതികളുടേയും അന്ധകാരത്തിൽ അകപ്പെട്ടിരുന്ന സമകാലീന സമുദായത്തിനു വെളിച്ചം കാട്ടുവാനും, വഴി തെളിയിക്കുവാനും, ആശ്വാസവും ആശയും നല്കുവാനും ആണു് അദ്ദേഹം തൂലികയെടുത്തതു്. ആ അനുഗൃഹീതൻെറ ചിരാർജ്ജിതസമ്പത്തിനെ, സംസ്കാരസുരഭിലമായ അനുഭൂതിയെ, അദ്ദേഹത്തിൻെറ ജീവിതദാസിയായ കല ജനങ്ങൾക്കു വാരിയെറിഞ്ഞുകൊടുത്തു; അറേബ്യയിലെ മരുഭൂമികൾ അതിൻെറ ശകലങ്ങൾകൊണ്ടു കനകഖനികളായി. പാരസികമഹാകവിയായ 'ഉമർഖയ്യാ'മിനു്, ഏതാണ്ടൊരരനൂററാണ്ടിനു മുൻപാണു്, ആബ്ബൾ ആല സിറിയയിൽ ജനിച്ചതു്. (ക്രി. പി. പത്താംശതാബ്ദത്തിൻെറ ഉത്തരാദ്ധം) തത്വജ്ഞാനവും കവിതയും തമ്മിൽ ആരംഭത്തിൽ ലോകമംഗളത്തിനു ചെയ്ത വിവാഹത്തിൻെറ ബന്ധത്തിൽനിന്നു് അന്നു് ആ രണ്ടുപേരും മോചനം പ്രാപിക്കാനാഗ്രഹിച്ചുതുടങ്ങിയിരുന്നില്ല. ആബ്ബൾ സ്വജീവിതചിന്തയുടെ ഭാവനാദീപ്തവും വികാരസ്നിഗ്ദ്ധവുമായ രൂപം പ്രതിഫലിപ്പിക്കുവാനുതകുന്ന നിമ്മലദപ്പണമായിട്ടാണു് സാഹിത്യത്തെ സങ്കല്പിച്ചിരുന്നതു്. 'ഉമർഖയ്യാ'മിനെപ്പോലെ അദ്ദേഹവും മഹാനായ ഒരു പണ്ഡിതനും ചിന്ത

കനും ആയിരുന്നു. ആ മഹാമനസ്കനു ബാഗ്ദാദിലും, സ്വദേശമായ 'മാററി'യിലും ജീവിതാവസാനംവരെ, വിശ്വസ്തസുഹൃൽസംഘവും മരണാനന്തരം അനേകത്ര ആരാധകസമൂഹവുമുണ്ടായിരുന്നതിൽ അത്ഭുതപ്പെടുവാനില്ല. സ്വജനവർഗ്ഗത്തിൻെറ മൂകവേദനകളുടെ ഏകജിഹ്വയായിട്ടാണു് ആ മനുഷ്യസ്നേഹി തൻെറ 'തൂലികയെ കരുതിയിരുന്നതു്. തത്വജ്ഞാനിയായ ആ കവിവരേണ്യനു് അനേകം അന്തേവാസികളുണ്ടായിരുന്നു; ഭാഗ്യവാന്മാരായിരുന്നു, അവർ.

'ഉമർഖയ്യാ'മിനെപ്പോലെതന്നെ ലോകരെ സ്നേഹിക്കുകയും, നിത്യവും സർവ്വവ്യാപകവും ആയ ശോകത്തിൽ അനുകമ്പാകുലനാകയും ചെയ്തിരുന്ന ആബുൽ ആലയും ഒരു 'വിഷാദാത്മകവാദി'യായിട്ടാണു്, സ്വകീയഗാനങ്ങളിലൂടെ പ്രത്യക്ഷനാകുന്നതു്. ഒരു വ്യത്യാസം: പാരസികകവി പനിനീർപ്പൂക്കളാൽ ഹൃദയവ്രണത്തെ മൂടാനും, ആനന്ദമദിരയിൽ ആത്മയാതനകളെ മുക്കിക്കൊല്ലുവാനുമാണുപദേശിക്കുന്നതു്. ഉൽകൃഷ്ടചിന്തയ്ക്കും ഉദാരകർമ്മത്തിനും ശാശ്വതികമൂല്യമുള്ളതായി ആ വിശ്വക്ഷണികതാവാദി വിചാരിച്ചിരുന്നുവോ എന്നു സംശയമാണു്. സിറിയൻകവിയും, "അനിവാര്യമായ മരണത്തിൻെറ തേരുരുളൊലി" എപ്പോഴും കേൾക്കുന്നുണ്ടു്, "മുഖരമായ തെരുവിൽകൂടി, മൂകമായ മരുവിൽകൂടി." ആബുൽ ലോകത്തിൻെറ ഉല്ലൂണ്ഠനസ്യൂതമായ ചുമലിൽ തടവിക്കൊണ്ടു പറകയാണു്: "നിശ്ശബ്ദമായ നിൻെറ ഹൃദയത്തിൽകൂടി ആ തേർച്ചക്രങ്ങൾ ഉരുളുന്നു; സാരഥിയെ നോക്കി ച്ചിരിക്കു." അത്ര ധൈര്യത്തോടുകൂടിയാണു്, സ്വേച്ഛാപ്ര

ഭൂക്കളുടെ മുമ്പിൽ കുമ്പിടാത്ത നമ്മുടെ കവി മൃത്യുവി ൻെറ നേരെ നില്ക്കുന്നതു്.

അദ്ദേഹത്തിൻെറ കമ്മപ്രേരകമായ സന്ദേശം ഇങ്ങ നെ മന്ത്രപടഹമടിക്കുന്നു: "മരിക്കുന്നതിനുമുമ്പു നീ എ ന്തെങ്കിലും മഹനീയകമ്മം ചെയ്യുമെങ്കിൽ മരണത്തി ൻെറ സാത്ഥവാഹകസംഘത്തെ മറന്നേക്കൂ!

ഓരോ കൊച്ചു നിശ്വാസവും നിന്നോടുകൂടി നിത്യ തയോളം നീണ്ടുനില്ക്കുമെന്നു വിശ്വസിച്ചോളൂ!!"

അപ്പോൾ, മൃതിയെ ജയിക്കാൻ, ജീവിതത്തിൻെറ കാലടിയിലിട്ടു ചവിട്ടി ആത്മാവിനു താണ്ഡവം മതി ക്കാൻ ഒരുപായമുണ്ടു്: കമ്മം, മഹനീയകമ്മം. ഈ വി ശ്വാസമാണു് ഉമർഖയ്യാമിൻെറ വിഷാദാത്മകവാദ ത്തിൽ കാണാൻ കഴിയാത്തതു്.

"ജീവിതം കാററിലിളകിക്കൊണ്ടിരിക്കുന്ന ഒരു വിള ക്കിൻനാളമാണു്, വേടൻെറ വലയിൽ പരുങ്ങുന്ന പ്രാ വിൻകുഞ്ഞാണു്. അതിൻെറ പിടഞ്ഞുകൊണ്ടുള്ള പഠ ക്കലിനിടയ്ക്കു യൗവനസ്വപ്നങ്ങൾ കൊഴിഞ്ഞുപോകുന്ന ആ അന്തിമനിമിഷം മറക്കരുതു്." എന്നു വേദനയോടെ അനുസ്മരിപ്പിക്കുന്ന കവി, ജീവിതത്തിൻെറ അസ്ഥിരത യെ, ജീവിതാനന്തരമുള്ള ഭയങ്കരാന്ധകാരത്തെ, ക്ഷണിക ജീവിതത്തിനുള്ള പരതന്ത്രതയെ, എല്ലാം അറിയുന്നുണ്ടു്. ഈ തത്ത്വജ്ഞാനം കമ്മശ്രദ്ധയെ ഉദ്ദീപിപ്പിക്കുവാനാ ണെന്നുമാത്രം.

നല്ലപോലെ ജീവിക്കുക, നന്നായിട്ടു ജീവിക്കുക—ഇ താണു് ആദ്യത്തെ ആലയുടെ ലക്ഷ്യം. ചില ചിന്തക

ന്മാർ ധമ്മത്തിന്റേയും നന്മയുടേയും പേരിൽ വലിയ ചുമട്ട ലോലമായ ആത്മാവിൽ കേററിവെയ്ക്കാറുള്ളതിനെ അദ്ദേഹം എട്ടത്തെറിയാൻ വെമ്പൽകൊള്ളുന്നു. ധമ്മം വേണ്ടതല്ലെന്നല്ല, ഗുണം അഗണ്യമാണെന്നല്ല, ജീവിതത്തിനാണവ, അവയ്ക്കു ജീവിതമല്ല. വാളിനാണു് മൂച്ച വേണ്ടതു്, മൂച്ചയ്ക്കു വാളല്ല. "വാൾ മിനുക്കുവാൻ വേണ്ടതിലധികം ചാണയ്ക്കുവെച്ചാൽ രാവി രാവി വാൾതന്നെയില്ലാതാവുമല്ലോ" എന്നു് അദ്ദേഹം കമ്മങ്ങളെപ്പേടിച്ചു വ്രതങ്ങളിലും ഉപാസനകളിലും ആത്മാവിനെയിട്ടു തപിപ്പിച്ചു നന്മയ്ക്കുവേണ്ടി ജീവിതം നശിപ്പിക്കുന്ന വിരക്തന്മാരേയും മതഭ്രാന്തന്മാരേയും അല്പഹാസത്തോടുകൂടി ചിലപ്പോൾ ഓമ്മിപ്പിക്കുന്നു.

ആത്മമഹത്വവും ദുഃഖലഘുത്വവും കത്തവ്യത്തിന്റെ പ്രകാശത്തിൽ നേരിട്ടുകാണുന്ന ആബ്വൾ ആല, മനുഷ്യർ സുഖേച്ഛയുടേയും ഭയത്തിന്റേയും കൃത്രിമവെളിച്ചങ്ങളിൽ നിസ്സാരങ്ങളായ ക്ലേശങ്ങളുടെ ഇരട്ടിച്ചു, ക്രമത്തിലധികം വലുതായിപ്പോകുന്ന, നിഴലുകൾ കണ്ടു വ്യാകുലരാകുന്നതിൽ അനുകമ്പകൊള്ളുന്നു. "മാനവഹൃദയം അത്യുജ്ജ്വലമായ ഒരു തേജോനാളം വളത്താനാണു് ദൈവം ഒരുക്കുന്നതു്. അത്ര മഹത്വമുള്ള പാത്രം വേറെയില്ലതാനും. എന്നാലും ക്ഷുദ്രക്ലേശങ്ങളെ, ആ ഈയാൻപാററച്ചിറകുകളെ, കരിച്ചുകളയാനുള്ള കരുത്തില്ല അതിനു്!"

ആത്മനിലീനമായ ശക്തി എവിടെ? ശോകദീനമായ ഹൃദയചാപല്യമെവിടെ? കവി വിസ്മയിക്കുന്നു, ലജ്ജിക്കുന്നു.

"നാം ദുഃഖിക്കുന്നു—അതു നമുക്കറിയാം: അതു മാത്രമാണുതാനും നമ്മുടെ അറിവു്.

ദുഃഖത്തിൻെറ കട്ടം കരിമ്പാറയെ സാഹസപ്രയത്നംകൊണ്ടു പുഴക്കി നീക്കിയാൽ,

അതിൻെറ മീതെയാണു് പ്രേമത്തിൻേറയും ധീരതയുടേയും ഉയൻ രത്നഹമ്മ്യങ്ങൾ. ഓമ്മയിരിക്കട്ടെ, അവ തകൻ വീഴും"

"വിശ്രമിക്കാൻ ആഗ്രഹിക്കുന്നവർ ഈ ലോകത്തിൽ വരരുതു്, ജനിക്കരുതു്. മരണമാണവക്കുള്ള രാജ്യം. നമ്മുടെ ലോകം ഒരു സ്വൈരവിശ്രമാഗാരമല്ല; ഇത്തിരിനേരം ഇരിക്കാം, അത്രമാത്രം. ഉടമക്കാരൻ നേരിട്ടു വരികക്കൂടിയില്ല; നിൻെറ മുറി അന്യനു താമസിക്കാൻ കൊടുക്കും."

"പറയു: 'ഒരു സത്രത്തിലെന്നപോലെയാണു് ഞാൻ ജീവിതത്തിലേയ്ക്കു വന്നതു്.' ബില്ലു് എന്തെങ്കിലുമാവട്ടെ, ഞാൻ കൊടുക്കാനൊരുക്കമാകുന്നു. മരണമാവട്ടെ, കണ്ണുനീരാവട്ടെ, മററു വല്ലതുമാവട്ടെ.

ചങ്ങാതി, മരണത്തിൻെറ മുൻപിൽ ചൂളിപ്പോകരുതു്, തീച്ച. ഇവയിൽ ഏതാണു് കുറഞ്ഞതു്? മരണത്തേയും ദുഃഖത്തേയും മറന്നു ജീവിക്കു, പ്രവത്തിക്കു; മുറിയുടൻ ഒഴിഞ്ഞുകൊടുക്കേണ്ടിവരും" എന്ന ഉദ്ബോധനത്തിനു് 'മദ്യപാത്രം നിറയ്ക്കു' എന്ന ക്ഷണനത്തേക്കാൾ ചൂടും സ്വാദും കൂടും.

"എഴുന്നേല്ക്കു! ക്ലേശങ്ങളുടെ അണിയെ എതിത്തു തകക്കു!

മത്ത്യനു താങ്ങാൻ വയ്യാത്തതിനെ വലിച്ചെറിയു! പക്ഷേ, അനുകമ്പ്യനായ മനുഷ്യ, അടച്ചതീക്കേണ്ടതു നിഷേധിക്കാൻ മൂഢമായ കയ്യുയർത്തരുതു്." എന്ന നിർദ്ദേശം ജീവിതഭീരുക്കളുടെ കണ്ണുപുടങ്ങളിൽ എന്നും മുഴങ്ങിക്കൊണ്ടിരുന്നെങ്കിൽ!

ആബ്ബുൾ ആല മതങ്ങളെ നിന്ദിക്കുന്നതു്, നാസ്തികനായതുകൊണ്ടല്ല, ആസ്തികനായതുകൊണ്ടാണു്. മനുഷ്യനും മനുഷ്യനും ഇണങ്ങി മനുഷ്യത്വത്തിൽ ജീവിക്കുകയാണു് വേണ്ടതു്. ഭേദബുദ്ധിയും രക്തദാഹവും വളർത്തി, ഈ ലോകം മിത്ഥ്യയാണെന്നു തർക്കംകൊണ്ടു സമർത്ഥിച്ചു്, മനുഷ്യൻെറ അന്ധവിശ്വാസക്കരിമ്പാറയുടെ മുകളിൽ സ്വർഗ്ഗത്തേയും അടിയിൽ നരകത്തേയും നിർമ്മിച്ചു ലോകം വഞ്ചിക്കുന്ന പുരോഹിതൻെറ ജല്പിതങ്ങളെ ലോകസ്നേഹിയും ആദർശവാദിയും ആയ കവി എങ്ങിനെ എതിർക്കാതിരിക്കും?

"ആ മതം വരുന്നതുവരെ ഈ മതം പ്രബലം;

മനുഷ്യരോടു മാത്രം കൂടി ജീവിക്കാൻ മനുഷ്യനു ധൈര്യമില്ല, മറെറാരു യക്ഷിക്കഥകൂടി അവനെപ്പോഴും വേണം."

"മതം സുന്ദരിതന്നെ. പക്ഷേ, എൻെറ ഈ ദരിദ്രമായ ഉമ്മറത്തുകൂടി അവൾ നടക്കുന്നതെന്തിനു്? എനിക്കു് അവളുടെ മൂടുപടം പൊക്കി നോക്കേണ്ട. സ്ത്രീധനം കൊടുക്കാനെനിക്കൊട്ടു ശക്തിയുമില്ല."

പലരുടേയും ആത്മാവിനെ മോഹിപ്പിച്ചു ദുഷിപ്പിക്കുന്ന സ്വൈരിണികളായിട്ടേ മതങ്ങളെ ആ ചിന്തകൻ

ഗണിച്ചിരുന്നുള്ളൂ. സ്വൎഗ്ഗനരകാദികൾ അദ്ദേഹത്തിനു യക്ഷിക്കഥകളാണു്. ജീവിതസത്യവും ആത്മാവും തമ്മിലുള്ള പ്രണയചരിതങ്ങളും പരസ്പരാലിംഗനങ്ങളുമാണു് മതത്തിൻെറ അന്തസ്സാരമെങ്കിൽ, ഓരോ വ്യക്തിക്കും പ്രത്യേകിച്ചു് അനുഭവപ്പെടേണ്ടതാണതു്.

"അല്ലാഹ്—അല്ലാഹ് അല്ലാതെ ദൈവമില്ല; സത്യംതന്നെ. എന്നാൽ നിന്നിലുള്ള സ്വൎഗ്ഗത്തെ നിരീക്ഷിക്കുന്നതിനു കൂരിരുട്ടിലൂടെ അലഞ്ഞുചെല്ലുന്ന മാനവഹൃദയമല്ലാതെ ഒരു പ്രവാചകനുമില്ല." എന്നു് ആ ബുൾ ആല ധീരമായ ഭാഷയിൽ, താരമായ സ്വരത്തിൽ, വിളിച്ചുപറഞ്ഞിട്ടുണ്ടു്.

അൎത്ഥഹീനങ്ങളായ ക്ലേശങ്ങളെ ലാളിച്ചു വലുതാക്കിയും, പൗരുഷത്തെ മതത്തിനും ലോകജീവിതത്തെ നാകത്തിനും പണയപ്പെടുത്തിയും കടന്നുപോയ കാലത്തിൻെറ നിമിഷങ്ങൾ തിരിച്ചു വരില്ലെന്നോൎത്തിരുന്നെങ്കിൽ!

"കാലം ഗാനങ്ങളുടെ ഒരു സങ്കലനഗ്രന്ഥമാണു്; കാലകൾ അദൃശ്യമായ ഒരു കൈയ്, നിവൎത്തി മറിച്ചുകൊണ്ടിരിക്കുന്നു; ആ കവി താന്തോന്നിയാണു്; കരുത്തനാണു്; പാടിയ പാട്ടു് ഒന്നും വീണ്ടും പാടുകയില്ല."

ജീവിതം, കാലത്തിൻെറ ഏടുകൾ മറിയുന്നതോടുകൂടി, നൂതനാനുഭൂതികളിലൂടെ ആവുന്നത്ര മുൻപോട്ടു പോകണം.

ശോകങ്ങൾ ക്ഷുദ്രങ്ങളാണെങ്കിൽ, സുഖങ്ങൾ വഞ്ചകങ്ങൾകൂടിയാണു്.

പ്രവത്തിക്കുന്നതിനു ദുഃഖം ബാധകമാകരുതെങ്കിൽ, സുഖം അതിനു നിയാമകവുമാകേണ്ട — ഇന്ദ്രിയപരങ്ങളായ ആഗ്രഹങ്ങളുടെ ഗതിക്കനുകൂലമായ ക്ഷണികാനുഭവമാണു് അതിനവലംബമെങ്കിൽ കവി മായികമായ ഐന്ദ്രിയസുഖത്തെ അനുനയിപ്പിക്കാനൊരുങ്ങുന്ന ആ ജീവിതബാലപാഠക്കാരനെ നോക്കിച്ചിരിച്ചുകൊണ്ടു പറയുകയാണു്:—

"വേഗമാവട്ടെ ചെല്ലു!

സ്വൈരിണിയായ സുഖാനുഭൂതിയുടെ പിന്നാലെ ചെല്ലു!

പൊട്ടിച്ചിരിക്കുന്ന അരുവിയെപ്പോലെയാണു് അവളുടെ ചിരി.

വേഗമാകട്ടെ അവളെ വിളിക്കു: പക്ഷേ, ഇതാദ്യത്തെ വിളിയല്ലെങ്കിൽ, പറന്നുപോകുന്ന നിഴലിനോടാണു്, ഈ അനുരാഗം."

ദീനന്മാരെ കനിവുകൊണ്ടു സഹായിക്കാതെ, ബന്ധുമിത്രാദികളുടെ കഷ്ടപ്പാടുകളെപ്പോലും തിരിഞ്ഞുനോക്കാതെ, മഹാദേവാലയങ്ങളും അന്യപുണ്യഭൂമികളും സന്ദശിക്കാൻ ഭക്തിയുടെ ആടോപത്തോടുകൂടി തീത്ഥയാത്ര ചെയ്യുന്നവനോടു് ആമ്പൽ ആല ദയാലുവല്ല. "ഓമ്മയിരിക്കട്ടെ, മൂഢന്മാരേ, ഓമ്മയിരിക്കട്ടെ! പട്ടിണി കിടക്കുന്ന ബന്ധുക്കൾ നിങ്ങൾ വിട്ടുപോകുന്ന ഉമ്മറത്തെ ശപിക്കുകയാണു്, അന്തരിക്ഷത്തെ മലിനമാക്കുകയാണു്."

എത്ര പഴക്കമുള്ളതാണു് ഈ എതിപ്പു്! നാസ്തികൻെറയല്ല, ആസ്തികൻെറ. ഇന്നും സമുദായം ഇതി

ന്റെ അത്ഥം ഗ്രഹിച്ചിട്ടുണ്ടോ? പുരോഹിതഭാഷിതത്തിന്റെ ശക്തി! അതു് ഇന്നും ജനങ്ങളുടെ അന്ധവിശ്വാസപ്പാറയിന്മേൽ കെട്ടിയുറപ്പിച്ച കൊടിമരംപോലെ ഉറച്ചു നില്ക്കുന്നു. ആശയങ്ങളുടെ തിരകൾ എത്ര കാലം ഇനിയും ആഞ്ഞാഞ്ഞടിക്കണം അതൊന്നിളക്കുവാൻ.

സ്വേച്ഛാചാരന്മാരും ഭോഗപരന്മാരുമായ ക്രൂരപ്രഭുക്കളുടെ ഭരണം ലോകസ്നേഹിയായ കവിയെ പീഡിപ്പിച്ചിരുന്നുവെന്നു വ്യക്തമാണു്. അല്ലെങ്കിൽ ഇത്ര തീക്ഷ്ണമായ പരിഹാസം ആ ചുണ്ടിൽ പതിയുകയില്ലായിരുന്നു.

"ഓരോ ദിവസവും ഇന്നു് എവിടെയാണു് തല സൂക്ഷിക്കേണ്ടതെന്നു് ഉറക്കം വരുമ്പോൾ ഭയം തുടങ്ങുന്ന രാജകീയശിരസ്സിൽ നഗ്നഖഡ്ഗത്തിന്റെ നാണമില്ലാത്ത ബലത്താൽമാത്രം കിരീടം ഇരുത്തിപ്പോരുന്ന പ്രഭുവാണു് എല്ലാവരിലും കൃപണൻ."

"രാജാവു് ആജ്ഞ നടത്തിയിരുന്ന ദിക്കിൽ, ആസ്ഥാനമണ്ഡപത്തിലൂടെ ഇന്നു വീശുന്ന കാററിന്റെ ഉഗ്രഗർജ്ജനം":—

"പാവങ്ങൾ വിങ്ങിവിങ്ങിക്കരയുന്നതു കേൾക്കാൻ ചെവിയില്ലാതിരുന്ന ഒരു ശക്തനായ രാജാവു വാണിരുന്നു ഇവിടെ."

ആരാണു് പ്രജാമർദ്ദകൻ? പറയൂ. തലയിൽ മുന്തിരിയിലകൾ തിരുകിയും നാട്ടു കലടകളുടെ വരുതിക്കു വിട്ടുകൊടുത്തും കഴിയുന്നവൻതന്നെ—വ്യക്തമായില്ല, അല്ലേ?

കണ്ണുനീർ കുടിക്കുന്ന ജനങ്ങളുടെ ഭാഗത്തായിരുന്നു കവി; മുന്തിരിച്ചാർ നുകരുന്ന മദ്യസുരഭിലമായ മുഖം മുകരുന്ന, സ്വേച്ഛാമത്തന്മാരുടെ ഔദാര്യമുയർത്തുന്ന കാൽച്ചുവട്ടിലായിരുന്നില്ല. ദുർഭരണവും അക്രമവും കണ്ടിട്ട് അക്ഷമനായ ആബൂൽ ആല വിളിച്ചുപറകയാണ്:

"നഗരവാസികളേ! നിങ്ങളുടെ ദിവസം ദുഃഖമലീമസം. കലഹദാഹം കലർന്ന മൂഢൻ സിംഹം;

ഭരണകർത്താവിൻെറ കഞ്ചുകം അണിഞ്ഞ ജംബൂകം. പോരുവിൻ, ഓടിപ്പോരുവിൻ, എൻെറ കൂടെ കാട്ടിലേയ്ക്കു് ഓടിപ്പോരുവിൻ!" കാട്ടിൽ കുറുക്കൻെറ വേഷം കെട്ടിയ സിംഹവും സിംഹത്തിൻെറ കേസരം കവർന്ന കുറുക്കനുമില്ലല്ലോ. നല്ലതു്, ആബൂൽ ആല നല്ലതു്! അങ്ങയുടെ ആ ക്ഷണനം നഗരങ്ങളെ വിജനമാക്കാതിരുന്നതുകൊണ്ടു് ഇന്നും അതിൻെറ ആവർത്തനം അസംഗതമാവില്ല.

സത്യത്തിൻെറ കാലു കുത്താത്ത ആദർശം എത്ര ഉന്നതമായാലും ആ കവിവരേണ്യനു് ആദരണീയമല്ല. എത്ര പ്രവാചകന്മാർ, എത്ര രാജ്യതന്ത്രജ്ഞന്മാർ, എത്ര കലാകാരന്മാർ, വരാൻ പോകുന്ന ധീരലോകത്തെക്കുറിച്ചു പാടി? അവരുടെ ആ ധീരതയെവിടെ?

"ഒരു കമ്പിത്തുമ്പിൽ ശൂന്യാകാശത്തിൽ പാറിക്കിടക്കത്തക്കവണ്ണം തൂക്കിയിട്ടിരിക്കുകയാണു് അവരുടെ വിവരണത്തിലുള്ള ആ ലോകം" എന്നു് അദ്ദേഹം ഉപഹസിക്കുന്നു. ഈ ലോകം മിത്ഥ്യയായിരിക്കാം. ഈ സ്വപ്നരാജ്യക്കാർ പറയുന്നതു നാം മനസ്സിരുത്തി കേൾക്കുന്നു.

അവരും നമ്മളും തേജോമയമായ ഒരു വസ്ത്തിൻെറ നിഴലുകളായിരിക്കും. ഏതായാലും 'സോഫിർ' ആ കവി, ജീവികളുടെ പ്രാപ്യസ്ഥാനമായി സൗന്ദയ്യത്തെക്കുറിച്ചു വണ്ണിച്ചു പാടിയിട്ടുണ്ടു്. ഈ ഭൂമിയിലെ സ്ഥിതിയോ? അയ്യോ! ഒന്നു ചിന്തിച്ചുനോക്കു! സുന്ദരമായതു നമുക്കു് ഒരിക്കലും അധീനമാവാത്തതായിരിക്കാം.

ഈ ആകാശരാജ്യങ്ങളും സൗന്ദയ്യമണ്ഡലങ്ങളും ഒന്നും യാഥാത്ഥ്യത്തിനോടു് അകന്ന രക്തബന്ധംപോലുമുള്ളവയല്ല.

"മനോഹരമായ അന്തരിക്ഷം! ചിറകടികളാൽ മധുരമുഖരം!"

"അവർ നമ്മെക്കൊണ്ടുപോവും, എങ്ങോട്ടു് ചങ്ങാതി, എങ്ങോട്ടു്? കുറച്ചു ബുദ്ധി വേണ്ടേ?

ആകാശത്തിൽക്കൂടി കപ്പലോടിച്ചാൽ മണ്ണിന്നടിയിൽപ്പെട്ടു ചീഞ്ഞളിഞ്ഞു രാജാക്കന്മാരുടെ അടുത്താണെത്തുക." മനുഷ്യൻെറ ആശ! ആമ്പൽ ആലയെ സ്വപ്നം കാണുന്നു.

"ഇതെന്തൊരത്ഭുതമാണു്! നാം അങ്ങുമിങ്ങും പുറവന്ന പുഴിത്തരി; എന്നിട്ടും എന്നും കെടാത്ത അഗ്നിയുടെ, നെരിപ്പോടും. അക്ഷയങ്ങളായ ആഗ്രഹാവേശങ്ങൾ ക്ഷയങ്ങളായ ഈ ശരീരങ്ങളിൽ കുത്തിനിറച്ചിരിക്കുന്നു." അതെ, ആഗ്രഹമാണു് ജീവിതം. ആഗ്രഹത്തിൻെറ നാളത്തിനു നക്കാൻ കഴിയാത്തതെന്തോ അതാണു് ആദശം. ഉയന്നുയന്നു് ആളിയാളി ജീവിതനെരുപ്പോടിൽ അതു കത്തിക്കൊണ്ടിരിക്കട്ടെ! പ്രതീക്ഷയുടേയും ധീരകമ്മത്തിൻെറയും സന്ദേശമാണു് ആമ്പൽ ആല നല്കുന്നതു്.

# ഫിർദൂസി

"സകലം കവരുന്നു കാല;—മെന്നാൽ
സുകവിഖ്യാതി ജയിക്കുമെന്നുമെന്നും."

രക്തവഷത്തിൽ പ്രഹഷം പൂണ്ടിരുന്നെങ്കിലും, സൗന്ദയ്യജീവിതങ്ങളായ കലകളിൽ അഭിരുചി പ്രദശിപ്പിച്ചിരുന്ന ചില ഉദ്ധതരാജാക്കന്മാരുടെ കഥ കേൾക്കുമ്പോൾ, ഹിംസയിൽ കൗതുകവിശേഷം സഹജമായാലും വനചന്ദ്രികയിൽ വിഹരിക്കാറുള്ള ചില കൊട്ടംകടുവകളെയാണു് എനിക്കു് ഓമ്മവരുന്നതു്. വിഗ്രഹധ്വംസകനെന്നു വിഖ്യാതനായ 'ഗസ്നി'യിലെ മഹമ്മദിൻെറ പൈശാചികഖഡ്ഗം, ഭാരതത്തിൻെറ പൂവ്വകാലചരിത്രത്തിൽക്കൂടി കടന്നുപോകുന്ന ഏതു ധീരഹൃദയത്തെയാണു് ഉദ്വിഗ്നമാക്കാതിരിക്കുക? എങ്കിലും ഒന്നു വിസ്മരി

ക്കാവുന്നതല്ല: കലകളെ പോഷിപ്പിക്കുന്നതിലും കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിലും ജാഗരൂകനായിരുന്നു ആ ഭയങ്കരമനുഷ്യൻ. സുൽത്താന്റെ സദസ്സിൽ നാനൂറിൽപരം കവിരത്നങ്ങളുണ്ടായിരുന്നുവത്രെ. അവരുടെ നട്ടനായകമായിരുന്ന 'ഫിർദൂസി' ഒരു കാലത്തിന്റെയോ ദേശത്തിന്റെയോ കവിയല്ല; വിശ്വസാഹിത്യകാരന്മാരിൽ വിശിഷ്ടനായ ഒരു വ്യക്തിയാണു്.

വിനീതമാണെങ്കിലും നിസർഗ്ഗമോഹനമായ 'ഷാദബ്' (Shadab)എന്ന ഗ്രാമത്തിലാണു് 'ആബുൽ കാസിം മാൻസൂർ' (Abul Kasim Mansur) ജനിച്ചതു്. ദരിദ്രമായിരുന്ന സ്വഗൃഹത്തിൽ ഇരുന്നുകൊണ്ടു്, പരിപൂർണ്ണമായ ആശയസൗന്ദര്യം പരിസ്ഫുരിക്കുന്ന കാവ്യങ്ങൾ രചിച്ചു് അലൗകികമായ ആനന്ദം രാജ്യത്തു പ്രസരിപ്പിച്ചിരുന്നതിനാൽ 'സ്വർഗ്ഗപുരുഷൻ' എന്നർത്ഥമായ 'ഫിർദൂസി' എന്ന ബിരുദം അദ്ദേഹത്തിനു സഹൃദയന്മാർ സമ്മാനിച്ചതാകുന്നു. ആ സ്വർഗ്ഗീയ ഗായകനെക്കുറിച്ചു് ഒരു കാലത്തു മഹമ്മദ്ഷാ തന്റെ രാജകീയചിഹ്നങ്ങളെപ്പററിയുള്ളതിനേക്കാൾ അഭിമാനം പൂണ്ടിരുന്നതിൽ എന്താണു് അത്ഭുതം. പത്താംനൂററാണ്ടിന്റെ അടയുന്ന കണ്ണുകളും പതിനൊന്നാം നൂററാണ്ടിന്റെ വിടരുന്ന കണ്ണുകളും അത്രമാത്രം മഹത്വമുള്ള ഒരു കലാകാരനെ കണ്ടിട്ടില്ല.

ജീവിതമദ്ധ്യാഹ്നം അതിക്രമിച്ചതിനുശേഷമാണു് ഫിർദൂസി തനിക്കു പ്രിയതമമായ സ്വദേശം വിട്ടു ഗസ്നിയിലെ രാജധാനിയിലേക്കു പോയതു്. അതിനുമുമ്പുതന്നെ ആ വശ്യവചസ്സിന്റെ പ്രൗഢിയും സമ്പന്നതയും ആ

യ യശോലക്ഷ്മി അവിടെ എത്തിക്കഴിഞ്ഞിരുന്നു. പ്രതാപശാലിനിയായ രാജലക്ഷ്മി ദരിദ്രനായ 'ഫിർദൗസി'യെ ആദരപൂർവ്വമാണു് അരമനയിൽ സ്വീകരിച്ചതു്. സുപ്രസിദ്ധമായ 'സോമനാഥ'ക്ഷേത്രത്തിൽനിന്നു വിജയസൂചകമായി ഇളക്കിക്കൊണ്ടുപോയി രാജധാനിയിൽ സ്ഥാപിച്ചിരുന്ന 'ചന്ദനഗോപുരം' തുറന്നു് ആ കവിസ്സുമാത്രമേ അത്രമാത്രം ആഹ്ളാദത്തോടുകൂടി സുൽത്താൻ സ്വാഗതമരുളുകയുണ്ടായിട്ടുള്ളു. ഭാവികാലത്തെ വെട്ടിപ്പിടിച്ച ശാശ്വതവും വിസ്തൃതവുമായ ഒരു യശസ്സാമ്രാജ്യം പ്രതിഷ്ഠാപിക്കുന്നതിനു ദൈവം പ്രദാനം ചെയ്ത ദിവ്യഖഡ്ഗമായിട്ടു മഹമ്മദ്ഷാ, ഫിർദൗസിയെ പരിഗണിച്ചുവന്നു.

ആനുകൂല്യത്തിന്റെ വേലിയേററം ആരംഭിച്ചിരുന്ന കാലത്തു് ഒരു ദിവസം മഹമ്മദു് ആ മഹാകവിയോടു പാരസികരാജവംശത്തെ അധികരിച്ചു് ഒരു കാവ്യം രചിച്ചാൽ കൊള്ളാമെന്നു് ആഗ്രഹം പ്രദശിപ്പിച്ചു. ഓരോ ഈരടിക്കും ഓരോ സ്വർണ്ണനാണ്യമാണു് ആ ഉത്സാഹത്തിൽ അദ്ദേഹം വാഗ്ദാനം ചെയ്തതു്. ധനത്തിനുവേണ്ടി കവിതയെ വ്യഭിചരിപ്പിക്കുന്നതായിരുന്നില്ല ഫിർദൗസിയുടെ ധാർമ്മികസൗന്ദര്യം നിറഞ്ഞ തൂലിക. എങ്കിലും ഐതിഹാസികകാലത്തിലേയ്ക്കു നോക്കിയപ്പോൾ ശാശ്വതത്വം സമഹിക്കുന്ന ജീവിതസ്പന്ദങ്ങൾ അദ്ദേഹത്തിന്റെ ഭാവനാശ്രവണത്തിനു ഗോചരമായി. അമൂല്യങ്ങളായ കണ്ണുനീർമുത്തുകൾ അവിടെ ചിന്നിക്കിടക്കുന്നതു പെറുക്കിയെടുത്താൽ, ശാശ്വതികതയ്ക്കു് ഒരു സുന്ദരഹാരം

നിർമ്മിക്കാമെന്നു് ആ കലാകാരനു തോന്നി. വളരെക്കാലം കൊണ്ടു പാരസികചരിത്രത്തിൻെറ ജീവൻ അദ്ദേഹം ഗ്രഹിച്ചു. അതിനുശേഷമാണു് വിശ്വമഹാകാവ്യങ്ങളിൽ അദ്വിതീയസ്ഥാനമർഹിക്കുന്ന 'ഷാനാമ' ആ അനുഗൃഹീതൻെറ തൂലികയിൽനിന്നു പുറപ്പെട്ടതു്. ആശയവൈശിഷ്ട്യത്തിലും രൂപസൗന്ദര്യത്തിലും തുല്യമായ ശ്രദ്ധ പതിപ്പിച്ചിട്ടുള്ള 'രഘുവംശ'ത്തിനു സംസ്കൃതത്തിലുള്ള സ്ഥാനമാണു് 'സാങ്കേതികപ്രസ്ഥാന'ത്തിൻെറ ഉത്തമമാതൃകയായ പ്രസ്തുതകൃതിക്കു പാരസികസാഹിത്യത്തിലുള്ളതു്.

മുപ്പതു സംവത്സരത്തെ നിരന്തരപരിശ്രമംകൊണ്ടു മുഴുവനാക്കിയ ആ 'ഐതിഹാസികകാവ്യം' ഷായുടെ മുൻപിൽ അഭിമാനത്തോടുകൂടി എത്തി; പക്ഷേ അദ്ദേഹത്തിൻെറ ഉത്സാഹം ഉദാസീനതയും, ഉദാസീനത അവജ്ഞയുമായി പരിണമിച്ചുകഴിഞ്ഞിരുന്നതിനാൽ അപമാനമാണു് ഫിർദൂസിയുടെ വന്ദ്യയായ തൂലികയുടെ വരേണ്യസന്താനത്തെ കാത്തുനിന്നിരുന്നതു്. അസൂയാലുക്കളായ അന്യകവികൾ കുററവും കുറവും പറയുവാൻ ഭാവനാശക്തിയും പദസമ്പത്തും മുഴുവൻ വിനിയോഗിച്ചു; രാജ്യതന്ത്രമല്ലാതെ, കാവ്യതന്ത്രം തിരിഞ്ഞുനോക്കുകകൂടി ചെയ്തിട്ടില്ലാതിരുന്ന അമാത്യപുംഗവൻ പെട്ടെന്നു പൗരോഭാഗ്യം കലർന്ന ഒരു സാഹിത്യവിമർശകനായി. വെറും ശിലാഖണ്ഡമായി മനോഹരവും അന്യാദൃശവും ആയ 'ഷാനാമ' എന്ന കാവ്യരത്നം.

കവിക്കു സഹിക്കാവുന്നതായിരുന്നില്ല ആ അപ്രതീക്ഷിതസംഭവം. മൂന്നു വർഷദശകങ്ങളിലെ മുഖ്യപ്രയത്ന

ഫലമാണ് സുൽത്താന്റെ ഔദാസീന്യത്താൽ അവഹേളിക്കപ്പെട്ടതു്. അദ്ദേഹം വാഗ്ദാനം ചെയ്തിരുന്ന ധനം കൊണ്ടു താൻ പിറന്ന ഗ്രാമത്തെ ഏതെല്ലാം വിധത്തിൽ പരിഷ്കരിക്കണമെന്നു് ഫിർദൗസി സങ്കല്പിച്ചിരുന്നു! എല്ലാം സ്വപ്നമായിരുന്നുവോ എന്നു് ആ ഭഗ്നാശയൻ വിസ്മയിച്ചു; വിഷാദിച്ചു.

ഗസ്നിയിലെ രാജധാനിയിൽ പിന്നെ 'ഫിർദൗസി' താമസിച്ചില്ല. കൃതഘ്നനും അസത്യസന്ധനും ആയ രാജാവിന്റെ ഔദ്ധത്യത്തെ മുഖസ്തുതികൊണ്ടു പൂജിച്ചു് അരമനയിൽ കഴിഞ്ഞുകൂടുന്നതിനേക്കാൾ, നിരാഡംബരമാണെങ്കിലും ശാന്തമനോഹരമായ സ്വഗ്രാമത്തിൽ സ്വതന്ത്രനായി സത്യസൗന്ദര്യങ്ങളെ വാഴ്ത്തിക്കൊണ്ടു കഴിഞ്ഞുകൂടുന്നതാണു് അദ്ദേഹത്തിനു് അഭിലഷണീയമായിത്തോന്നിയതു്. വ്രണിതമായ ആത്മാഭിമാനത്താൽ പ്രേരിതനായ കവി കൊട്ടാരത്തിൽനിന്നു പോയെന്നറിഞ്ഞിട്ടു സുൽത്താനു് ഒരു ഭാവഭേദവും ഉണ്ടായില്ല.

ഒരു ദിവസം മഹമ്മദിന്റെ ചെവിയിൽ താഴെ പറയുന്ന ആശയം അടങ്ങിയ ഒരു പദ്യം എത്തി.

"പുരിയിൽപ്പറയുന്നു: ഭൂപചിത്തം
സ്ഫുരിതൗദാര്യസമുദ്രമാണുപോലും;
ശരി, ഞാനതിൽ മുങ്ങി,യൊററമുത്തിൻ-
തരിയും കണ്ടിടുവാൻ കഴിഞ്ഞതില്ല."

മഹമ്മദിന്റെ മുഖം വിളറി. തന്റെ കീർത്തിലതകവിയുടെ കോപജ്വാലയാൽ കരിയുന്നതു് അദ്ദേഹം കണ്ടു. അറുപതിനായിരം ഈരടികളാണു് 'ഫിർദൗസി'യു

ടെ കാവ്യത്തിലുണ്ടായിരുന്നതു്. അറുപതിനായിരം വെള്ളിനാണയം കൊടുത്തു സുൽത്താൻ ഒരു ഭൃത്യനെ കവിയുടെ ഗ്രാമത്തിലേയ്ക്കയച്ചു. ആ വെള്ളിയുടെ വെളിച്ചത്തിൽ കവിയുടെ ഹൃദയം തെളിയുമെന്നാണു് സുൽത്താൻ ഭ്രമിച്ചതു്. 'മുപ്പതുകൊല്ലത്തെ നിരന്തരമായ മാനസികവ്യാപാരത്തിനു് ഈ വെള്ളിനാണ്യം കൊടുത്തയയ്ക്കുവാൻ ഷായ്ക്കു നാണമായില്ലല്ലോ' എന്നു കവി ശുണ്ഠിയെടുത്തു; ആ സംഭാവന പരിചാരകന്മാക്കും രാജഭൃത്യനും പങ്കിട്ടു കൊടുക്കുകയും ചെയ്തു.

പാരസികസാഹിത്യത്തിലെ നിശിതമായ പരിഹാസകാവ്യം മുഹമ്മദ്ഷായെ അധിക്ഷേപിച്ചുകൊണ്ടു നമ്മുടെ വൃദ്ധകവി രചിച്ചിട്ടുള്ളതാണു്. സുൽത്താൻെറ പിതാവു പ്രതാപവാനും സൽഗുണസമ്പന്നനും ആയിരുന്നെങ്കിലും അടിമവംശത്തിലായിരുന്നു അദ്ദേഹത്തിൻെറ ജനനം. 'ഫിർദൗസി'ക്കു ഷായെ അവഹേളിക്കുവാൻ മറെറാന്നും ആവശ്യമുണ്ടായിരുന്നില്ല.

"അടിമതന്മകനവൻ ചൂടും രത്ന-
മുടിയുടെ ദീപ്തി വെറുതെയല്ലയോ
നിലയുയൎന്നാലും, ബലം വളൎന്നാലും,
കുലത്തിൻ നീചത്വം കുറഞ്ഞുപോകുമോ?
നട്ടുക, കാഞ്ഞിരക്കുരുന്നുതൈ വിണ്ണിൻ-
മട്ടമലർത്തോപ്പിൻ നടുവിൽ ഭദ്രമായ്;
നനയ്ക്കുക നിത്യമമൃതപൂരത്താൽ,
കനക്കെദ്ദിവ്യമാം സുഗന്ധം പൂശുക,

ചൊരിഞ്ഞിടാം മധു; മുഴുകിടാമതിൽ;
പിരിയില്ലെന്നാലും പിറപ്പിലെദ്ദോഷം
അഴകിലേറെനാൾ വളർത്താം സോല്ക്കണ്ഠം:
പഴയ കയ്പുണ്ടാം പഴത്തിനെന്നാലും."

ദീർഘവും അററംവരെ തീവ്രവുമായ ആ പരിഹാസ ഖഡ്ഗത്തിൻെറ മൂർച്ച പരിശോധിക്കുവാൻ ഇതിലധികം ഭാഗം സ്പർശിക്കേണ്ടതില്ലല്ലോ. സുൽത്താൻെറ പ്രശസ്തി അതിൻെറ നിശിതധാരയാൽ വ്രണിതമായി. കാലത്തിനും അചികിത്സ്യമാണ് ആ വ്രണമെന്നു തോന്നുന്നു. മഹമ്മദ് ഇദംപ്രഥമമായിട്ടു ഫിർദൗസിയുടെ പരിഹാസകാവ്യം കേട്ടിട്ടാണ് നടുങ്ങിയത്.

വാർദ്ധക്യത്തിലും അക്ഷീണമായിരുന്ന ഫിർദൗസിയുടെ പ്രതിഭ. 'യൂസഫ്' എന്ന നവീനകാവ്യം രചിച്ചതോടുകൂടി അദ്ദേഹത്തിൻെറ മങ്ങിയിരുന്ന പ്രശസ്തി വീണ്ടും പ്രകാശമാനമായി. കാലത്തേയും ലോകത്തേയും ഉദ്ഭാസിപ്പിക്കുവാൻ ശക്തിയുള്ള ഒരു ദീപത്തെയാണ് താൻ വലിച്ചെറിഞ്ഞത് എന്നു ബോധപ്പെട്ടപ്പോൾ, സുൽത്താൻ ക്ഷമാപണപൂർവ്വം വാഗ്ദാനം ചെയ്തിരുന്ന സ്വർണ്ണനാണ്യം മുഴുവൻ കൊടുത്തയച്ചു. പക്ഷേ, അതു കൊണ്ടു ചെല്ലുന്നതിനുമുമ്പുതന്നെ ഫിർദൗസി മരണത്തിൻെറ മൗനാജ്ഞയ്ക്കു വശംവദനായി പ്രപഞ്ചശാലയിൽനിന്നു് ഇറങ്ങിപ്പോയിക്കഴിഞ്ഞിരുന്നു.

"സ്ഥിരമോ ഗുണദോഷപാളി?–യന്തഃ–
കരണം കാക്കുക നിത്യശുദ്ധമായി;

മരണം വരവേ, ധനം, പ്രതാപം,
വരകമ്മം മുഴുവൻ കിനാവുമാത്രം.”

* * * * * * *

ഞാൻ എത്ര വളരെ പ്രയത്നിച്ചു!
പ്രസിദ്ധങ്ങളും അപ്രസിദ്ധങ്ങളും ആയ
കഥകൾ സഞ്ചയിച്ചു് അറബിക്,
പേഴ്സ്യൻ, ഇതിഹാസങ്ങൾ എത്ര
വളരെ വായിച്ചു.
അറുപത്തിരണ്ടു സംവത്സരം പറന്നുപോയി!

വിഷാദം, അഗാധതരമായ പാപത്തെക്കുറിച്ചുള്ള
മനോവേദന, ഇവയിലാണു്, ഇവയിൽമാത്രം
ആണു്, യൗവനം അവസാനിച്ചതു്.

ദുഃഖാകുലമായ മനോഭാവത്തോടുകൂടി
എനിക്കു മറെറാരു ഗായകൻെറ ഈ ഗാനം
ആവത്തിക്കുവാൻ തോന്നുന്നു:
“എൻെറ യൗവനത്തെ ഓത്തു ഞാൻ
നെടുവീപ്പിടുന്നു.
ഹാ, യൗവനം! കഴിഞ്ഞുപോയ യൗവനം!”

—ഫിർദുസി

# ജമി

"വന്ദനം ജഗത്തിൻെറ കന്ദമേ! മോഹിക്കുന്നേൻ
നന്ദനൻപോലേ ചേരാനമ്മയാം ഭ്രുവിൻ മാറിൽ.
പിന്നെ ഞാൻ ഖേദിക്കില്ല; പിന്നെ ഞാൻ കരയില്ല;
ധന്യമാതാവിൻ തിരുമേനിപൂണ്ടുറങ്ങും ഞാൻ."

1492_ലാണ്: മന്ദ്രമധുരമായ ഒരു ദിവ്യമണിനാദം പെട്ടെന്നു നിലച്ചതുപോലെ 'ഹെറാററ്' (Herat) നഗരം നിശ്ശബ്ദമായി; അന്യാദൃശമായി പ്രകാശിച്ചിരുന്ന ഒരത്ഭുതദീപം കെട്ടതുപോലെ പൗരമുഖമണ്ഡലം മ്ലാനമായി; കവികളുടെ കവിയായിരുന്ന ജമിയുടെ ചരമം ലോകത്തിനു നേരിട്ട അപരിഹരണീയമായ ഒരു ക്ഷതിയായിട്ടാണ് എല്ലാവരും വിചാരിച്ചതു്. കടന്നുപോയ കൊല്ലങ്ങ

ളൂടെ കണക്കു നോക്കുമ്പോൾ അദ്ദേഹം എണ്പതിൻെറ വ ക്കത്തെത്തിയിരുന്നു, പരമാത്ഥം തന്നെ. സൗന്ദര്യാമൃതം പാനംചെയ്യുന്ന കവിക്കുണ്ടോ വാദ്ധക്യം? ഒരു ശിശുവി ൻെറ നിഷ്കളങ്കതയും, യുവാവിൻെറ ചൈതന്യവും, വൃദ്ധ ൻെറ അനുഭവസമ്പത്തും അന്നു ജമിയിൽ സമ്മേളിച്ചിരു ന്നു. 'ദരിദ്രവ്രതിയായി ജീവിക്കുവാനും ദരിദ്രവ്രതിയായി മരിക്കുവാനും' മനസാ പ്രാത്ഥിച്ചിരുന്ന ആ ജ്ഞാനിയുടെ മൃതശരീരത്തെ ശവകുടീരത്തിലേയ്ക്കു കൊണ്ടുപോകുവാൻ അന്നത്തെ ഘോഷയാത്രയിൽ സുൽത്താനും സാമന്തന്മാ രും മഹാജനങ്ങളും ആദരപൂർവ്വം പങ്കുകൊണ്ടു. താദൃശമാ യ ഒരു ശ്മശാനയാത്ര പ്രതാപശാലിയും പ്രജാപ്രാണനുമാ യ ഒരു രാജാവിൻെറ മൃതദേഹത്തിനുകൂടി സാദ്ധ്യമാകു മോ എന്നു സംശയമാണു്; ആയാൽത്തന്നെ, അതൊരാ ഡംബരമായിട്ടോ അത്ഥമില്ലാത്ത ആചാരമായിട്ടോ മാ ത്രമേ എനിക്കു വ്യാഖ്യാനിക്കുവാൻ കഴിയൂ. എന്നാൽ അ ലൗകികമായ ആമോദവും അഭൗമമായ പ്രകാശവും നല്കി അനേകസഹസ്രം ഹൃദയങ്ങളെ വികസിപ്പിക്കയും സൗന്ദര്യോന്മുഖമാക്കി നിത്ത്രകയും ചെയ്ത ജമിയോടു പ്ര ദശിപ്പിക്കുന്ന ഏതു ബഹുമാനാദരങ്ങളും, അദ്ദേഹം അ ഹിക്കുന്ന കൃതജ്ഞതയുടെ നേരിയ ഒരു ഛായ മാത്രമേ ആയിരിക്കയുള്ളൂ. "ഒരു മുത്തുചിപ്പി അമൂല്യമായ മൗ ക്തികത്തെ എന്നപോലെ" നമ്മുടെ ഭൂമി ആ മഹാകവി യുടെ ജീവിതാവശിഷ്ടത്തെ സ്വീകരിച്ച ആ കാഴ്ച ബാ ഷ്പാർദ്രനേത്രരായി നിന്നിരുന്ന നഗരവാസികൾ നല്ലപോ ലെ കണ്ടിട്ടുണ്ടായിരിക്കയില്ല.

'ഫെറാററി'ലെ സുപ്രസിദ്ധമായ 'മാഹമ്മദദേവാലയ'ത്തിൽ ജമിയുടെ വിജ്ഞാനപ്രദമായ നിരൎഗ്ഗളഭാഷണം ശ്രവിക്കുവാൻ വിദൂരപ്രദേശങ്ങളിൽനിന്നുപോലും പൗരജാനപദന്മാർ ചെന്നുചേരുക പതിവായിരുന്നു. താത്വികനും ഗുണസമ്പൂൎണ്ണനുമായ ആ മഹാശയൻെറ വാക്പ്രവാഹം എത്ര ശ്രോതാക്കളെയാണു് വിശുദ്ധഹൃദയന്മാരും സുചരിതന്മാരുമാക്കിത്തീൎത്തിരുന്നതു്! സ്വേച്ഛാദാസന്മാരും അധികാരപ്രമത്തന്മാരുമായ രാജാക്കന്മാരുടെ സൗധങ്ങളെ അവജ്ഞയോടുകൂടിമാത്രമേ ജമിക്കു വിചാരിക്കുവാൻ കഴിഞ്ഞിരുന്നുള്ളു. ദരിദ്രവ്രതികളായ (സൂഫികൾ) ഇതരഭക്തകവികളെപ്പോലെ ദൈവികചൈതന്യത്തിൽ മതിമറന്നും, ആത്മജ്ഞാനം നുകൎന്നുനുകൎന്നും ഇരിക്കുവാനുള്ള ഒരു പാത്രം മാത്രമായിട്ടാണു് അദ്ദേഹം ജീവിതത്തെ ഗണിച്ചതു്. എങ്കിലും അന്ധമായ വിശ്വാസത്തെ നമ്മുടെ കവി ആരാധിച്ചിരുന്നില്ല; യുക്തിയെയാണു് അദ്ദേഹം ഭജിച്ചിരുന്നതു്. താഴെ ഉദ്ധരിക്കുന്ന ജമിയുടെ വാക്യം സമകാലികന്മാരായ മതാന്ധന്മാരെ ക്ഷോഭിപ്പിച്ചിരുന്നില്ലെങ്കിൽ അന്നത്തെ ലോകത്തിന്നു് ഇന്നത്തേതിനേക്കാൾ വെളിവും വെളിച്ചവും ഉണ്ടായിരുന്നു, നിശ്ചയം:

"ഒന്നാമതു യുക്തി. അതാണു് ഉത്തമവും.

വിപരീതഗാമികളെ യുക്തി നേർവഴിക്കു തിരിക്കുന്നു.

അപൂൎണ്ണതയെ യുക്തി പൂൎണ്ണതയാക്കുന്നു.

അഴിക്കുവാൻ പ്രയാസമായ കെട്ടുകളെ യുക്തിയുടെ കയ്യാണു് അഴിക്കുന്നതു്. പ്രവാചകന്മാരും ദീൎഘദൎശികളും യുക്തിയുടെ അരുവിയിൽനിന്നാണു് ദാഹം

ശമിപ്പിച്ചിട്ടുള്ളതു്, മറ്റൊന്നിൽനിന്നല്ല. ഇതര പ്രചോദനങ്ങളെപ്പററി സ്വയം ശ്ലാഘിക്കുന്നവർ അസത്യവാദികളാണു്.”

അപ്പോൾ ദൈവപുത്രന്മാരെക്കാളും, ദൈവപ്രതിപുരുഷന്മാരെക്കാളും, അവതാരപുരുഷന്മാരെക്കാളും മീതെയാണു് യുക്തി. ജ്ഞാനത്തിൻെറ പ്രഭവമായ യുക്തിയെ ജമിയുടെ പിറകിൽനിന്നു നമുക്കു നമസ്കരിക്കുക.

ആ ‘ഹെറാററിലെ പൗരാണിക’ൻെറ ഭവനം ഖോറസാൻനഗരത്തിൽനിന്നു് അല്പം അകലെയുള്ള ‘ജാം’ എന്ന ഗ്രാമത്തിലാണു്. നവുഡിൻ അബ്ദുർറഹ്മാൻ ജന്മദേശത്തോടുള്ള ബന്ധം സൂചിപ്പിച്ചുകൊണ്ടാണു് ‘ജമി’ എന്ന കൃത്രിമനാമം സ്വീകരിച്ചതു്. “ജാമിൽ ജനിച്ചു; ദിവ്യജ്ഞാനത്തിൽ മുങ്ങി; രണ്ടുവിധത്തിലും ഞാൻ കവിതയിൽ ജമിതന്നെ” എന്നു കവിതന്നെ പ്രസ്താവിച്ചിട്ടുണ്ടു്. ‘ജമി’ എന്ന ശബ്ദം ഒരു പാത്രത്തെക്കൂടി നിർദ്ദേശിക്കുന്ന പാരസികപദമാണെന്നു സ്മരിച്ചാൽമാത്രമേ ഈ കവിവാക്യത്തിൻെറ ശ്ലേഷജന്യമായ സ്വാരസ്യം സുഗ്രഹമാകയുള്ളു.

പ്രതാപവാനായ ടിമൂർ സാമക്ക്ണ്ഡിൽ സ്ഥാപിച്ച ഒരു വിദ്യാപീഠത്തിലാണു് ചരിത്രനായകൻ അദ്ധ്യയനം ചെയ്തതു്. തക്കം, ജ്യോതിശ്ശാസ്ത്രം, മതം ഈ വിഷയങ്ങളിൽ ജമിക്കുണ്ടായിരുന്ന അവഗാഹം അദ്ധ്യാപകന്മാരെത്തന്നെ അത്ഭുതവശഗരാക്കി. ഒരു പുതിയ തേജസ്സായിട്ടാണു് ആചാര്യന്മാർ ആ അസാമാന്യശിഷ്യനെ വാത്സല്യാദരങ്ങളോടുകൂടി ഗണിച്ചതു്. പ്രകൃതിമോഹ

നമായ സാമക്ണ്ഡിൽ പ്രശസ്തന്മാരായ പണ്ഡിതവരേണ്യന്മാരുടെ സൗഹാൎദ്ദം സമ്പാദിച്ച് ജീവിതം നയിക്കണമെന്നായിരുന്നു ജമിയുടെ ആഗ്രഹം: പക്ഷേ, ഒരു സ്വപ്നദൎശനംമൂലം അദ്ദേഹം 'ഹെറാററി'ലേയ്ക്കുതന്നെ പോവുകയും മഹാനായ ഒരു സൂഫിസന്ന്യാസിയുടെ ശിഷ്യനായി താമസിക്കുകയുമാണുണ്ടായതു്.

ദയാലുക്കളും ഹൃദയാലുക്കളുമായ ചില രാജാക്കന്മാർ പ്രോത്സാഹിപ്പിച്ചിരുന്നെങ്കിലും, പ്രജകളെ പീഡിപ്പിച്ചു പ്രതാപം പ്രദൎശിപ്പിച്ചിരുന്ന പല സ്വേച്ഛാപ്രഭുക്കൾക്കും ധാൎമ്മികനായ കവിയുടെ നയനങ്ങളെ വഞ്ചിക്കുവാൻ കഴിഞ്ഞില്ല. 'Salaman and absal' എന്ന അൎത്ഥവാദകഥയിൽ രാജകൃത്യത്തെക്കുറിച്ചു് അദ്ദേഹത്തിൻെറ ഒരു പാത്രം പ്രാസംഗികമായി പ്രസ്താവിക്കുന്നതു് ആശയഗൗരവംകൊണ്ടു ഭാരതത്തിലെ വിദുരവാക്യത്തെ അനുസ്മരിപ്പിക്കുന്നതാകുന്നു.

"അല്ല, ശാശ്വതമല്ല, ഭൗതികം രാജ്യം; നിത്യ-
മല്ല.നീയാരാധിയ്ക്കുമാഗ്രഹസൎവ്വസ്വവും.
നിജമന്ത്രിയായിട്ടു നീ നിയോഗിച്ചീടാവൂ
നിരഘം വിശ്വാസത്തെപ്പാലിയ്ക്കും സുപ്രജ്ഞയെ.
ഇന്നു നീ വിചാരിയ്ക്കു നാളത്തെ വിളനില-
മെന്നതിൽ നിത്യത്വത്തെക്കൊയ്യുവാൻ വിതച്ചാലും!

*  *  *  *

നീതിതൻ നിറമണിദൎപ്പണം മങ്ങിയ്ക്കൊല്ലേ,
ഭീതിദായകസ്വേച്ഛാദാസമാം ഭരണത്താൽ.

പ്രത്യുത, ശുഭസ്വച്ഛനീതിയാൽ സംക്ഷോഭത്തെ
നിത്യസുന്ദരമായ ശാന്തിയായ് മാററീടാവൂ.

*　　　*　　　*　　　*

ജനപീഡനംചെയ്തിട്ടല്പകാലത്തേയ്ക്കെങ്ങാൻ
ധനവും പ്രതാപവും നേടുവാൻ കഴിഞ്ഞാലും

ചരമദശ വരും, ഞെരിയും നൃശംസനാം
നരനായകൻതൻെറ കന്ധരം ഭാരംമൂലം.

വിറയ്ക്കും നരകത്തിൽ വീണു,വൻ ജനദ്രോഹി;
വിറകായ്ബ്ഭവിയ്ക്കൊല്ലേ നരകാനലന്നു നീ!

നിൻജനമജഗണം; നീയറികജപാലൻ;
ഭഞ്ജനത്തിന്നല്ല നീ; രഞ്ജനം ഭവൽകൃത്യം.

ആടിനെ മൂടിച്ചുകൊണ്ടിടയന്നില്ലൽക്കഷ്;-
മാടിനൊരിടയനോ? മറിച്ചോ? ചിന്തിച്ചാലും!

അജപാലനംചെയ്ക നല്ലു കൂട്ടരക്കൂടി;
നിജസാഹായ്യത്തിന്നു നായ വേണമെന്നാകിൽ,

ചതിചെയ്യതാകൊല്ലു; ചങ്ങലക്കെട്ടക്കിനാ-
ലതിനെ നിയന്ത്രിച്ചുകൊണ്ടിരിയ്ക്കുയും നല്ലൂ.

എതിക്കും ചെന്നായിനെച്ചീന്താനാണതിൻ ദന്തം
കുതിയ്ക്കും കുഞ്ഞാടിനെക്കടിച്ചു കീറാനല്ല."

പ്രജകളുടെ നേരെ പ്രയോഗിക്കുന്ന വെടിമരുന്നിൻെറ പുകകൊണ്ടു മങ്ങിപ്പോയ മിഴികളുള്ള സചിവോത്തമന്മാക്കും നരനായകന്മാക്കും ഈ വാക്കുകളുടെ വെളിച്ചം കാണുവാൻ കഴിഞ്ഞിരുന്നെങ്കിൽ!

'ആസ്തികനാണെങ്കിലും സ്വേച്ഛാമത്തനാണെങ്കിൽ,
നാസ്തികനാകും നീതിശാലിയാണതിൽബ്ഭേദം,'

എന്നാണു് ജമിയുടെ അഭിപ്രായം.

കവികളിൽ ദാശ്നികനും ദാശ്നികരിൽ കവിയുമായ ചരിത്രപുരുഷൻ ജീവൽക്കാലത്തുതന്നെ ഇതരദുർല്ലഭമായ പ്രഖ്യാതി പ്രാപിച്ച എന്നു തോന്നുന്നു: അദ്ദേഹംതന്നെ പറയുകയാണു്: "ഒരു കവി എന്ന നിലയിൽ എൻെറ നാമധേയം ദിഗന്തരങ്ങളിൽ മാറെറാലിക്കൊള്ളുന്നു: എൻെറ ഗാനങ്ങളാൽ അന്തരിക്ഷം മുഖരമായിരിക്കുന്നു; എൻെറ കാവ്യരത്നങ്ങളാൽ കാലകാമിനി തൻെറ കണ്ണയുഗളവും കണ്ഠനാളവും അലങ്കരിക്കുന്നു." എന്നിട്ടും വിനീതനായിരുന്നു ആ ജ്ഞാനിയായ ഭാവനാശാലി.

സൂഫിസത്തിൽ വിശ്വസിച്ചിരുന്ന അന്യകവികളെപ്പോലെ ജമിയും പ്രപഞ്ചത്തെ ഈശ്വരചൈതന്യത്തിൻെറ ആവരണമായിട്ടും ഭൗതികസൗന്ദര്യത്തെ ആത്മസൗന്ദര്യത്തിൻെറ നിഴലായിട്ടുമാണു് വ്യാഖ്യാനിച്ചതു്. ആ സൗന്ദര്യസമാരാധകൻ ഉൽഘോഷിക്കുന്നു: "അതേ, ബാഹ്യസൗന്ദര്യം പിറകിൽ നില്ക്കുന്ന ദിവ്യസൗന്ദര്യത്തിൻെറ മൂടുപടം മാത്രം. അന്തശ്ചൈതന്യംതന്നെയാണു് അതിൻെറ ഉറവു്. മൂടുപടമിട്ടുകൊണ്ടു സമീപത്തുകൂടി കടന്നുപോകുന്ന മുഗ്ദ്ധയുവതി നമ്മെ എന്നപോലെ, നമ്മുടെ ആത്മാവു് ആ ശാശ്വതസൗന്ദര്യത്തെ പ്രാപിക്കുവാൻ അതിതൃഷ്ണയോടുകൂടി ഉററുനോക്കുന്നു. എന്നാൽ അതു് എപ്പോഴും അപ്രകാരംതന്നെയാണു്. എന്തുകൊണ്ടെന്നോ? മുഖാവരണത്താൽ തിരോഹിതമായ ആ സൗന്ദര്യത്തെ ഗ്രഹിക്കുക ദുഷ്കരമത്രേ." നമുക്കും കവിയോടുകൂടി അന്വേഷിക്കുക:

"എത്രനാൾ വഞ്ചിച്ചീടും നീയേവം ജഗത്തിനെ-
ച്ചിത്രമാം ഭവദീയമായികപടത്തിനാൽ?"

'ഈശാവാസ്യമിദം സർവ്വം യൽകിഞ്ച ജഗത്യാം ജഗത്,' എന്ന ഔപനിഷദവാക്യത്തിന്നു താത്ത്വികനായ ഒരു കവി നല്കുന്ന വിപുലനംപോലെ ഈ സൗന്ദര്യവിവരണം കേവലം ഭാരതീയമായി തോന്നിപ്പോകുന്നു.

ജമിയുടെ കവിത അതിന്റെ ആധ്യാത്മികധ്വനി കൂടാതെതന്നെ ഹൃദയാവർജ്ജകമത്രേ. വർണ്ണനത്തിലും വികാരവ്യഞ്ജനത്തിലും അദ്ദേഹത്തിനുള്ള സാമർത്ഥ്യം അസൂയാവഹമാണെന്നു് അടിയിൽപ്പകർത്തുന്ന സന്ദർഭങ്ങൾ വിശദമാക്കും:

൧) ഒരു സമുദ്രം

"ചലജലധിയുടെ കരയിലെത്തീ: പെരുങ്കടൽ
ചക്രവാളംതൊട്ടു ചക്രവാളംവരെ,

മുകളിലൊളി കലരുമൊരു വിണ്ടലംപോലവേ
മററിക്കിടക്കുന്നു പാരമഗാധമായ്.

നുര ചിതറിയലമലറി മറിയുമലയാഴിയിൽ
നൂറായിരം ചലൽപർവ്വതപംക്തിയോ?

ചുണ പെരുകിയുടലിളകിയൊട്ടകക്കൂട്ടങ്ങൾ
ചുണ്ടിൽപ്പുരക്കും പതയോടണകയോ?

ചാണയിൽത്തേച്ചെട്ടത്തോരു രത്നങ്ങൾതൻ-
ചേണമ്പി മിന്നി മറിയുന്നു മീനുകൾ;

പരിമൃദുലലലസമല ചിത്രനീലാംശുക-
പാളി മുറിഞ്ഞു വെൺകത്തിരപോലവേ."

## b) സൽപുത്രൻ

"മകനെക്കാളും മീതേ മർത്ത്യനെന്തനുഗ്രഹം?
മകനേ മനുഷ്യൻെറ മുഖ്യമാം മഹാഗ്രഹം.

തനുജൻ നിമിത്തമായ്ത്തന്നെയും കവിഞ്ഞിട്ടു
മനുജൻ ജീവിക്കുന്നു; നാമവും ജീവിക്കുന്നു.

നയനം ചൈതന്യത്തെ പ്രാപിപ്പൂ തനയനാൽ
നവമായ് വിടരുന്നൂ തന്മണ്ണിൽപ്പനീരലർ.

പുത്രനാമൊരു കാലു നില്ക്കുവാൻ നിനക്കവൻ;
പുത്രനാമൊരു കയ്യു താങ്ങാനും നിനക്കവൻ;

പുത്രയൗവനത്തിനാൽ നീ യുവാവായീടുന്നു;
പുത്രൻെറ ബലത്തിനാൽബലവാനാകുന്നു നീ."

## c) സുലേഖയുടെ പ്രേമസമാധി

"നിശ്ശബ്ദമായ് രാക്കുയിൽ; കാലുപക്ഷി
നിസ്സർഗ്ഗരാഗത്തൊടുയന്നു പാടി;
ഉദ്യദ്ദിനസ്പർശനമേല്ക്കെ നാണി-
ച്ചുണന്നു രോജാമുകുളങ്ങളാടി;

തുമഞ്ഞുനീർകൊണ്ടു കുളിച്ചുമിന്നി
തുവത്തിടാതേ ചിരി തൂവി മുല്ല;
നനഞ്ഞ കൺപോള കുറച്ചു കൂമ്പി
നവോല്പലം നിർമ്മലമുല്ലസിച്ചു;

സുമാളിയേക്കാൾ സുകുമാരിയായ
സുലേഖയെന്നാലുമുണന്നതില്ല.
കവന്നതല്ലിന്ദ്രിയശക്തി നിദ്ര
രാവിൻെറ നിശ്ശബ്ദതയിങ്കലൂടേ.

ഉറക്കമാവില്ല വരപ്പതപ്പോ-
ളുൾക്കണ്ണിലേതോ മധുരസ്വരൂപം.
സ്വനാഥരൂപാഭിമുഖം ചരിപ്പൂ
സ്വച്ഛന്ദമാമിന്ദ്രിയമുക്തചിത്തം."

## d) ദൈവൈക്യം

"ഏകമല്ലാത്തതെല്ലാം വിയോഗത്തിൻ
ഭീകരമാം മുറിവേല്ക്കുമെപ്പൊഴും.

ഓമലാളിൻ ഗൃഹത്തിന്നകത്തേക്കു
നാമണഞ്ഞാലൊരാൾക്കാണിടമതിൽ.

ശക്യമാവുകയില്ല സമാഗമ-
മൈക്യമാപിച്ചിടാതിരുന്നീടുകിൽ."

## 'ഷിറാസ്സിലെ പൂംകുയിൽ'

'സാദി'യെ (Sadi) എന്തിനാണ് 'ഷിറാസിലെ (Shiraz) പൂംകുയി'ലാക്കി മറെറാരു പാരസികകവിയായ 'ജമി' വൎണ്ണിച്ചതെന്നു ഞാൻ അത്ഭുതപ്പെടുകയാണ്. സമ്മതിക്കുന്നു, ആ കവികുലശേഖരൻ ജനിച്ചതു കവികളുടെ ജന്മഭൂമി എന്നു പ്രസിദ്ധമായ ആ നഗരിയിൽത്തന്നെ. എങ്കിലും ആ സത്യഗായകനെ ഒരു സങ്കുചിതമായ ദേശത്തിനു വിട്ടുകൊടുക്കാമോ? താദൃശന്മാരായ ജീവിതവ്യാഖ്യാതാക്കളുടെ മേൽ ഒരു രാജ്യത്തിനും ഒരു കാലത്തിനും അവകാശമുണ്ടായിരിക്കുവാൻ പാടില്ല. സാൎവ്വകാലികതയും സാൎവ്വലൗകികതയുമാണ് മഹാകവികൾക്കും മഹാകാവ്യങ്ങൾക്കും കല്പിക്കാവുന്നതു്.

പന്തിരണ്ടാം ശതാബ്ദത്തിൻെറ തിരോധാനത്തിനു് അല്പം മുമ്പാണു് സാദിയുടെ ജനനം. വിശ്വാസത്തെ വിശ്വസിക്കുന്നപക്ഷം നൂററിരണ്ടു വസന്തങ്ങളുടെ പരിമളം അദ്ദേഹത്തെ ആമോദമത്തനാക്കിയിട്ടുണ്ടു്. ദേശസഞ്ചാരത്തിനും ജ്ഞാനസമ്പാദനത്തിനുമാണു് ആയുഷ്കാലത്തിൻെറ അധികഭാഗവും ആ ലോകനിരീക്ഷകൻ വിനിയോഗിച്ചതു്. 'ലോകശാസ്ത്രകാവ്യാദ്യവേക്ഷണ'ത്താൽ സംസ്കൃതമായ പ്രതിഭയുടെ പാദമുദ്ര 'സാദി'യുടെ വിസ്തൃതമായ സാഹിത്യത്തിൽ സർവ്വത്ര ദൃശ്യമാകുന്നതാണു്. നിശിതമായിരുന്നു അദ്ദേഹത്തിൻെറ വഃചാധാര; നിശിതമായിരുന്നു ആശയസമ്പത്തു്. ഭാരതീയകവികൾ കാളിദാസകാവ്യങ്ങളെ എന്നപോലെ, എത്ര പാരസികകവികളാണു് സാദിയുടെ ക്വിതയെ അനുകരിച്ചിട്ടുള്ളതു്!

ആഭിജാത്യം തികഞ്ഞ ഒരു കുടുംബത്തിലായിരുന്നു ചരിത്രപുരുഷൻെറ ജന്മമെങ്കിലും ദാരിദ്ര്യത്തിൻെറ ആഘാതം അദ്ദേഹം അനുഭവിച്ചിട്ടുണ്ടു്. എന്നാൽ അതിൻെറ വേദന സാദി സാരമായി ഗണിച്ചിരുന്നില്ല. സ്വാർത്ഥത്തെ കേന്ദ്രമാക്കി ഭ്രമണംചെയ്യുന്ന വ്യക്തിക്കുമാത്രമേ ജീവിതം അനന്തമായ അസ്വാതന്ത്ര്യമോ, അഗാധമായ അന്ധകാരമോ ആയിത്തോന്നുകയുള്ളൂ. ആത്മകേന്ദ്രത്തിൽ നിന്നു് അകന്നു പോകുന്ന ആത്മാവു തന്നെ വിസ്മരിച്ചു ലോകത്തിൻെറ സുഖദുഃഖങ്ങളിൽ പങ്കുകൊള്ളുന്നു. സാദി പറയുന്നതു കേൾക്കുക:

"ഒരുതവണ, ഒരുതവണമാത്രമേ, എൻെറ സ്ഥിതിയെക്കുറിച്ചു് അതൃപ്തി പ്രദർശിപ്പിച്ചിട്ടുള്ളൂ. എനിക്കു് ഒരു

ചെരിപ്പു മേടിക്കാൻ പണമില്ലാതായി. ആ സന്ദർഭത്തി ലാണു് കാലില്ലാത്ത ഒരു സഹോദരനെ കണ്ടതു്. എ ൻെറ വിധി എന്നെ സംതൃപ്തനാക്കി.''

ആപേക്ഷികമായി നോക്കുമ്പോൾ നമ്മുടെ ജീവിതം അനുഗൃഹീതമാണെന്നും അതിന്നു നാം കൃതജ്ഞരായിരി ക്കേണ്ടതാണെന്നുമാണു് കവിയുടെ അഭിപ്രായമെന്നു തോ ന്നുന്നു.

എൻെറ സോദരിമാർ മഹാകവിയോടു ശുണ്ഠിയെടു ക്കുകയില്ലെങ്കിൽമാത്രം ഈ ഖണ്ഡിക വായിച്ചാൽ മതി. സ്ത്രീസൗന്ദര്യത്തിൻെറ ആകർഷണത്തിനു വശംവദനാകാ ത്ത ഒരു വ്യക്തിയായിരുന്നു സാദിയെന്നല്ല സൂചിപ്പി ക്കുന്നതു്. അദ്ദേഹം രണ്ടുതവണ വിവാഹം ചെയ്തിട്ടുണ്ടു്— രണ്ടു സുന്ദരിമാരെ. അവർ വിശ്വസ്തകളായിരുന്നു; വി നീതകളായിരുന്നു. പക്ഷേ സ്ത്രീകളുടെ ബുദ്ധിസാമത്ഥ്യ ത്തേയോ വിവേകത്തേയോപററി സാദിക്കു വലിയ ബഹു മാനമുണ്ടായിരുന്നില്ല. 'ഭാര്യയുടെ അഭിപ്രായം അറിയൂ; അതിനു വിപരീതമായി പ്രവൎത്തിക്കു' എന്നാണു് ആ പാ രസികകവി പകുതി കാര്യവും പകുതി കളിയുമായി ഒരി ക്കൽ പ്രസ്താവിച്ചതു്. 'ഓരോ വസന്തത്തിലും ഓരോ ന വവത്സരത്തിലും ഒരു പുതിയ പത്നിയെ തിരഞ്ഞെടു ക്കുക; എന്താണെന്നോ, കഴിഞ്ഞ കൊല്ലത്തെ പഞ്ചാം ഗം ഒന്നിനും കൊള്ളാത്തതായിരിക്കുന്നു' എന്നു മറെറാരു സന്ദൎഭത്തിലും പ്രസ്താവിച്ചിട്ടുണ്ടു്. സാദിയുടെ സ്നേഹപാ ത്രം ഈ പരിഹാസത്തിൽ ചിരിക്കുയോ, കണ്ണുനീർ പൊ ഴിക്കുയോ, പുരികം ചുളിക്കുയോ ചെയ്തിരുന്നതെന്നു് അ റിഞ്ഞുകൂടാ.

ബാല്യത്തിൽ വേണ്ടതിലധികം മതഭക്തി തനിക്കുണ്ടായിരുന്നുവെന്നു കവിതന്നെ സമ്മതിച്ചിട്ടുണ്ടു്. ഒരിക്കൽ 'ഇസ്ലാമികവേദഗ്രന്ഥം' അധ്യയനം ചെയ്തുകൊണ്ടിരുന്ന ഒരു സതീൎത്ഥ്യൻ ഉറക്കംതൂങ്ങുന്നതു കണ്ടു സാദി ആ സ്നേഹിതനെ പരിഹസിച്ചു. ഉടനേ കവിയുടെ പിതാവു പുത്രനെ ഇങ്ങനെ ശാസിച്ചുവത്രേ: 'നിൻെറ അടുത്തിരിക്കുന്നവരുടെ കുററം കണ്ടുപിടിക്കുവാൻ ഉണൎന്നിരിക്കുന്നതിനേക്കാൾ നീ ഉറങ്ങുകയായിരുന്നെങ്കിൽ എത്ര നന്നായിരുന്നു!' ധാൎമ്മികമായ ഈ ശകാരം ജീവിതാവസാനംവരെ മഹാനായ സാദി മറന്നിരുന്നില്ല.

പരിപാവനമായ മെക്കയിലേയ്ക്കു പതിനാലുതവണ തീൎത്ഥയാത്രചെയ്ത ഈ ഭക്തകവിയെ പാരസികന്മാർ ഒരു കവിയും യതിയുമായിട്ടാണു് ആദരിച്ചിരുന്നതു്. കുറെക്കാലം ആ പുണ്യസ്ഥലത്തു പിപാസാകുലന്മാൎക്കു ജലംപ്രദാനംചെയ്തുകൊണ്ടു വെറും 'വെള്ളംകോരി'യായി സാദി താമസിച്ചുവത്രേ. ഏതോ ഒരു ദിവ്യൻെറ അനുഗ്രഹത്താൽ പ്രസ്തുതകാലഘട്ടത്തിൽ അദ്ദേഹത്തിൻെറ അധരങ്ങൾ ശാശ്വതികത്വത്തിൻെറ മധുരപാനീയം നുകൎന്നുവെന്നും പറഞ്ഞുവരുന്നു. ഏതായാലും ആ കവിയുടെ ഗാനങ്ങൾ ആത്മസംതൃപ്തിയുടെ സന്ദേശം വഹിക്കുന്നവയാണു്; ശാശ്വതികതയുടെ ആസ്വാദ്യത അറിഞ്ഞവയാണു്.

ഉത്തമസാഹിത്യം, ഒഴുകിവരുന്ന ജലമല്ല; ധാൎമ്മികവും സുന്ദരവുമായ ഹൃദയത്തിൽനിന്നു് ഉറന്നുയരുന്ന രക്തമാണു്. ഉത്തമവികാരങ്ങളും നിറം കലൎന്ന ചിന്തകളും ശക്തിമത്തായ ഭാവനകളും അതിലെ ഘടകാണുക്കളാക

ന്നു. മനുഷ്യസമുദായത്തിൻെറ മാനസവും ആത്മീയവുമായ തേജസ്സും ഓജസ്സും വദ്ധിപ്പിക്കുന്നതിനു കവിതയ്ക്കുള്ള ശക്തി ഇവയിലാണു് അധിഷ്ഠിതമായിരിക്കുന്നതു്. സാദിയുടെ കാവ്യങ്ങൾ ഭാവനകൊണ്ടു് ഉജ്ജ്വലവും വിശിഷ്ടവികാരങ്ങൾകൊണ്ടു സമാർദ്രവുമായ ജീവിതവിമർശങ്ങളത്രേ. മഹാകവി തുഞ്ചത്തെഴുത്തച്ഛൻെറയും ആ പാരസികകവിയുടേയും മനോധർമ്മസാദൃശ്യം എന്നെ അത്ഭുതപ്പെടുത്തി.

'ശങ്കിക്കവേണ്ടാ സുവർണ്ണത്തെക്കൈക്കൊൾകേ വേണ്ടു
പങ്കത്തിൽക്കിടക്കുന്നതെങ്കിലുമതിദ്രുതം'

എന്ന വാക്യത്തെ താഴെ ഉദ്ധരിക്കുന്ന വരികൾ അനുസ്മരിപ്പിക്കയില്ലേ?

"വെളിയിൽക്കളഞ്ഞാലും വെണ്മയേറീടും രത്നം
ചെളിയിൽക്കിടന്നാലും, ചെററതിൻ വില പോമോ?"

മനുഷ്യസമുദായത്തിൻെറ അഗാധതലത്തിലെ അന്ധകാരത്തിനും അത്യുന്നതതലത്തിലെ ആത്മപ്രകാശത്തിനും ഏതു രാജ്യത്തും ഭേദമില്ലെന്നു തോന്നുന്നു. അല്ലെങ്കിൽ എവിടുന്നാണീയാശയസാമ്യം?

സാദിയുടെ ഒരു കാവ്യക്കതിരിൽനിന്നു പിടിച്ചപ്പോൾ ഊൎന്നുപോന്ന ചില ഉതിർമണികളാണു് താഴെ വിതറിയിട്ടുള്ളതു്; ഇവയുടെ മൂപ്പും മുഴപ്പും നോക്കി അദ്ദേഹത്തിൻെറ സാഹിത്യകേദാരത്തിൻെറ അമൂല്യസമൃദ്ധി അനുമാനിക്കാമല്ലോ.

1. "ചിരിയരുതു; വെറുമൊരു നുണക്കഥയെന്നിതു
ചിന്തിച്ചിടായ്കിൻ; പുരാണകാലങ്ങളിൽ,

പൂരുമഹിമ പുലരുമൊരു പുണ്യഹസ്തത്തിനാൽ
പൂത്തനാം വെള്ളിയായ് പാഴ്ക്കല്ലു മിന്നിപോൽ;
സമമറിക സഹജ, തവ കല്ലും കനകവും
സംതൃപ്തി നിൻെറ * രസസിദ്ധനാവുകിൽ.' '

2. "ശാന്തവും ശുദ്ധവുമായ പൂമ്പൈതലിൻ
സ്വാന്തമറിയില്ല ലോഭവും മാനവും.
വാരുന്നു മൺതരി, വാരുന്നു തൂവെള്ളി,-
യോരുന്നതില്ലതിലൊന്നതിമൂല്യമായ്."

3. "സുരുചിമണിരചിതനിജഭദ്രപീഠോപരി
സുൽത്താനിരിയ്ക്കാം സുവർണ്ണാഭിഷിക്തനായ്;
പാരമഹങ്കാരമാർന്നവൻ ഗോപുര-
ദ്വാരത്തിലെത്തിയ ഭിക്ഷുവെ നോക്കിടാം;
നിരവധികനിധി നൃപനധീനമെന്നാലുമാ
നിസ്വസന്ന്യാസിയ്ക്കുള്ളൊന്ന ധനം ധനം."

4. "ദീനമാം യാചകഭാജനം പെട്ടെന്നു
നൂനം നിധിയാമൊരു കാശു വീഴുകിൽ;
തൻകീഴിലാക രത്നാകരമേഖലെ;
ചെങ്കോലറിയുകില്ലാത്മസംതൃപ്തിയെ."

സംസ്കൃതഭാഷയിലായിരുന്നു ഈ ഗാനങ്ങൾ രചിയ്ക്കപ്പെട്ടിരുന്നതെങ്കിൽ ഏതോ മഹാനായ ഒരു ഹൈന്ദവയോഗിയുടെ കാവ്യമാണെന്നു നാം ഭ്രമിക്കുമായിരുന്നു; ഇല്ലേ? ഭാരതീയസംസ്കാരവും പാരസികസംസ്കാരവും ഒരേ ഞെട്ടിൽ വിടൎന്ന രണ്ടു മൊട്ടായിരുന്നു.

---

* Alchemist.

# ഹാററിഫി

പാഞ്ചഭൗതികപഞ്ജരത്തിൽനിന്നു പറന്നുപോകുന്ന ജീവാത്മാക്കളെല്ലാം ചെന്നുചേരുന്ന അദൃശ്യലോകം ഒന്നുതന്നെയാണോ? ആണെങ്കിൽ, അനുഗൃഹീതമഹാകവികളായ ഹാററിഫിയും (Hatifi) കുമാരനാശാനും പരസ്പരം സന്ദശിച്ചിട്ടുണ്ടാവും; ആദരപുരസ്സരം അഭിവാദനം ചെയ്തിട്ടുണ്ടാവും. ഹാററിഫിയുടെ 'മജ്നനും ലെയ്ലയും' (Mejnoun and Leila) ആശാൻെറ 'മദനനും ലീലയും' തമ്മിൽ ജീവിതച്ഛായകൊണ്ടു് അതുച്ഛമായ സാദൃശ്യമുണ്ടു്. 'ലീല'യുടെ നിമ്മാണത്തിനു പ്രചോദകമായിത്തീന്നതു് ഒരാലേഖ്യമാണെന്നു കവി പ്രസ്താവിച്ചിട്ടുള്ളതാണല്ലോ. ആ ചിത്രത്തിന്നാധാരമായ സന്ദഭം ഹാററിഫിയുടെ ഭാവമനോഹരമായ കാവ്യത്തിൽ വണ്ണിച്ചിട്ടുള്ളതാകുന്നു.

ഔചിത്യസുഭഗവും ഭാവനാമധുരവുമായ ആ പാരസികകൃതിതന്നെ കുമാരനാശാൻ വായിച്ചിരുന്നെങ്കിൽ, നമ്മുടെ 'കാല്പനികപ്രസ്ഥാന'ത്തിനു (Romantic movement) അലങ്കാരമായ 'ലീല'യുടെ സൗന്ദര്യം കുറെക്കൂടി കൂടുമായിരുന്നു. എന്നാലും, ഒന്നു സമ്മതിക്കണം: ആശാൻ ആ പാരസികേതിവൃത്തത്തെ അമൂല്യങ്ങളായ ചിന്താരത്നങ്ങൾകൊണ്ടു് അങ്ങോളമിങ്ങോളം ഉദ്ദീപ്തമാക്കിയിട്ടുണ്ടു്. അവരവരുടെ കൃതികളിൽനിന്നു് ഓർമ്മയിലുള്ള ഭാഗങ്ങൾ അന്യോന്യം ചൊല്ലിക്കേൾപ്പിക്കുമ്പോൾ കേരളകവിയുടെ ജീവിതവിമർശവൈദഗ്ദ്ധ്യത്തെ പാരസികകവി അത്ഭുതപൂർവ്വം അഭിനന്ദിച്ചിട്ടുണ്ടായിരിക്കുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. സുഹൃത്തിൻെറ കഥാകഥനപാടവത്തേയും ഭാവപ്രകടനചാതുര്യത്തേയും ഔചിത്യദീക്ഷാപാരമ്യത്തേയും ആശാനും മുക്തകണ്ഠം ശ്ലാഘിച്ചിട്ടുണ്ടായിരിക്കണം.

'ജമി'യുടെ ജന്മദേശമാകയാൽ മുൻപുതന്നെ നമുക്കു് അപരിചിതമല്ലാതായിക്കഴിഞ്ഞ 'ജാം' എന്ന ഗ്രാമത്തിലാണു് 'ഹാററിഫി' ജനിച്ചതു്. അദ്ദേഹത്തിൻെറ ആത്മാവിൽ ബീജരൂപമായി ലയിച്ചിരുന്ന കവിതാവാസന പ്രകൃതിസൗന്ദര്യത്തിൻെറ പ്രകാശത്തിൽ മുളച്ചു; ഐതിഹാസികകാവ്യങ്ങളുടെ സംസ്കാരത്തിൽ വളന്നു; മാതുലനായ 'ജമി'യുടെ വാത്സല്യപൂർവ്വമായ പരിലാളനത്തിൽ തഴച്ചു പടന്നു. ഭാഗിനേയൻെറ കാവ്യലത ഭാവിയുടെ അന്തരിക്ഷത്തിൽ പരത്തുവാൻ പോകുന്ന യശസ്സൗരഭത്തെക്കുറിച്ചു് ആ മഹാകവി ചെയ്ത പ്രവചനം മിത്ഥ്യയാ

യില്ല. ആശയപ്രസാദത്തിലും രചനാശില്പത്തിലും വികാരാവിഷ്കാരത്തിലും ഫാററിഫിയോടു താരതമ്യമഹിക്കുന്ന പാരസികകവികൾ വളരെയില്ല.

'മെജ്നനും ലെയ്ലയും' എന്ന കാവ്യത്തിലെ ഇതിവൃത്തം ലഘുവും ഋജുവുമാണ്. 'ഈടാൎന്ന വാസ്തമനുരാഗനദിക്കു വിഘ്നംകൂടാതൊഴുക്കനുവദിക്കുകയില്ല ദൈവം' എന്ന ലോകതത്ത്വത്തിന്നു നിദൎശനമായ ഒരു വാസ്തവസംഭവത്തെ—ഫാററിഫിയുടെ കാലത്തു് അതു് ഐതിഹാസികമായിക്കഴിഞ്ഞിരുന്നു—ആണു് കവി പ്രതിപാദ്യമായി സ്വീകരിച്ചിട്ടുള്ളതു്. പ്രശസ്തി സമ്പാദിച്ച പല തൂലികകളും ചിത്രണംചെയ്തിട്ടുള്ള ഒരു ജീവിതഭാഗത്തെ സ്വപ്രതിഭയാൽ നൂതനവും മോഹനവുമാക്കിത്തീൎക്കുവാൻ ഫാററിഫിക്കു സാധിച്ചിട്ടുണ്ടു്.

നായകൻെറ വാസ്തവനാമധേയം 'മെജ്നൺ' എന്നല്ല; പ്രേമഭംഗത്താൽ ഭ്രാന്തചിത്തനായിത്തീൎന്നതിനുശേഷമാണു് അന്വത്ഥമായ ആ പേരു 'കയിസ്സി'നു സിദ്ധിച്ചതു്. അറേബ്യയിലെ ഒരു നേതാവിൻെറ പുത്രനായ ആ അഭിജാതയുവാവു സൗന്ദൎയ്യത്തിൻേറയും സൗജന്യത്തിൻേറയും അസുലഭമാതൃകയായിരുന്നു.

ശരീരസൗന്ദൎയ്യവും സ്വഭാവമാധുൎയ്യവുംകൊണ്ടു കയിസ്സിനു് അനുരൂപയായിരുന്നു നായികയായ 'ലെയ്ല.' പരസ്പരം ജനിച്ച അനുരാഗത്തിൻെറ സ്ഫടികനിൎമ്മലമായ പ്രവാഹം, വിധിവൈപരീത്യത്താൽ, ആശാഭംഗത്തിൻെറ മരുഭൂമിയിലേയ്ക്കാണു് തങ്ങളെ രണ്ടുപേരേയും കൊണ്ടുപോവുകയെന്നു നായികാനായകന്മാർ സ്വപ്നത്തിലും

ഭയപ്പെട്ടിരുന്നില്ല. പുത്രിയുടെ സുഖത്തേക്കാളധികം ധനത്തെ കാംക്ഷിച്ചിരുന്ന പിതാവു ലെയ്ലയെ മററൊരു പ്രഭുപുത്രനു വിവാഹം ചെയ്തുകൊടുക്കുവാനാണു് ആഗ്രഹിച്ചിരുന്നതു്. ദേഹങ്ങളെയല്ലാതെ പ്രേമബദ്ധങ്ങളായ നിഷ്കളങ്കാത്മാക്കളെ അകററുവാൻ കഴികയില്ലെന്നു് അചിരേണ ആ പിതാവിനു ബോധ്യമായി.

ആശാഭംഗം സംഭവിച്ചതിനാൽ ഉന്മത്തനായിത്തീൎന്ന കയിസ്സ് നാടുവിട്ടു പോയിട്ടും ലെയ്ലയുടെ ഹൃദയത്തിൽനിന്നു് ആ യുവാവിൻെറ നിഴൽ മാഞ്ഞില്ല. മണൽക്കാടുകളിലും മരുക്കുന്നുകളിലും അലഞ്ഞുനടന്നിരുന്ന സങ്കല്പവല്ലഭനെ വിചാരിച്ചു് അഹോരാത്രം ജീവിച്ചിരുന്ന ആ സുചരിതയുടെ ചുററും ഒരു മരുഭൂമി വ്യാപിച്ചിരിക്കുന്നതുപോലെ അവൾക്കു തോന്നി. പ്രേമഭംഗത്താൽ ഇരുണ്ടുപോയ ജീവിതത്തെ പ്രകാശിപ്പിക്കുന്നതിനു സൂൎയ്യചന്ദ്രന്മാരുടെ വെളിച്ചം മുഴുവൻ സ്വാധീനമായാലും പ്രയാസംതന്നെ.

അനുചരന്മാരോടുകൂടി ഒട്ടകപ്പുറത്തു യാത്രചെയ്തു ഒരു സമയത്തു വഴി തെററി വളരെ ദൂരം പോകുവാൻ ഇടയായിരുന്നില്ലെങ്കിൽ, മരിക്കുന്നതിനുമുൻപു് ഒരിയ്ക്കൽ മെജ്നനെക്കാണുവാൻ ആ മന്ദഭാഗ്യയ്ക്കു കഴിയുമായിരുന്നുവോ എന്നു സംശയമാണു്. ആ പ്രയാണവും ക്ഷണികസമാഗമവും കവി തന്മയത്വത്തോടുകൂടി വികാരോദ്ദീപകമായ ഭാഷയിൽ നിരാഡംബരമായി വൎണ്ണിച്ചിട്ടുണ്ടു്:

"ഏകയായാകാശത്തിലമ്പിളിപ്പൊളിപോലെ
പോകയായ് വഴി തെററിസ്സുന്ദരി ശൂന്യാധ്വാവിൽ.

വാടിയും തളൎന്നമാ മരുവിന്മദ്ധ്യത്തിങ്ക-
ലൂടെയങ്ങിനെ പോകെ നിദ്രയാൽജ്ജിതയായി
വീണു തന്നച്ഛിതൻ കയ്യിൽനിന്നുമൂൎന്നടൻ കടി-
ഞ്ഞാണമപ്പുതുക്കെപ്പോമുഷ്ട്രത്തിൻ ഗളം തന്നിൽ.''

ലെയ്‌ല ഉണൎന്നപ്പോഴും പരിജനങ്ങൾ അടുത്തെത്തിയിരുന്നില്ല. വിജനമായ മണലരണ്യം; തിമിരാവരണമിട്ട രാത്രി; ആ ഭീരു സംഭ്രാന്തയായി. ഉറക്കെ വിളിച്ചു. അവളെപ്പോലെ തന്നെ ഏകയായി ആ ധ്വനി അങ്ങുമിങ്ങുമലഞ്ഞു. അപ്പോൾ,

''മുന്നിലുണ്ടിരുണ്ടൊരു രൂപമെത്തുന്നു മഞ്ഞി
നിന്നിട്ടമിരുനിലക്കുന്നിൽനിന്നതിവേഗം.''

യുവതിയുടെ ഹൃദയം ഭയമറിഞ്ഞില്ല. ഒരു ചിന്തയുടെ മിന്നൽപ്പിണരിൽ അവൾ മരവിച്ചുപോയി. ആ ജനശൂന്യമായ മണലരണ്യത്തിലാണ് ദുഃഖപരതന്ത്രനായ കയിസ്സ് അലഞ്ഞുനടന്നിരുന്നതു്. ഈ അപരിചിതനു് ആ ഭഗ്നാശയനായ കാമുകൻെറ സ്ഥിതി എന്തെങ്കിലും അറിയാമെന്നു വരരുതേ? ഇയാൾ ആ യുവാവിൻെറ കഥ അവളോടു പറയുകയില്ലേ? പാവം, തൻെറ സങ്കല്പവല്ലഭൻ തന്നെയാണ് മുമ്പിൽ നില്ക്കുന്നതെന്നു ലെയ്‌ലാ അറിഞ്ഞില്ല; തൻെറ സ്നേഹഭാജനമാണ് ആ യുവതിയെന്നു മെജനൂനും മനസ്സിലായില്ല. അത്രമാത്രം മാറിയിരുന്നു രണ്ടുപേരുടേയും അവസ്ഥ.

പരസ്പരം അറിഞ്ഞപ്പോൾ അവൎക്കുണ്ടായ ഭാവപാരവശ്യം എങ്ങിനെ വിവരിയ്ക്കും! ഒടുവിൽ ലെയ്‌ല ഇങ്ങിനെ പ്രാൎത്ഥിച്ചു:

"ഈ മരുനിലത്തിൽവെച്ചിക്കൈകൾ ചേൎന്നീടട്ടെ;
മാമകപ്രാണൻ ഭവൽപ്രാണനായ് ചേൎന്നു പണ്ടേ."

"വാമമാം വിധി വിഷാദത്തിനാണെന്നാലേവം
നാമകന്നീടാതൊന്നിച്ചിനിമേലലഞ്ഞാവൂ!"

"പോകരുതവിടന്നു ലെയ്ലയെപ്പിരിഞ്ഞെന്നും
ലോകമെന്തിനിയെനിക്കവിടേശ്ശമെൻ പ്രഭോ!"

അപ്രതീക്ഷിതമായ ആ സമാഗമംകൊണ്ടു ജനിച്ച ആനന്ദാശ്വാസങ്ങൾ, സന്ധ്യയുടെ കിരണങ്ങൾ അന്ധകാരത്തിലെന്നപോലെ, ആസന്നവിരഹത്തിൽ ലയിക്കുവാനുള്ളതായിരുന്നു. പ്രേമപാരവശ്യം കയിസ്സിൻെറ ധാൎമ്മികാദൎശത്തെ പ്രക്ഷീണമാക്കിയില്ല. താൻ സ്നേഹിക്കുന്ന, ആരാധിക്കുന്ന, ധ്യാനിക്കുന്ന പ്രേമപാത്രത്തിൻെറ പരിശുദ്ധനാമം അനുരാഗചാപല്യത്താൽ അറബികളുടെ പരിഹാസത്തിനു വിഷയമാകുവാൻ പാടില്ലെന്നു് അദ്ദേഹം തീരുമാനിച്ചു.

"പുരഗോപുരം പൂട്ടാമെങ്കിലും ദോഷാരോപ-
പരമാം വിരോധിതൻ വായ മൂടുവാനാമോ?"

എന്നു് ആ യുവാവു വിഷാദിക്കുകയും, തൻെറ ഗാഢമായ ആശ്ലേഷത്തിൽനിന്നു സ്വയം പറന്നുപോകുവാൻ പ്രിയതമയോടു് അപേക്ഷിക്കയും ചെയ്തു. ലെയ്ലക്കു് അദ്ദേഹത്തിൻെറ ഗതി നിരോധിക്കുവാൻ ശക്തിയുണ്ടായില്ല. പരിചാരകന്മാർ അവിടെ എത്തിയപ്പോൾ മോഹാലസ്യപ്പെട്ടു കിടക്കുകയായിരുന്നു ഏകാകിനിയായ ആ അബല.

ദുഃഖത്തിൻെറ അഗാധതകൊണ്ടു് അത്രമാത്രം ഇരു ണ്ട പ്രേമകഥാപ്രവാഹത്തിനു വ്യക്തമായ ഒരു രൂപം നല്കുവാൻ ഫാറാബിയുടെ തൂലിക ശക്തമായിട്ടുണ്ടു്. ലീല, ലെയ്ല, മദനൻ, മെജ്നൺ: ഈ പാത്രങ്ങളെ താരതമ്യപ്പെടുത്തുന്നതു രസാവഹമായ ഒരു കൃത്യമായിരിക്കും.

# മോസി

പാരസികരാജ്യത്തിന്റെ പൂർവ്വകാലനഭസ്സിലേക്കു നോക്കുക. ഭയങ്കരങ്ങളായ സംഭവങ്ങളുടെ കൊടുങ്കാററുകളെ വകവെയ്ക്കേണ്ട; രക്തവർഷം ചൊരിയുന്ന ഇരുണ്ട യുദ്ധമേഘങ്ങളെ കണക്കാക്കേണ്ട; സുൽത്താന്മാർ എന്നു പറയുന്ന ആ പ്രതാപശാലികളായ ധൂമകേതുക്കളുടെ ഘോഷയാത്ര കാണേണ്ട; അതിനെല്ലാം അപ്പുറത്തു നിത്യസുന്ദരങ്ങളായ ചില ഉജ്ജ്വലതേജസ്സുകൾ പ്രകാശിക്കുന്നുണ്ടു്—ആത്മചൈതന്യത്തിന്റെ പ്രസന്നമധുരങ്ങളായ തേജഃകിരണങ്ങളെ നാലുപാടും വികിരണം ചെയ്തുകൊണ്ടു നില്ക്കുന്ന കവികൾ. അവരെ വന്ദിക്കുക!

പതിനൊന്നാം ശതകത്തിന്റെ മദ്ധ്യഘട്ടത്തിലാണു് 'മോസി' (Moasi) ജനിച്ചതെങ്കിലും, അദ്ദേഹം ഒരു

177603
O164:1:9
32J6



കാലത്തിന്റെ കവിയല്ല. സാർവ്വകാലികങ്ങളായ ജീവിതപ്രമേയങ്ങളെയാണ് ആ പ്രതിഭാശാലിയുടെ തൂലിക സ്പർശിക്കുന്നത്. ഒരു കാലത്തെമാത്രം പരാമർശിക്കുന്ന വിഷയങ്ങളിൽ ശ്രദ്ധാലുവായ കവി തനിക്കു സ്വയം ഒരു തടവു സമ്പാദിക്കുകയാകുന്നു. സ്വതന്ത്രാത്മാക്കൾക്കു 'കഠിനതടവു'തന്നെയാണത്. 'മോസി'യുടെ വിശാലഹൃദയം വർത്തമാനകാലത്തിന്റെ ഇടുങ്ങിയ ഭിത്തികൾക്കുള്ളിൽ ഒതുങ്ങിയില്ല. ഭാഗ്യം!

രണ്ടുതരത്തിലാണ് മനുഷ്യജീവിതം: പരിതഃസ്ഥിതിയാൽ സൃഷ്ടിക്കപ്പെടുന്നത്; പരിതഃസ്ഥിതിയെ സൃഷ്ടിക്കുന്നത്. ആദ്യത്തേതാണ് സാധാരണം; രണ്ടാമത്തേത് അസാധാരണമാകുന്നു. മോസിയുടെ ജീവിതം രണ്ടാമത്തെ വിഭാഗത്തിലാണ്. ദാരിദ്ര്യത്തിൽ പിറന്നു; പക്ഷേ, അതിന്റെ തന്ത്രത്തിൽ കുടുങ്ങിയില്ല. സഹജമായ ആത്മവിശ്വാസം, ആദർശപ്രതിപത്തി, സൗന്ദര്യതൃഷ്ണ ഇത്യാദികളായ സോപാനങ്ങളിലൂടെ അദ്ദേഹത്തിന്റെ സ്വതന്ത്രാത്മാവ് ഉയർന്നു; ഉയരാവുന്നിടത്തോളം ഉയർന്നു. വയറിനേക്കാൾ തലച്ചോറിനും, തലച്ചോറിനേക്കാൾ ഹൃദയത്തിനും, ഹൃദയത്തേക്കാൾ ആത്മാവിനും പ്രാധാന്യം കല്പിച്ചിരുന്ന അദ്ദേഹം പട്ടിണികിടന്നില്ല, അജ്ഞതയിൽ കുടുങ്ങിയില്ല, ജീവിതസൗകര്യം അനുഭവിക്കാതിരുന്നില്ല, ആത്മൈക്യം ഗ്രഹിക്കാതിരുന്നില്ല വാൾത്തലയുടെ തിളക്കംമാത്രം കണ്ടിരുന്ന ഒരു സുൽത്താനു്, അദ്ദേഹം സ്വസ ... ളികലയുടെ വിളക്കുംകൂടി നിരീ ... ാക്കി. ആ സൗന്ദ

MUL
177603

ര്യപ്രതിപത്തി ആ പ്രഭുവിൻെറ ആത്മാവിനെ ശാന്തവും, ഭരണത്തെ സൗമ്യവും, നീതിയെ സദയവും യുദ്ധയാത്രയെ തീൎത്ഥയാത്രയുമാക്കിയിരിക്കണം; അങ്ങനെയല്ലേ?

'ഇസ്ഫഹാ'നിലെ സുൽത്താനായിരുന്ന മാലിക്ഷായുടെ രാജധാനി, 'മോസി'യുടെ—ചെററക്കുടിലിൽ പ്പിറന്ന ആ സാധുവിൻെറ—കാലടികളെ ചുംബിച്ചിട്ടും ചുംബിച്ചിട്ടും ചാരിതാൎത്ഥ്യം പ്രാപിച്ചില്ലത്രേ! എന്നാൽ അദ്ദേഹം ആ ആഡംബരമധുരമായ രാജധാനിയുടെ കൃത്രിമജീവിതത്തിൽ മതിമറന്നു ലയിച്ചിരുന്നുവോ എന്നു സംശയമാണു്. സൎവ്വാന്തൎയ്യാമിയായ പ്രേമസൎവ്വസ്വത്തിൻെറ മുഖത്തെ, പ്രകൃതിയുടെ വിചിത്രച്ഛായമായ മൂടുപടത്തിലൂടെ ഉററുനോക്കുന്നതിലായിരുന്നു കവിക്കു കൗതുകം.

പാരസികദേശം പ്രകൃതിരാമണീയകത്താൽ അനുഗൃഹീതമാണു്. നീലനിൎമ്മലമായ വിശാലാകാശം, ജിജ്ഞാസാവികസിതമായ പ്രപഞ്ചനയനംപോലെ, ഉന്മിഷിതമായിരിക്കുമ്പോൾ ഏതു സുകുമാരാത്മാവാണു് ഉറക്കംതൂങ്ങുക? ഓരോ ശബ്ദവും ഓരോ രൂപവും ഓരോ സ്പൎശവും ഓരോ രസവും ഓരോ ഗന്ധവും പ്രേമസൎവ്വസ്വത്തിൻെറ മധുരമായ 'ക്ഷണന'ത്തെ ആവൎത്തിച്ചുകൊണ്ടിരിക്കുമ്പോൾ ആരാണു് കോട്ടവാതിൽ അടച്ചുകളയുക? മോസി എല്ലാം കണ്ടു; എല്ലാം കേട്ടു; എല്ലാം അനുഭവിച്ചു. വിശ്വസൗന്ദൎയ്യത്തിൻെറ വിവിധചിത്രങ്ങളാൽ അദ്ദേഹത്തിൻെറ ഹൃദയം നിറഞ്ഞുവഴിഞ്ഞു. ആ നിറഞ്ഞ സൗന്ദൎയ്യമാണു് മോസിയുടെ കാവ്യങ്ങളിൽ സ്ഫുരിക്കുന്ന ചൈതന്യം.

ഒരു ദിവസം സന്ധ്യാസമയത്തു മാലിക്ഷാ പ്രാസാദത്തിൻെറ പുരോഭാഗത്തുള്ള നിലാമുററത്തു നില്ക്കുകയായിരുന്നു. സ്വച്ഛനീലമായ ആകാശമണ്ഡലത്തിൽ പെട്ടെന്നു പ്രത്യക്ഷമായ ചന്ദ്രക്കല, സൗന്ദര്യത്തിൻെറ അവ്യക്തമായ ഏതോ അംഗചേഷ്ടപോലെ, സുൽത്താൻെറ ഹൃദയത്തെ ചമല്ക്കാരപൂർണ്ണവും, വന്ധ്യമായ ആത്മാവിഷ്കരണേച്ഛയാൽ വ്യാകുലവുമാക്കി. സമീപത്തുകൂടെ പ്രവഹിച്ചിരുന്ന നദിയിലും, കാററത്തു ലാത്തിയിരുന്ന വെൺമുകിലുകളിലും, ആ മധുരമായ പാരവശ്യം സംക്രമിച്ചിരുന്നതു് അദ്ദേഹം കണ്ടുവോ, ആവോ? സുൽത്താൻ ഉടനെ അല്പം അകലെ നിന്നിരുന്ന കവിയോടു, തൻെറ മൂകമായ ആനന്ദത്തിനു സംഭാഷണശക്തി കൊടുക്കുവാൻ ആവശ്യപ്പെട്ടു. മോസി പ്രതിഭാശാലിയായിരുന്നു; വശ്യവചസ്സായിരുന്നു. അദ്ദേഹം ഒട്ടും താമസിച്ചില്ല, ഇങ്ങനെ പാടി:

"നീലനിർമ്മലമായ ഗഗനാന്തത്തിൽക്കാന്തി
നീളവേ പൂശീടുന്ന വാരിളം പൂന്തിങ്കളേ,
ആരു നീ നിശീഥിനീമോഹനലലാടമോ?
ചാരുവാമൊരു നവകൎണ്ണികാപ്രകാണ്ഡമോ?
അല്ലല്ല, വാനത്തിൻെറ പൊല്ക്കുളിച്ചക്രംപോലെ-
യുല്ലസിപ്പൂ നീ; പക്ഷേ, ലോകവിസ്മയത്തിന്നായ്
വീരനാമീ രാജാവിൻ വിജയം സൂചിപ്പിക്കാ-
നാരചിച്ചിരിക്കുന്ന രത്നതോരണമാവാം."

കവിയുടെ നിരർഗ്ഗളമായ സാരസ്വതനിഷ്യന്ദംകൊണ്ടു കഴുകിയപ്പോൾ, അമൃതകിരണലേഖ ഒന്നുകൂടി പ്രസ

ന്നവും സുന്ദരവുമായിത്തോന്നി. പഴയ ലോകത്തിനു് ഒരു പുതിയ നിറംകൊടുത്തു് ഉദാസീനതയുടെ സ്ഥാനത്തു് അത്ഭുതാനന്ദങ്ങളെ വാഴിക്കുവാൻ മോസിക്കുള്ള പാടവം അസൂയാവഹമായിരുന്നു. സുപ്രസിദ്ധന്മാരായ പല പാരസികകവികളും ആ സാഹിത്യചക്രവർത്തിയെ അനുകരിക്കുവാൻ പുറപ്പെട്ടന്നതിൽ എന്താണത്ഭുതപ്പെടുവാനുള്ളതു്?

ഒരിക്കൽ സുൽത്താൻെറ നിയോഗമനുസരിച്ചു് കാൺസ്റ്റൻറിനോപ്പിളിലേയ്ക്കു പോയിരുന്ന മോസി, സമ്മാനമായി ലഭിച്ച അനേകം ഒട്ടകങ്ങളോടും അമൂല്യപദാർത്ഥങ്ങളോടുംകൂടിയാണു് സ്വദേശത്തെത്തിയതു്. അദ്ദേഹത്തിൻെറ സാഹിത്യസൗരഭം ജന്മദേശത്തിൻെറ സീമകളെ അതിലംഘിച്ച നാലു ദിക്കിലും പ്രസരിച്ചിരുന്നു. ജീവിതത്തിൽ കൃഷ്ണപക്ഷമുണ്ടായിരുന്നു എന്നു് അദ്ദേഹത്തിൻെറ കൃതികൾ വായിച്ചാൽ തോന്നുകയില്ല. ആത്മതേജസ്സുകൊണ്ടു ദുഃഖാന്ധകാരത്തെപ്പോലും പ്രകാശമയമാക്കുവാൻ ആ സൗന്ദര്യരാധകനു സാധിച്ചിരുന്നു എന്നു വരാം.

ഭാരതീയസാഹിത്യത്തിൻെറ സമ്പർക്കത്താലാണെന്നു തോന്നുന്നു, അദ്വൈതസിദ്ധാന്തത്തിൻെറ ഛായ കലൎന്ന 'സൂഫിസം' പാരസികസംസ്കാരത്തിൽ രൂഢമൂലമായിത്തീൎന്നതു്. സൂഫികളുടെ കൃതികളിൽ സാമാന്യമായി കാണുന്ന ഒരു ധൎമ്മം 'ഛായാവാദ'(Mysticism)മാണു്. ആദ്ധ്യാത്മികാശയങ്ങൾ വ്യക്തമനോഹരങ്ങളാക്കുവാൻ ഭൗതികപ്രതിരൂപങ്ങളെ സ്വീകരിക്കുന്നതു ഭാവനാ

ശാലികളായ 'ഛായാവാദി'കളുടെ സമ്പ്രദായമത്രേ. പ്രസ്തുതലേഖനത്തിനു വിഷയമായ പുണ്യശ്ലോകൻെറ കൃതികൾ, ആധ്യാത്മികപരിമളം വീശുന്ന ഛായാവാദവും പ്രകൃതിമോഹനമായ 'പ്രതിരൂപാത്മകത'(Symbolism) യുംകൊണ്ടു് ആകർഷകമായിരിക്കുന്നു. അവയുടെ ഏകദേശമായ സ്വരൂപജ്ഞാനത്തിനു് ഏതാനും വരികൾ വിവർത്തനം ചെയ്തു് ഉദ്ധരിച്ചുകൊള്ളട്ടെ:

"ഇഹപരങ്ങൾ മറെറന്താണു്, സർവ്വശക്തനായ പ്രേമസ്വരൂപൻ സംഭാവനചെയ്യുന്ന ചിഹ്നങ്ങളല്ലാതെ?

"സൗന്ദര്യത്തിൻെറ ദിവ്യകിരണങ്ങളും, അദ്ദേഹത്തിൻെറ ചുററും പ്രസരിക്കുന്ന മരീചികൾ മാത്രം.

"സമുദ്രത്തിൽനിന്നു ജലപൂരം പ്രവഹിക്കുന്നതുകൊണ്ടു നദി അഭിമാനവിജൃംഭിതമായിത്തീരട്ടെ.

"അതൊരു നദിയായിരിക്കുവാൻ വയ്യ; സമുദ്രത്തിലെ ജലപൂരംതന്നെയാണതു്.

"മണ്ണിൽനിന്നു ചെറുവിത്തു മുളച്ചുപൊങ്ങുമ്പോൾ ഇലയും തൊലിയും കായുമുണ്ടാവും.

"ആ ഉന്നതവും പ്രൗഢവുമായ വൃക്ഷം ഒരു കൊച്ചുവിത്തുമാത്രമായിരുന്നു; ഒരു കൊച്ചുവിത്തുമാത്രമാണു്.

"ആയിരം കണ്ണാടികൾ വെച്ചിരിക്കുന്ന മണിയറയിൽ, സുന്ദരീരത്നമേ! ചെന്നു നില്ക്കൂ; ആയിരം മുഖം കാണുമെങ്കിലും, എല്ലാം ഒന്നുതന്നെ—നിൻെറതന്നെ.

"അത്ര സുന്ദരമായ ഒരു പുരികക്കൊടി രചിക്കാവുന്ന ആലേഖ്യകാരന്റെ ശില്പസാമർത്ഥ്യം സമ്മതിക്കുക.

"ആ പ്രകാശദീപ്തങ്ങളായ നേത്രങ്ങൾ,
ആ പനിനീർപ്പൂവു നാണിച്ചുപോകുന്ന കപോലങ്ങൾ;
ആ അടങ്ങിനില്ക്കാത്ത സ്വതന്ത്രകടാക്ഷങ്ങൾ,
വാക്ക്, രൂപം, സ്വരം—
എല്ലാം അവൻമാത്രം, അവൻമാത്രമല്ലേ?"

# ഹാഫിസ്

ഉന്നതമായ അന്തരിക്ഷഭാഗത്തു നില്ക്കുന്ന ഉജ്ജ്വലമായ ഒരു നക്ഷത്രം പെട്ടെന്നു തിരോധാനം ചെയ്താലും ആ തേജഃപുഞ്ജത്തിൻെറ പ്രകാശം കുറേക്കാലത്തേയ്ക്കുകൂടി ദൃശ്യമായിരിക്കും. ഗോളനാശത്തിനുശേഷം വെളിച്ചം പ്രത്യക്ഷമായിരിക്കുന്ന കാലത്തിൻെറ ദൈർഘ്യം, ഉത്ഭവസ്ഥാനത്തിൻെറ ഔന്നത്യത്തെയാണു് ആശ്രയിച്ചിരിക്കുന്നതു്. പ്രസന്നമായ ആത്മാവിൻെറ പ്രകാശമാകുന്ന ആനന്ദം. ദുഃഖത്തിൻേറയും പാപത്തിൻേറയും അന്ധകാരത്താൽ ഗ്രസിക്കപ്പെട്ടിരിക്കുന്ന ലോകത്തിലും മഹാത്മാക്കളുടെ ഹൃദയപ്രഭ വെളിച്ചം വീശുവാൻ ശക്തമാണു്. അവരുടെ ഭൗതികസത്ത അസ്തമിച്ചാലും ആത്മപ്രകാശം വളരെക്കാലത്തേയ്ക്കു സിദ്ധിച്ചുകൊണ്ടിരിക്കും. സാ-

ധാരണമായ മണ്ണിന്റെ മാറിൽനിന്നാണു് ഉദിക്കുന്നതെങ്കിലും അസാധാരണമായ ഔന്നത്യം പ്രാപിക്കുന്ന ആ അനുഗ്രഹീതന്മാർ ജീവിതത്തിന്റെ ദൃശ്യഭാഗത്തുനിന്നു മാഞ്ഞാലും അവരുടെ ആത്മാക്കൾ വികിരണം ചെയ്തിരുന്ന കിരണം അനന്തതയെ ആലിംഗനംചെയ്തു വർത്തിക്കുന്നതാണു്.

മുഹമ്മദ് ഷംസുദ്ധീൻഹാഫിസ് കാലയവനികയിൽ മറഞ്ഞിട്ടു് ഏകദേശം അഞ്ചരശ്ശതാബ്ദം കഴിഞ്ഞിരിക്കുന്നു. എന്നിട്ടെന്താണു്? അദ്ദേഹത്തിന്റെ ആത്മാവിൽനിന്നും ബഹിസ്സരിച്ചിരുന്ന ആ ആനന്ദമയൂഖങ്ങൾക്കു്—ആ 'ഭാവഗാന'ങ്ങൾക്കു് (Lyrics)—ഇന്നും ലോകത്തിൽനിന്നു വിഷാദാത്മകതയുടെ അന്ധകാരത്തെ അകറ്റുന്നതിനുള്ള സഹജശക്തി ക്ഷയിച്ചുപോയിട്ടില്ല. 'സൂഫി'കളുടെ സമ്പ്രദായം അംഗീകരിച്ച നിരാഡംബരമായ—പോരാ, കേവലം നിസ്വമായ—ജീവിതം നയിച്ചിരുന്ന ആ പാരസികമഹാകവി പൗരസ്ത്യദേശത്തെ എത്രമാത്രം സമ്പന്നമാക്കിയിട്ടില്ല! ആ കലാകാരന്റെ പ്രതിഭയിൽ വിളഞ്ഞ ഉൽകൃഷ്ടവികാരങ്ങളുടേയും അസാധാരണചിന്തകളുടേയും അമൂല്യത പാശ്ചാത്യനിരീക്ഷകന്മാർതന്നെ സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. സംസാരികളായ യുവാക്കന്മാരേയും സന്യാസികളായ പുരോഹിതവൃദ്ധന്മാരേയും ഒരേ തൂലികകൊണ്ടു് അധീനരാക്കി കൃതജ്ഞതാദരങ്ങൾ നേടുന്നതിന്നു കഴിഞ്ഞിട്ടുള്ള കവി 'ഹാഫിസ്'മാത്രമാണു്.

മഹാകവി മരിച്ചപ്പോൾ രസാവഹമായ ഒരു സംഭവം ഉണ്ടായത്രെ. ഇസ്ലാമികസംസ്കാരത്തിന്റെ സജീവ

സ്വരമാണ് അദ്ദേഹത്തിൻെറ സാഹിത്യം എന്നു വിശ്വസിച്ചിരുന്ന സഹൃദയന്മാരായ ആരാധകന്മാർ മൃതദേഹം ഒരു പരിപാവനസ്ഥലത്തു സംസ്കരിക്കണമെന്നു് ആഗ്രഹിച്ചു. എന്നാൽ,

'പാനഭാജനം, വീണ, പരമപ്രേമം കോലും
പാടലാധരികളുമില്ലാതെ തെല്ലെന്നാലും'

സമയം കളയരുതെന്നു പ്രഖ്യാപിച്ചിരുന്ന ഹാഫിസ് ശുദ്ധസാംസാരികനാണ്, സന്മാർഗ്ഗശത്രുവാണ്, മതവിദ്വേഷകനാണ്, എന്നു ചില അരസികശിരോമണികൾ അപവദിക്കുകയും പുണ്യസ്ഥാനത്തു ദേഹം സംസ്കരിക്കാൻ പാടില്ലെന്നു ശഠിക്കയും ചെയ്യാതിരുന്നില്ല. ഒടുവിൽ ആ മഹാശയൻെറ അഭിപ്രായംതന്നെ ഗ്രന്ഥം പകുത്തു നോക്കി കിട്ടുന്ന വരിയിൽനിന്നു് ഊഹിക്കുവാനാണ് രണ്ടു കൂട്ടരും തീരുമാനിച്ചതു്. ഇതായിരുന്നു പകുത്തു കിട്ടിയ സന്ദർഭം:

'ഹാഫിസിൻെറ അന്ത്യകൃത്യത്തിൽ വിമുഖനാകരുതേ; പാപനിമഗ്നനാണെങ്കിലും അവൻ സ്വർഗ്ഗത്തിൽ പ്രശോഭിക്കും.'

'ഷിറാസ്' എന്ന പ്രദേശത്തിനടുത്താണ് ഹാഫിസിൻെറ ശവകുടീരം. എഴുത്തച്ഛൻെറയോ, നമ്പ്യാരുടെയോ, ചെറുശ്ശേരിയുടെയോ നേരെ കൃതഘ്നമോ ഉദാസീനമോ ആയിരിക്കുന്ന കേരളമല്ല കവികളെ ആദരിക്കുന്ന പേർഷ്യ. ആ രാജ്യത്തിനു ജീവിതസൗരഭ്യത്താൽ ഹർഷോന്മാദം ജനിപ്പിച്ചു കൊഴിഞ്ഞുവീണ സന്താനങ്ങളെ യഥാർഹം ബ

ഹുമാനിസ്സുവാനറിയാം. കലാകുതുകികളും മതഭക്തന്മാരും ഫാഫിസിൻെറ ശവകുടീരം സാദരം സന്ദശിച്ചുവരുന്നു. അദ്ദേഹത്തിൻെറ ഭാവതുന്ദിലവും ഭാവനാവാസിതവുമായ ഗാനം പാരസികദേശത്തെ ഇന്നും പുളകം ചാത്തിക്കുന്നു.

പതിന്നാലാംശതകത്തിൻെറ പൂർവ്വാദ്ധത്തിൽ ഫാഫിസ് 'ഷിറാസ്' എന്ന പ്രദേശത്തു ജനിച്ചു. 'ഫാഫിസ്' എന്ന പദത്തിന്നു 'സൂക്ഷിപ്പുകാരൻ,' 'ഉടമസ്ഥൻ' എന്നാണത്രേ അത്ഥം. 'കൊറാൻ' മുഴുവൻ ആ പണ്ഡിതനു ഹൃദിസ്ഥമായിരുന്നതിനാലാണു് ഈ ബിരുദസംജ്ഞ. മുഹമ്മദ് ഷെംസുഡിൻ മതഭക്തനായ ജ്ഞാനിയായിരുന്നെങ്കിലും സൗന്ദര്യത്തെ ഭയപ്പെടുന്ന വിരക്തനായിരുന്നില്ല.

"വീണയുടെ കമ്പി മുറുക്കു! ഭാഗ്യദേവത, ഗുണവാന്മാർ അഹിക്കുന്നതിനെ എപ്പോഴെങ്കിലും നല്കിയിട്ടുണ്ടോ?

എല്ലാ പ്രയത്നങ്ങളും വെറുതെ. അവളുടെ നീചതയെ നാം ഉപഹസിക്കയും ചെയ്യുന്നു. പിന്നെ, ഈ നാഴികകൾ സജ്ജമാക്കുന്ന സമാഹ്ലാദങ്ങളിൽ എന്തുകൊണ്ടു നാം പങ്കുകൊള്ളുവാൻ പാടില്ല?

ഇതാ അന്തരിക്ഷം ആനന്ദമുഖരം;

ഇതാ, അവനിതലം കുസുമരുചിരം;

ഈ പനിനീർപ്പൂക്കൾ ഇപ്പോളെ വിടരു, ഇപ്പോൾ മാത്രം.

പേടിക്കരുതു്, പണ്ഡിതന്മാർ ശകാരിക്കുമായിരി
ക്കാം, ആവട്ടെ.

ഈ പരിമൃദുവായ പരിമളം പോകുംമുൻപേ ഗാന
ത്തിനും പ്രേമത്തിനുംവേണ്ടി ആത്മാവു് ഉണ
രട്ടെ.

ഓ, ഹാഫിസ്!—ഇതു ലജ്ജാകരമാണു്,—നമ്മേ
പ്പോലുള്ള പുംസ്കോകിലങ്ങളെസ്സംബന്ധിച്ചേട
ത്തോളം സ്വാമിദ്രോഹമാണു്. പനിനീർപ്പൂ
ക്കളുടെ കാലത്തു മോഹനഗാനങ്ങളുടെ കർത്താക്ക
ളായ നമ്മൾ പാടാതിരിക്കയോ!"

ഉമാർഖയ്യാമിന്റെ അനുശയശപഥങ്ങളെ നൂറു
നൂറാക്കി കീറിക്കളയുന്ന ആ വസന്തലക്ഷ്മിയും ആ പനി
നീർപ്പൂക്കളും, ഹാഫിസിന്റെ ഹൃദയത്തിലും സൗന്ദര്യത്തി
ന്റെ വിജയപതാക പറപ്പിക്കാതിരിക്കുന്നില്ല. ഷിറാസി
ലെ ആ ശവകുടീരം പ്രതിവഷം സന്ദശിക്കുന്ന വസന്തല
ക്ഷ്മി സുരഭിലമായ നെടുവീപ്പിടുന്നുണ്ടായിരിക്കണം; ആ
കാമുകന്റെ ശവപ്പെട്ടിമേൽ പനിനീർപ്പൂക്കൾ വാരി വി
തറുന്നുണ്ടായിരിക്കണം.

കവിയെ ബഹുമാനിക്കുക, കാവ്യത്തെ നിന്ദിക്കുക,
രണ്ടിനും തമ്മിൽ ഒരു പൊരുത്തം പോരായ്മയുണ്ടു്. ഈ
ശ്വരനെ സ്നേഹിക്കുക, ഈശ്വരസങ്കല്പത്തിന്റെ ഏകദേ
ശമായ പ്രപഞ്ചത്തെ വെറുക്കുക, ഇതു ഭോഷത്തമാണു്.
ആകഷ്ണങ്ങളായ രൂപങ്ങളിൽ, പ്രകൃതികാവ്യത്തിന്റെ
ആദിമകർത്താവു സ്വന്തം കൈകൊണ്ടു കുറിച്ച ലിപികൾ

ളാണു് അദ്ധ്യാത്മവാദിയായ കവി ദശിക്കുന്നതു്. ഇന്ദ്രിയദ്വാരങ്ങൾ ബന്ധിക്കരുതു്. നാദങ്ങളും, ഗന്ധങ്ങളും, സ്പശ്ങ്ങളും, രസങ്ങളും, രൂപങ്ങളും ആ സവ്വലോകകാമുകന്റെ സന്ദേശം കൊണ്ടുവരുന്ന തോഴികളാകുന്നു. ഫാഫിസ് ഈ പ്രപഞ്ചരഹസ്യം ഗ്രഹിച്ചിരുന്നു. അദ്ദേഹം ലോകത്തെ സ്നേഹിച്ചു: ഈശ്വരനിൽ സ്നേഹമില്ലാഞ്ഞിട്ടല്ല, അധികം സ്നേഹം ഉണ്ടായിട്ടാണു്. പ്രേമലേഖം ചവിട്ടിത്തേയ്ക്കുന്നതു്, കണ്ണീരിൽ നനയ്ക്കുന്നതു്, ചുംബനമധുരമാക്കുന്നതു്, മാറോടണച്ചുപിടിക്കുന്നതു കാമുകനോടു് അനുരാഗമില്ലാഞ്ഞിട്ടാണെന്നു വാദിക്കുന്ന അന്ധമായ വൈരാഗ്യം അസത്യവാദിയാകുന്നു. ഫാഫിസ് ചോദിക്കയാണു്:

"ഈദൃശമായ പ്രേമത്തെ, ഈദൃശമായ ആനന്ദത്തെ,
അധിക്ഷേപിക്കുവാൻ ഒരു ന്യായാധിപന്റെ,
അല്ലെങ്കിൽ ഒരു പുരോഹിതന്റെ കൃത്യമാണോ
എനിക്കു്?"

നല്ലതു്, ഫാഫിസ്, നല്ലതു്! അങ്ങു വന്ധ്യയായ വിരക്തിയെ പരപ്രത്യയനേയബുദ്ധിയായി വരിച്ചിരുന്നെങ്കിൽ അധന്യമായിത്തീരുമായിരുന്നു ജീവിതം; അപരാധമായിത്തീരുമായിരുന്നു ആ മതം.

ഞാൻ വിസ്മരിക്കുന്നില്ല, അങ്ങയുടെ അനഭിഭവനീയമായ വ്യക്തിമാഹാത്മ്യത്തെ അവഗണിക്കുവാൻ കഴിയാതിരുന്നതിനാൽ പല മതഭക്തന്മാരും ആ മദ്യത്തിന്നും, ആ പാനപാത്രത്തിന്നും, ആ വിശ്വമോഹിനിക്കും, ആ വീണയ്ക്കും, ആദ്ധ്യാത്മികമായ ഒരു പാവനീകരണം നട-

ത്തുവാൻ ഉദ്യമിച്ചിട്ടുണ്ട്. ഭീരുത്വം! അങ്ങു ചിരിച്ചിട്ടുണ്ടാവും. ആദ്ധ്യാത്മികമായ സത്യം, ജീവിതൈക്യം, പ്രപഞ്ചത്തിൽക്കൂടി സാക്ഷാൽക്കരിച്ചിട്ടുള്ള അങ്ങേയ്ക്കു് ഈ കാപട്യം ആവശ്യമില്ല; ഉണ്ടോ?

"എന്നാൽ, ഹാ! അവൾ വന്നു—

അവളുടെ ദർശനത്തിൽ എന്റെ ഹൃദയം, പ്രകാശ
സമാഗമത്തിൽ പുഷ്പംപോലെ, വിടർന്നു. എന്റെ
ഓരോ ദൃഢനിശ്ചയവും പറന്നു.

എന്റെ പ്രേമഭാജനത്തെ ഞാൻ വള്ളിക്കുടിലിൽ
ഇരുത്തും;
ഓമനയുടെ നീലകുന്തളം പനിനീർപ്പൂമാലകൊണ്ടു
കെട്ടും;
ആ വെൺകാപ്പുകളേക്കാൾ മനോഹരമായ മുല്ലപ്പൂ
മാലയാൽ ആ കോമളപാണികളെ ബന്ധിക്കും;
അകലെ!—ഞാൻ ഒരു സന്യാസിയായിട്ടല്ല പിറ
ന്നതു്."

കവിയുടെ മനോമോഹിനിയായ ഈ കാമിനി സുന്ദരിയായ ഒരു യുവതിതന്നെ. ഒന്നുമാത്രം സമ്മതിക്കാം; ആ സുരഭിലകുന്തളത്തിലും മൃദുലബാഹകളിലും ഹാഫിസ് ദർശിക്കുന്ന സൗന്ദര്യം ഐശ്വരമാണു്.

നമ്മുടെ കാളിദാസന്റെ ദുഷ്യന്തൻ വണ്ടിനോടു് അസൂയപ്പെടുകയും നേരംപോക്കു പറയുകയും ചെയ്യുന്ന ആ മനോഹരരംഗത്തെ അനുസ്മരിപ്പിക്കുന്ന ഒരു സന്ദർഭം എനിക്കു മറക്കുവാൻ കഴിയുന്നില്ല:—

"മനോഹരനായ മന്ദമാരുത!

കാമനയുടെ നിശ്വാസത്തെ നിൻെറ മർമ്മരങ്ങൾ വഹിക്കുന്നു;

ആ നെട്ടവീപ്പിൻെറ സൗരഭ്യം നിൻെറതന്നെ, സമ്മതിക്കുന്നു.

പക്ഷെ, അവളുടെ തലമുടിക്കിടയ്ക്കു കളിക്കുവാൻ സൂക്ഷിച്ചുവേണം.

എന്താണെന്നോ, ആ ഓരോ പൊൻചുരുളും എൻെറയാണു്; ഓർമ്മവേണം."

ഹാഫിസിൻെറ ആശയം നവീനവും, ഭാവന ഉജ്ജ്വലവും, അവ കലൻുണ്ടാകുന്ന 'അന്തരിക്ഷം' ആനന്ദാവഹവുമാണെങ്കിലും കവിതയ്ക്കു വൈചിത്ര്യം കുറയും. പനിനീർപ്പൂവും, വസന്തകാലവും, വല്ലകിയും, വല്ലഭയും ഏതു ദിക്കിലും മുൻപിട്ടു നില്ക്കുന്നു. എങ്കിലും പ്രതിപാദനകൗശലത്താൽ ഓരോ സന്ദർഭവും വിഭിന്നമായ അനുഭൂതിവിശേഷമാണു് ഹൃദയാലുക്കൾക്കു് ഉളവാക്കുന്നതു്. വസന്തങ്ങൾക്കു സാദൃശ്യമുണ്ടെങ്കിലും ഓരോ വസന്തവും ഓരോ അനുഭവമല്ലേ കൊണ്ടുവരുന്നതു്?

ഈ പാരസികകവിവരേണ്യൻെറ പല ഗാനങ്ങളും ആദ്ധ്യാത്മികമായ പരിമളം പരത്തി ശ്രോതൃഹൃദയത്തിൽ അനിർവചനീയമായ നിർവൃതി ജനിപ്പിക്കുന്നവയാണു്. ആത്മരഹസ്യപ്രകാശകമായ ചില വരികൾ, അവയുടെ സംഗീതത്തോടുകൂടാതെ, ഉദ്ധരിക്കുന്നതിനേ ഇപ്പോൾ സൗകര്യമുള്ളൂ.

"അപാരമായ നിത്യതയുടെ വിശാലതയിൽ—അ
തു് അനാദിയാണു്—ആയിരുന്നു അവിടന്നു്:
സർവ്വവ്യാപിയായ സൗന്ദര്യത്തിൻെറ കിരണങ്ങൾ
അവിടത്തെ മൂടുപടത്തിൻെറ അടിയിൽ, പുരി
കക്കൊടിയിൽ ജ്വലിച്ചു.

"അനന്തരം പ്രേമവും പ്രകൃതിയും പിറന്നു; ജീവിത
വും സൗന്ദര്യവും ഭൂമിയിൽ നിറഞ്ഞു;
ഹാ! എന്നാണു് ഞാൻ അവിടത്തെ പ്രാപിക്കുക?
എന്നാണു് ഞാൻ ദുഃഖമയമായ ഈ ലോകത്തെ
വീണ്ടും ആതിഥ്യത്തിന്നു് ആഗ്രഹിക്കാതെ വി
ടുക?

ആ വർത്തമാനം അവിടുന്നു് അറിയിക്കണമേ!
ഒരു പുണ്യപക്ഷിയാണു് ഞാൻ, ഈ പ്രപഞ്ചത്തി
ൻെറ വലയിൽനിന്നു പറന്നുപോവാൻ ആഗ്രഹി
ക്കുന്ന ഒരു പക്ഷി.

ഔദാര്യനിലയമായ പ്രഭോ,
എൻെറ പൂഴി അതിൻെറ ഗൃഹത്തിലേയ്ക്കു് ഉയരു
മ്പോൾ, അങ്ങയുടെ മാർഗ്ഗനിവേദകമായ പരി
പാവനശക്തിയാകുന്ന മേഘത്തിൽനിന്നു, സമ
യമാകുംമുൻപുതന്നെ പ്രോത്സാഹജനകമായ ഒരു
മഴ പൊഴിയണമേ!"

തേജോമയനായ ആദിത്യനുപോലും പ്രകാശം കൊ
ടുക്കുന്ന ആ പരമജ്യോതിസ്സിൻെറ ഉറവിലേയ്ക്കു തൃഷ്ണയോ
ടുകൂടി നോക്കിനില്ക്കുന്ന ഹാഫിസിനു വന്ദനം പറയുക!

# മുഹമ്മദ് ഇഖ്ബാൽ

## ആത്മഗാതാവായ കവി

1 "ഞാനനാഗതമായ കാലത്തിൻ കവിയുടെ
ഗാനമാം ചെവിയെനിക്കേകേണ്ടാ ഭവൽക്കാലം!"
—ഇഖ്ബാൽ

നവീനഭാരതത്തിൻെറ ഹൃദയചക്രവാളത്തിൽ ഉദിച്ചു, വിശ്വസാഹിത്യത്തിൻെറ വിശാലവക്ഷസ്സിലേയ്ക്കുയൎന്ന ഒരു ഉജ്ജ്വലജ്യോതിസ്സാണു്, മുഹമ്മദ് ഇഖ്ബാൽ. സ്ഥിരമൂല്യമില്ലാത്ത ക്ഷണികഭാവങ്ങൾക്കും മായികഭാവനകൾക്കും സുഭഗമായ രൂപം നല്കി ചിറകുകൊടുത്തു

1 "I have no need of the ear of to-day;
I am the voice of the poet of to-morrow".

വിടുന്ന ഒരു കവിയാണ് അദ്ദേഹം എന്നു ഭ്രമിച്ചുപോകരുതു്. ജീവിതസത്യത്തിൻെറ കിരണങ്ങളെ വഷിക്കുന്ന ആ അസാധാരണതേജഃപുഞ്ജത്തിൻെറ നിരതിശയസൗന്ദര്യവും നിരുപമമാഹാത്മ്യവും ഗ്രഹിക്കുന്നതിനു വേണ്ടിടത്തോളം ഔന്മുഖ്യം ആധുനികകാലം പ്രദശിപ്പിച്ചിട്ടുണ്ടോ എന്നു സംശയം ജനിക്കാവുന്നതാണ്. "വത്തമാനകാലം എൻെറ അഗാധമായ ആശയത്തെ അറിയുന്നില്ല" എന്നു് ആ ആത്മഗായകൻ വിഷാദിച്ചിട്ടുണ്ടു്. സാധാരണജനങ്ങളുടെ ചിന്താമണ്ഡലത്തിൻെറ പരിധിയിൽനിന്നു ബഹുദൂരം അകന്നും അത്യന്തം ഉയന്നും വത്തിക്കുന്ന, പ്രതിഭാസമ്പന്നനും തത്വചിന്തകനുമായ ഒരു കവിക്കു് ഈദൃശമായ അനുഭവം ഉണ്ടായിട്ടില്ലെങ്കിലല്ലേ അത്ഭുതം? ഏകദേശം ഇരുനൂറു സംവത്സരങ്ങൾക്കുമുമ്പു് ഇഖ്ബാലിൻെറ പൂവ്വന്മാർ ഹിന്ദുമതം പരിത്യജിച്ചു് ഇസ്ലാം സ്വീകരിച്ചെങ്കിലും, ഔപനിഷദമായ സംസ്കാരത്തിൻെറ പാരമ്പര്യം അദ്ദേഹത്തിൻെറ ഹൃദയസിരകളിൽ അവശേഷിച്ചിട്ടുണ്ടു്. എന്നാൽ ഇസ്ലാമികതത്വശാസ്ത്രത്തിൻേറയും പാരസിക'സൂഫിസ'ത്തിൻേറയും സാരസവ്വസ്വമാണ് ഇഖ്ബാലിൻെറ ജീവചൈതന്യപ്രസരത്തിൽ പ്രസ്പഷ്ടമായിരിക്കുന്നതു്. ബ്രാഡ്‌ലി, കാൻറ്, നിഷേ മുതലായ സുപ്രസിദ്ധപാശ്ചാത്യപണ്ഡിതന്മാരുടെ ചിന്തകളെ സ്വതന്ത്രനായ ഒരു വിമർശകൻെറ സ്വഭാവം വിടാതെ അദ്ദേഹം അദ്ധ്യയനം ചെയ്തിരിക്കുന്നു. 'മനശ്ശാസ്ത്ര'ത്തിൻേറയും നവീനഭൗതികവിജ്ഞാനത്തിൻേറയും വെളിച്ചത്തിലാണ് മതസിദ്ധാന്തങ്ങളെ അദ്ദേഹം പരി

ശോധിക്കുന്നതു്. ഇങ്ങനെ സഹജമായ അന്തൎന്നിരീക്ഷണസാമൎത്ഥ്യവും, ഉല്ലാദ്യമായ വിജ്ഞാനവിഭവവും തികഞ്ഞ ഒരു ഭാവനാശാലിയുടെ അഗാധാശയങ്ങൾ ക്ലേശഭീരുക്കളും അവധാനവിമുഖരുമായ അനുവാചകന്മാരുടെ മുമ്പിൽ സ്വയം വന്നുനില്ക്കുവാൻ ഇടയില്ല.

എന്നാൽ ഇഖ്ബാലിൻെറ ഗാനങ്ങൾക്കുള്ള വൈശിഷ്ട്യം പൂൎണ്ണമായി ഗ്രഹിക്കുവാൻ ആധുനികഭാരതം താല്പൎയ്യം പ്രദൎശിപ്പിച്ചിട്ടില്ലെങ്കിൽ, അതിനു വേറെയും കാരണങ്ങളുണ്ടെന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. കവിത ഇതരകലകളെപ്പോലെതന്നെ ആത്മാവിഷ്കാരണംമാത്രമല്ല; കവിഗതമായ അനുഭൂതിയെ പരഹൃദയത്തിലേക്കു പകൎത്തുന്നതുകൂടി അതിൻെറ ഒരു മുഖ്യധൎമ്മമാണു്. അതിനുള്ള ഉപകരണമാകുന്നു ഭാഷ. അമൂല്യങ്ങളായ ആശയങ്ങളെ പ്രകാശിപ്പിക്കുന്നതിനു്, ഇഖ്ബാൽ പ്രായേണ പാരസികഭാഷയേയാണു് ആശ്രയിച്ചിട്ടുള്ളതു്. 2"ഭാരതീയഭാഷകൾ ഹൃദ്യകൾതന്നെ; പക്ഷെ, പാരസീകഭാഷ ഹൃദ്യതര"യാണു് എന്നു മഹാകവിക്കു തോന്നി. 3"എൻെറ ചിന്തകളുടെ മഹോന്നത്യംകൊണ്ടു് ആ ഭാഷമാത്രമേ അവയ്ക്കു് അനുരൂപമായിരിക്കു" എന്നു് ഇഖ്ബാൽ തന്നെ ഗാനംചെയ്തിട്ടുണ്ടു്. ആ അനുഗൃഹീതൻെറ പ്രശസ്തകാവ്യങ്ങളുടെ മൗലികരൂപങ്ങൾ പ്രകാശിപ്പിക്കുവാനുള്ള ഭാഗ്യം ഒരു ഭാരതീയഭാഷയ്ക്കു് ഉണ്ടായിരുന്നെങ്കിൽ,

---

2 "Although the language of Hind is sweet as sugar
Yet sweeter is the fashion of the Persian speech."

3. "Because of the loftiness of my thoughts
Persian alone is suitable to them."

അവയുടെ മധുരോദാരങ്ങളായ അനുരണനങ്ങൾ എത്രയോമുമ്പുതന്നെ ആസേതുഹിമാചലം അലയിളക്കി വിഹരിക്കുമായിരുന്നു.

ഇഖ്ബാലിന്റെ കൃതികൾക്ക്, അവ അർഹിക്കുന്നിടത്തോളം പ്രചാരം ലഭിക്കാതിരിക്കുവാനുള്ള മറ്റൊരു ഹേതു ആ സ്വതന്ത്രചിന്തകന്റെ രാഷ്ട്രീയാഭിപ്രായമാണെന്നു സൂചിപ്പിച്ചാൽ അസംഗതമാകയില്ല. 'രാഷ്ട്രബോധ'ത്തിൽ രണ്ടു ഘടകങ്ങളാണല്ലോ അന്തർഭവിച്ചിട്ടുള്ളതു്: പ്രകൃതികമോ കൃത്രിമമോ ആയ സീമകളാൽ പരിച്ഛിന്നമായ ഒരു ഭൂവിഭാഗം; സംസ്കാരത്തിലും പരിഷ്കാരത്തിലും ഐകരൂപ്യമുള്ള ഒരു ജനസമൂഹം. ഈ രണ്ടു തത്വങ്ങളും സമഞ്ജസമായി സമ്മേളിച്ചിട്ടുള്ള രാഷ്ട്രങ്ങളിൽ 'ദേശീയവാദ'വും, 'ജാതീയവാദ'വും പരസ്പരവൈരികളല്ല. പാശ്ചാത്യഭൂവിഭാഗങ്ങളിൽ അനേകത്ര സംഭവിച്ചുവരുന്ന ക്രൂരമായ 'യഹൂദബഹിഷ്കാരം' ദേശീയബോധത്തിന്റേയും ജാതീയബോധത്തിന്റേയും സംഘട്ടനങ്ങളെ പരിഹരിക്കുവാനുള്ള മോഹത്തിന്റെ അനാശാസ്യചിഹ്നമാകുന്നു. ഇന്ത്യ, ഏകവും സ്വതന്ത്രവുമായ രാഷ്ട്രമായി പരിലസിക്കണമെന്നാണു് പ്രകൃതിയുടെ ഇച്ഛയെന്നു മഹാസമുദ്രം ഉദ്ഘോഷിക്കയും ഹിമവാൻ സമ്മതിക്കയും ചെയ്യും. എങ്കിലും മതം, ഭാഷ, ആചാരം ഇത്യാദികളാൽ വിഭിന്നങ്ങളായ ഒന്നിലധികം ജാതികൾ നിവസിക്കുന്നതാണു് ഈ ദേശം. നാനാത്വത്തിന്റെ അടിയിൽ സംസ്കാരസങ്കലനത്തിന്റെ ഫലമായ ഐക്യം ഉണ്ടെങ്കിലും അതു നിഗൂഢമാകുന്നു. മഹാകവിവരേണ്യനായ ഇഖ്ബാൽ, ആദ്യകാലങ്ങളിൽ, ആദർശഭക്തനായ ഒരു

'ദേശീയവാദി'യായിരുന്നു. "വിദേശാത്തരമായ രാജ്യമാകുന്നു നമ്മുടെ ഹിന്ദുസ്ഥാനം; ഭാരതം ആരാമവും ഞങ്ങൾ അതിലെ പൂങ്കുയിലുകളുമാണു്" എന്നു് അദ്ദേഹവും ആ കാലത്തൊക്കെ ആഹ്ലാദിച്ചിരുന്നു; അഭിമാനിച്ചിരുന്നു. എന്നാൽ, വളരെ വ്യാപകമായ അർത്ഥത്തിൽ പറകയാണെങ്കിൽ, ജീവിതപാഠങ്ങൾ മഹാകവിയെ സാർവ്വലൗകികമായ ആദർശത്തോടുകൂടിയ ഒരു 'ജാതീയവാദി'യാക്കിത്തീർക്കുകയത്രേ ചെയ്തതു്. 4 "നമ്മുടെ ഹൃദയം ഇന്ത്യയുടേയല്ല; ടർക്കിയുടേയോ സിറിയയുടേയോ അല്ല; ഇസ്ലാമാണു് നമ്മുടെ ഏകജന്മഭൂമി, ഇസ്ലാംമാത്രം" എന്നു് അദ്ദേഹം വികാരതീവ്രതയോടുകൂടി പ്രഖ്യാപനംചെയ്തിരിക്കുന്നു. സങ്കുചിതഹൃദയവും അക്രമപരവുമായ 'ആധുനികയൂറോപ്യൻ ദേശീയവാദ'ത്തിൻെറ കുത്സിതവ്യാപാരങ്ങളായിരിക്കാം ഈ പരിവർത്തനത്തിനു നിദാനം. ഇന്ത്യയിലെ ഹൈന്ദവമനോഭാവത്തിൻെറ അഭ്യുത്ഥാനവും പ്രേരകമായിത്തീർന്നിരിപ്പാൻ ഇടയുണ്ടു്. ഏതായാലും, ഭാരതത്തിലെ ദേശാഭിമാനതരംഗിതമായ ജീവിതചൈതന്യത്തിൽ ഈ ആശയപരിണാമം അത്യുഗ്രങ്ങളായ ചണ്ഡവാതങ്ങളേയും ചക്രവാതങ്ങളേയുമാണു് ഉൽപാദിപ്പിച്ചിട്ടുള്ളതു്. 'പ്രജാധിപത്യം' 5 'ഭൗതികസാമ്യവാദം' മുതലായ സിദ്ധാന്തങ്ങളോടും അദ്ദേഹത്തിനു മൌലികമായ വിപ്രതിപത്തിയുണ്ടു്. ചിന്താസ്വാതന്ത്ര്യവും ആശയപ്രകടനസ്വാതന്ത്ര്യവും ആത്മാവിഷ്കാരത്തിനു് അത്യ

---

4. "Our heart is not of India, Turkey and Syria;
Our common birth-place is nothing but Islam"

5. "True equality must be spiritual and not material."

ന്താപേക്ഷിതമാകയാൽ ഇഖ്ബാലിനെപ്പോലുള്ള ധീരാത്മാക്കൾക്ക് ആ അവകാശങ്ങൾ ഉണ്ടായിരിക്കണമെന്നേ, സംസ്കാരപോഷണത്തിൽ കൗതുകവും, വ്യക്തിമാഹാത്മ്യത്തിൽ വിശ്വാസവുമുള്ളവർ ആഗ്രഹിക്കുകയുള്ളൂ. അഭിപ്രായഭേദങ്ങളെക്കൊണ്ടു സംഭവിച്ചിട്ടുള്ള വാതകമേഘപടലങ്ങളെ അവഗണിച്ച് ആ മഹാജ്യോതിസ്സിന്റെ യഥാർത്ഥമഹിമയെ അറിവാനും ആദരിപ്പാനും കാലം സന്നദ്ധമാവുമെന്നുള്ളതു സന്തോഷാവഹംതന്നെ.

ഇഖ്ബാലിന്റെ കാവ്യസൗന്ദര്യം ആസ്വദിക്കുവാൻ ആഗ്രഹിക്കുന്ന ഭാവുകൻ കലാധർമ്മത്തെക്കുറിച്ച് അദ്ദേഹം രൂപവൽക്കരിച്ചിട്ടുള്ള അഭിപ്രായങ്ങൾ, സാമാന്യമായിട്ടെങ്കിലും, ധരിച്ചിരിക്കേണ്ടതാകുന്നു. 6 "ശാസ്ത്രവും കലയും ജീവിതത്തിന്റെ ഭൃത്യരാണ്—അതിന്റെ ഗൃഹത്തിൽ പിറന്നു വളൎന്ന രണ്ടടിമകൾ." ജീവിതശക്തികളെ വികസിപ്പിച്ചു, പ്രകൃതിവിജയം സാദ്ധ്യമാക്കി മനുഷ്യനെ ഉന്നമിപ്പിക്കേണ്ട ശാസ്ത്രം സംഹാരോപകരണമായിത്തീൎന്നിരിക്കുന്നതിൽ ആ മഹാശയൻ പരിതപിക്കുന്നു; ജീവിതസത്യങ്ങളെ പ്രകാശിപ്പിച്ച്, ആദൎശപരമായ ജീവിതം നയിക്കുവാൻ പ്രേരിപ്പിക്കേണ്ട കല ശബ്ദേന്ദ്രജാലങ്ങളിൽ വിഹരിച്ചും, ആത്മശക്തിയെ ക്ഷയിപ്പിച്ചും കൎമ്മവാസനയെ ദുൎബ്ബലമോ മലിനമോ ആക്കിത്തീൎക്കുന്നതിൽ വിഷാദിക്കുന്നു. 'കല കലയ്ക്കുവേണ്ടി' എന്ന വാദം കലാപരമായ അപജയത്തെയത്രേ സൂചിപ്പിക്കുന്നതു്. പരതന്ത്രങ്ങളായ രാഷ്ട്രങ്ങളിൽ യഥാർത്ഥകല മുളച്ചുവ

6. Science and art are servants of Life,
Slaves born and bred in its house.

ളരുകയില്ല. തളിക്കുകയും പൂക്കുകയും ചെയ്യുമെങ്കിലും അസ്വാതന്ത്ര്യത്തിന്റെ അന്തരിക്ഷത്തിൽ കല ഉൽകൃഷ്ടങ്ങളായ ചിന്താഫലങ്ങളെ ഉൽപാദിപ്പിക്കുകയില്ല. 7 "കവിതയുടെ നാണ്യം നിങ്ങളുടെ കയ്യിലുണ്ടെങ്കിൽ, ജീവിതത്തിന്റെ ഉരകല്ലിൽ ഉരച്ചുനോക്കിയാലും"—മാററും വിലയും നിർണ്ണയിക്കുവാൻ അതാണ് ഏകമാർഗ്ഗം.

സൗന്ദര്യജീവിതമാണ് കല എന്നുതന്നെയാണ് ഇഖ്ബാലും വിചാരിക്കുന്നതു്. പക്ഷേ അദ്ദേഹം സങ്കല്പിക്കുന്ന സൗന്ദര്യം ആത്മനിഷ്ഠമാണ്. "കവിയുടെ ഹൃദയമാകുന്ന സൗന്ദര്യത്തെ ആവിഷ്കരിക്കുന്നതു്." പ്രകൃതിയേയും ജീവിതത്തേയും അനുകരിക്കയോ പകർത്തുകയോ അല്ല ഇഖ്ബാലിന്റെ തൂലിക ചെയ്യുന്നതു്; അതിശയിക്കയോ ആദർശപദത്തിലേയ്ക്കു് ഉന്നമിപ്പിക്കയോ ആണ്. എങ്കിലും, കവിത ജീവിതത്തിനോടു ബന്ധമില്ലാത്ത സ്വപ്നമോ, കലാസൗന്ദര്യം മരുമരീചികയോ ആകുവാൻ പാടില്ലെന്ന് അദ്ദേഹം വിശദമാക്കിയിട്ടുണ്ടു്. കവി, സൗന്ദര്യത്തിന്റെ അപാരതയിൽക്കൂടി ആദർശത്തിന്റെ അനന്തമായ ഔന്നത്യത്തിലേയ്ക്കു ഭാവനകൊണ്ടു പറന്നുപൊങ്ങും; പക്ഷേ, അവന്റെ വിഷയം, അവനു് ഉപജീവിക്കുവാനുള്ള വസ്തു, സാധാരണലോകത്തിൽത്തന്നെ. ഇഖ്ബാലിന്റെ കവിത, വ്യക്തിപരമാകയാൽ ഭാവനാപ്രധാനവും കലാശില്പപൂർണ്ണമാകയാൽ ധ്വന്യാത്മകവുമായിരിക്കുന്നു.

---

7. "Oh if thou hast the coin of poesy in thy purse,
Rub it on the touch-stone of life."

കലാപ്രയോജനം ഉൽകൃഷ്ടങ്ങളായ ആഗ്രഹങ്ങളെ ഉദ്ബുദ്ധങ്ങളാക്കുകയും തദ്വാരാ വിശിഷ്ടങ്ങളായ കർമ്മപ്രേരണകളെ സന്നദ്ധമാക്കുകയുമല്ലാതെ മററൊന്നല്ല. വ്യക്തിയുടേയോ സമുദായത്തിൻേറയോ ഹൃദയത്തെ ദുർബ്ബലവും വിഷാദാത്മകവും നിരുന്മേഷവുമാക്കുന്ന കവിത അപകൃഷ്ടമാകുന്നു. 'ഹാഫിസ്' മുതലായ പാരസികകവികളുടെ 'ഛായാവാദ'ത്തെ (Mysticism) ഇഖ്ബാൽ നിർദ്ദയമായി അധിക്ഷേപിച്ചിട്ടുള്ളതു് ഈ തത്വത്തെ അവലംബിച്ചുകൊണ്ടാണു്. യവനപണ്ഡിതനായ പ്ലേറോവിനെപ്പോലെ, മൃതങ്ങളായ ആശയങ്ങളുടെ മദ്ധ്യത്തിലാണു്, വാസ്തവലോകത്തിൻെറ കർമ്മസങ്കുലമായ ഹൃദയത്തിലല്ല, ആ ഛായാവാദികൾ ഇരുന്നു സ്വപ്നംകാണുന്നതു്. ജീവിതക്ഷതങ്ങളുടെ വേദന അറിയാതിരിക്കുവാൻ സാങ്കല്പികമായ ദ്രാക്ഷാരസത്തിൽ മുങ്ങിക്കിടക്കുന്നവരെ ഇഖ്ബാൽ അനുകമ്പയോടുകൂടി വീക്ഷിക്കുന്നു.

'ഒരു ഗാനം വിതച്ചു് ഒരു വാളു കൊയ്യുന്ന' നമ്മുടെ മഹാകവി അനേകം മനോഹരകൃതികൾ രചിച്ചിട്ടുണ്ടെങ്കിലും, അവയിൽ സർവ്വോത്തരമായ സ്ഥാനം ആർജ്ജിച്ചിട്ടുള്ളതു്, 'ആത്മരഹസ്യം' (അസ്രാർ-ഇ-ഖുഡി; The Secrets of the self) ആകുന്നു. അന്യകൃതികളെല്ലാം ഏതൽഗ്രന്ഥത്തിലെ മൗലികാശയത്തിൻെറ പല്ലവങ്ങൾമാത്രമാണു്. വ്യക്തിയുടെ ജീവിതവികാസമാണു് ആ മനോഹരകാവ്യത്തിലെ കേന്ദ്രീഭൂതമായ ആശയം. നിമ്നോന്നതമാണെങ്കിലും ചൈതന്യവത്തായ പ്രവൃത്തിമാർഗ്ഗത്തേക്കാൾ, ശൂന്യമാകയാൽ ശ്മശാനപ്രായമായ 'നിവൃത്തിമാർഗ്ഗ'ത്തെ പ്രശംസിക്കുന്നു, ഭൗതികമായ പ്ര-

ത്യക്ഷലോകത്തെ മിത്ഥ്യയും, സാങ്കല്പികപരോക്ഷലോക ത്തെ സത്യവുമാക്കുന്ന, ഒരു തത്ത്വശാസ്ത്രമാണു് പൗരസ്ത്യജീവിതത്തെ അധഃപതിപ്പിച്ചതെന്നു് അദ്ദേഹം ദർശിച്ചു. സംസ്കാരത്തിന്റെ ഉറവുകളെല്ലാം വററിയോ മൂടിയോ കിടക്കുകയാണെന്നും, ആത്മചൈതന്യമോ ഉല്ലാസശക്തിയോ അല്ല, സങ്കേതവും ആചാരവുമാണു് പൗരസ്ത്യജനതയെ ഭരിക്കുന്നതെന്നും അദ്ദേഹത്തിനു ബോധ്യമായി. എന്നാൽ, സർവ്വോപരി ആ മഹാത്മാവിനെ വിഷാദിപ്പിച്ചതു പരതന്ത്രങ്ങളായ പൗരസ്ത്യദേശങ്ങളുടെ യാചകഭാവമാണു്. പാശ്ചാത്യരെ അന്ധമായി അനുകരിക്കയും സ്വകീയമായ സംസ്കാരപരിഷ്കാരങ്ങളെ അവഹേളിയ്ക്കയും ചെയ്യുന്ന കാഴ്ച ഇഖ്ബാലിനു സഹിക്കാവുന്നതായിരുന്നില്ല. യൂറോപ്പിന്റെ പഴന്തുണിയാണു് ഏഷ്യയുടെ പൂമ്പട്ടെന്നു് ആ നിരീക്ഷകൻ ഗ്രഹിച്ചു.

8. "ക്രൂരമാം കൊട്ടംവെയ്ലിൽദ്ദാഹിക്കെ രാജാവോടും
നീരയാചനം ചെയ്യാതിരിക്കുന്നവൻ ധന്യൻ."

എന്നാണു് കവിയുടെ അഭിമാനഭരിതമായ സന്ദേശം. "യാചകന്റെ ലജ്ജ അവന്റെ ഫാലത്തെ സ്വിന്നമാക്കുന്നില്ലല്ലോ. അവൻ തൃഷ്ണാപരവശനായിരുന്നാലും മനുഷ്യത്വമുള്ളവനാണു്; അവൻ മൃൽപിണ്ഡമല്ല."

പാശ്ചാത്യരാഷ്ട്രങ്ങളിലേയ്ക്കും ആത്മപ്രകാശം കാണുവാൻ ആ അന്വേഷകൻ തിരിഞ്ഞുനോക്കി. ശക്തിമത്തായ ബുദ്ധിയെയല്ലാതെ ചൈതന്യവത്തായ ആത്മാവിനെ

---

8. Happy the man, Who thirsting in the Sun
Does not crave of Khizr a cup of Water."

കണ്ടില്ല. ഭൗതികശക്തിയാൽ ആത്മവിസ്മൃതിയോടുകൂടി വർത്തിക്കുന്ന ഒരു ജീവിതമാണ് അവിടെ ദൃശ്യമായതു്. മനുഷ്യത്വത്തെ യന്ത്രം ഗ്രസിച്ചിരിക്കുന്നു! "മൂലധനം പ്രയത്നത്തിൻെറ സിരകളിൽനിന്നു രക്തത്തെ വലിച്ചെടുത്തുകൊണ്ടിരിക്കുന്നു." സാമ്യവാദം (Socialism) അദ്ദേഹത്തെ അല്പം ആകർഷിക്കാതിരുന്നില്ല. പക്ഷേ, അതും അനാദരണീയമായിത്തോന്നി.

"സാമ്യവാദത്തിൻെറ അസ്തിവാരം ഭൗതികവാദമാകുന്നു; ആ നാസ്തികപ്രവാചകൻെറ (Karl Marx) മതം ഉദരത്തിൻെറ സമത്വത്തിലാണ് പ്രതിഷ്ഠിതമായിരിക്കുന്നതു്. സമത്വം, യഥാർത്ഥസമത്വം, ഹൃദയത്തിനെയാണ് ആശ്രയിച്ചിരിക്കേണ്ടതു്, മൂർത്തിനെയല്ല: ആത്മീയമാണ്, ഭൗതികമല്ല" എന്നു് ഇസ്ലാംമതം പ്രാണവായുവായി ശ്വസിച്ചു ജീവിച്ച ഇഖ്ബാൽ ഉറക്കെ വിളിച്ചുപറഞ്ഞുകൊണ്ടു തിരിഞ്ഞുപോന്നു.

സൂക്ഷ്മമായ നിരീക്ഷണവും സ്വാനുഭൂതികളുടെ സ്വതന്ത്രമായ അപഗ്രഥനവുംകൊണ്ടു വർത്തമാനപരിതഃസ്ഥിതിയോടു നിർഭയം എതിരിടുവാനും ആത്മീയമായ ഒരധിഷ്ഠാനത്തിന്മേൽ സുന്ദരവും സമത്വപൂർണ്ണവുമായ ഒരു ഭാവിലോകത്തെ സങ്കല്പിക്കുവാനും ആ നവീനദാർശനികൻ സന്നദ്ധനായി. അദ്ദേഹം മതം എന്ന പദംകൊണ്ടു വിവക്ഷിക്കുന്നതു് 'ഇസ്ലാം'മാത്രമല്ലേ? അദ്ദേഹത്തിൻെറ സമത്വസുന്ദരമായ ആദർശസമുദായം ഇസ്ലാമികം മാത്രമല്ലേ? ഈ സംശയങ്ങൾ ഈ സന്ദർഭത്തിൽ പുരികം ചുളിക്കുമെന്നു ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ ഉദാരമായ ഒരു മ

നോഭാവത്തോടുകൂടി സമീപിക്കുന്നപക്ഷം, സാർവ്വലൗകികമായ ഒരു മൂല്യംതന്നെ ഇഖ്ബാലിൻെറ സന്ദേശത്തിനുണ്ടെന്നു കാണാവുന്നതാണു്. നൈസർഗ്ഗികങ്ങളും മനുഷ്യകൃതങ്ങളുമായ ചങ്ങലകളിൽ കുടുങ്ങി, ഭൗതികവാദത്തിൻെറ അടിയിൽ അമർന്നു മൂകമായിക്കിടക്കുന്ന മനുഷ്യാത്മാവിനെ മോചിപ്പിക്കുവാനും പോഷിപ്പിക്കുവാനും ദൈവപ്രതിനിധിയായി വാഴിക്കുവാനുമുള്ള ഒരു സമാരംഭമാണു് 'ആത്മരഹസ്യ'ത്തിൽ പ്രത്യക്ഷമാകുന്നതു്. ആ ഗ്രന്ഥം സശ്രദ്ധം പഠിക്കുമ്പോൾ

"ഉദ്ധരേദാത്മനാത്മാനം,
നാത്മാനമവസാദയേൽ;
ആത്മൈവ ഹ്യാത്മനോ ബന്ധു-
രാത്മൈവ രിപുരാത്മനഃ"

എന്ന ഗീതാവചനം സ്മരിക്കാതിരിക്കയില്ല.

'ആത്മരഹസ്യ'ത്തിൻെറ പ്രഥമഖണ്ഡം പ്രപഞ്ചപ്രതിഷ്ഠ ആത്മതത്ത്വത്തിലാണെന്നും ഓരോ വ്യക്തിയുടേയും ജീവിതോൽക്കർഷം ആത്മാവിനെ ബലിഷ്ഠമാക്കുന്നതിനുള്ള ശക്തിയെ ആശ്രയിച്ചിരിക്കുന്നുവെന്നും വിശദമാക്കുന്നു. ബീജഭൂതമായ ഈ താത്ത്വികാശയം, ഉജ്ജ്വലഭാവനകളാലും, അചുംബിതോല്ലേഖങ്ങളാലും, ആകർഷകമായ പ്രതിപാദനരീതികൊണ്ടു്, ബുദ്ധിയെ ക്ഷീണിപ്പിക്കുന്ന തത്ത്വശാസ്ത്രത്തിൻെറ നിലയിൽനിന്നു്, ഹൃദയത്തെ പ്രീണിപ്പിക്കുന്ന ഉത്തമകവിതയുടെ പദവിയിലേക്കു് ഉയർന്നിട്ടുണ്ടു്. കവി കേവലമായ ഒരു ജ്ഞാനത്തെ ഉപദേശിക്കയല്ല, വികാരനിർഭരമായ ഒരപൂർവ്വാനുഭൂതിയെ

അന്യാത്മാവിലേയ്ക്കു സംക്രമിപ്പിക്കയാണു് ചെയ്യുന്നതു്. 'ആത്മാവു മാത്രമാകുന്നു സത്യം' എന്നു യാജ്ഞവല്ക്യാദികളുടെ ഔപനിഷദസൂക്തങ്ങളിൽ ഇല്ലാത്തതല്ല. പക്ഷേ, ആ വാക്യങ്ങളുടെ ലക്ഷ്യം നിശിതമായ ബുദ്ധിയാണു്; മൃദുലമായ ഹൃദയമല്ല.

ആത്മാവിന്റെ ആവിഷ്കാരമാകുന്നു ബാഹ്യപ്രപഞ്ചരൂപം. ആത്മാവിൽ അനേകശതം ലോകങ്ങൾ അനാവിഷ്കൃതങ്ങളായി കിടക്കുന്നുണ്ടു്. സ്വശക്തിപ്രതിഷ്ഠാപനത്തിനു് ആത്മാവു സ്വയം വിതച്ചിട്ടുള്ളതാണു് പ്രതികൂലശക്തികൾ. ആത്മശക്തിയുടെ ഉല്കൃഷ്ടാപകർഷങ്ങൾക്കു് അനുരോധമായിട്ടാണു്, ജീവിതത്തിനു് ഉല്കൃഷ്ടാപകർഷങ്ങൾ ഉളവാകുന്നതു് എന്നു് ഇഖ്ബാൽ വ്യഞ്ജിപ്പിക്കുന്നതു നോക്കുക.

9. "സ്വത്വത്തിൽ സ്ഥിരസ്ഥിതയാകയാലവനിയെ
നിത്യവുമടിമയായമ്പിളി വലംവെപ്പൂ.
സാരവത്തരമായൊരാത്മാവു സൂരന്നില്ലേ?
സൂരനേത്രത്താൽ സമാകൃഷ്ടയാണവനിയും."

ആത്മാവു സർവ്വവ്യാപകമാണു്; എങ്കിലും, സർവ്വത്ര സമമായ നിലയിലല്ല തൽസാന്നിദ്ധ്യം. ഓരോ പരമാണുവിലും ആ മൗലികതത്വം സുപ്തമായിരിക്കുന്നുണ്ടു്. അനാവിഷ്കൃതവും അലസവുമായി വർത്തിക്കുന്ന ശക്തി കർമ്മപ്രേ

---

9. Because the earth is firmly based on self existence
The captive moon goes round it perpetually.
The being of the Sun is stronger than that of the Earth.
Therefore is the earth fascinated by the Sun's eye."

രണകളെ ബന്ധിക്കയത്രേ ചെയ്യുന്നതു്; വിശ്വജീവിതം ആത്മശക്തിയിൽനിന്നു സമുല്പന്നമാകയാൽ, ആ ശക്തിയുടെ ന്യൂനാതിരേകഭാവങ്ങൾക്കു് അനുരൂപമായിട്ടാണു്, ജീവിതമഹിമ. ആത്മവിസ്മൃതി അപകർഷത്തിനും ആത്മബോധം ഉൽക്കർഷത്തിനുമുള്ള രാജമാർഗ്ഗങ്ങളാകുന്നു. 10"ഒരു ജലബിന്ദു ആത്മതത്ത്വം ഹൃദിസ്ഥമാക്കുമ്പോൾ, അതു നിസ്സാരമായ സ്വജീവിതത്തെ സസാരമായ മുക്താഫലമാക്കുന്നു." "പർവ്വതം ആത്മാവിനെ ഉപേക്ഷിക്കട്ടെ; അതു തകർന്നു തരിമണലാവും. കടലിൻെറ ആക്രമണത്തെക്കുറിച്ചു് ആവലാതി തുടങ്ങും."

ജീവിതം ഒരു വിജയസംരംഭമാണു്; മത്സരമാണു്; കലഹമാണു്. പ്രകൃതി ആത്മാവിലും ആത്മാവു പ്രകൃതിയിലും ആക്രമണം നടത്തിക്കൊണ്ടിരിക്കുന്നു. ഇതിൻെറ നിർഭരതയും പാകഭേദവും അനുസരിച്ചാണു് ഉൽക്കർഷാപകർഷങ്ങൾ ഉളവാകുന്നതു്. ഇഖ്ബാൽ, കസ്തൂരിയേയും വൈരത്തേയുംകൊണ്ടു സംഭാഷണം ചെയ്യിച്ചു്—കവിയുടെ ദിവ്യസങ്കല്പത്തിൻെറ സ്പർശമുണ്ടായാൽ ഏതു വസ്തുവാണു് ഉണർന്നെഴുന്നേററിരുന്നു സംസാരിക്കാത്തതു്—ഈ തത്ത്വം വിശദമാക്കുന്നു. ശാശ്വതതേജസ്സോടുകൂടിയ ആ രത്നം മൂലവസ്തുവെ സംബന്ധിച്ചിടത്തോളം കസ്തൂരിയിൽനിന്നു ഭിന്നമല്ലല്ലോ. എന്തന്തരമാണു്: താപംകൊണ്ടു് ഇരുണ്ട കസ്തൂരി അത്ഭുതപ്പെട്ടു: 11"എനിക്കു് ഒരു മൺ

---

10. "When a drop of water gets the self's lesson by heart It makes its worthless existence a pearl."

11. "My stuff is so vile that I am valued less than earth, Whereas the mirror's heart is rent by thy beauty."

കട്ടയുടെ വിലപോലുമില്ല. അത്ര നിന്ദ്യമാണ് എൻെറ ദേഹം. എന്നാൽ ദപ്പണത്തിൻെറ ഹൃദയം നിൻെറ സൗന്ദര്യത്താൽ പിളൎന്നുപോകുന്നുവല്ലോ!" വൈരം സമാധാനിച്ചു: "ബുദ്ധിമാനായ സുഹൃത്തേ, ഇരുണ്ട മൺകട്ട, കാഠിന്യം പ്രാപിക്കുമ്പോഠം രത്നപട്ടത്തിൻെറ ഗൗരവം നേടുന്നു. പരിതഃസ്ഥിതികളുമായി വളരെക്കാലം കലഹത്തിൽ കഴിഞ്ഞിട്ടു്, ആ മത്സരത്താൽ, ആ സമ്മൎദ്ദത്താൽ, അതു പരിപകചത സമ്പാദിക്കുന്നു; ഒരു രത്നത്തെപ്പോലെ ദാൎഢ്യത്തോടുകൂടി വളരുന്നു. ഈ പരിപാകമാണ് എൻെറ രൂപം ഭാസുരമാക്കിയതു്; എൻെറ ഹൃദയം തേജോമയമാക്കിയതു്. നിൻെറ സത്വം പൂൎണ്ണമായ വളൎച്ച പ്രാപിച്ചിട്ടില്ല."

ആത്മാവിൻെറ വികാസത്തിനു് ആഗ്രഹനിരാകരണമോ സവ്വസംഗപരിത്യാഗമോ അല്ല മാൎഗ്ഗം. "പൂക്കുയിലിനു പാടുവാനുള്ള ഇച്ഛയാണ് കൊക്കു കൊടുത്തതു്." "ആശ, ജീവിതാഖേടകനു സൗന്ദര്യത്തെ, ആദൎശത്തെ, വീശിപ്പിടിക്കുവാനുള്ള വലയാകുന്നു." ഉൽകൃഷ്ടമായ ആദൎശത്തെ, ഇച്ഛായുക്തമായ കൃത്യത്തെ, അഭിമുഖമാക്കി ആശയെ വ്യാപരിപ്പിക്കുക. വ്യക്തിയുടെ സ്വത്വം ഈശ്വരനിൽ ലയിക്കുകയല്ല, ഈശ്വരമഹിമ ആകാവുന്നിടത്തോളം സ്വത്വത്തിൽ പകൎത്തി ദൈവപ്രതിപുരുഷനായി വാഴുകയാണ്, ആത്മബോധമുള്ള മനുഷ്യൻെറ കൎത്തവ്യം.

* 'ആത്മരഹസ്യം' എന്ന കാവ്യം പ്രദാനംചെയ്യു

* എൻെറ മന്യസുഹൃത്തും ഉത്തമസാഹിത്യകാരനും ആയ വക്കം അബ്ദുൽഖാദർ ഈ ഗ്രന്ഥം വിവൎത്തനം ചെയ്തിട്ടുണ്ടു്.

ന്ന സവ്വലോകഹൃദയംഗമമായ സന്ദേശത്തിന്റെ ഏകദേ ശച്ഛായ ഇപ്പോൾ പ്രത്യക്ഷമായിരിക്കുമല്ലോ. 'ആത്മവാ നായിത്തീരുക' എന്ന ഏകവാക്യത്തെ, സ്വതന്ത്രമായ തത്ത്വചിന്തയും സ്വഭാവസുഭഗമായ ഭാവനയും ഒരുമിച്ചു ചേൻ പ്രപഞ്ചനം ചെയ്യുന്നതാണു് ഞാൻ ഈ കാവ്യ ത്തിൽ കാണുന്നതു്.

## ഫരിദ് ഉദ്ദിൻ

### അററാർ

(ഒരു ദാർശനികകവിവരേണ്യൻ)

ആനന്ദം! പരമാനന്ദം!

ഞാൻ കേവലം ഞാനാണെന്ന ജ്ഞാനം ഇനി
വരാതവണ്ണം പോയി; മഹാവിജയമായി.
ആത്മപ്രേമത്താൽ ഞാൻ ആളിക്കത്തുന്നു;
ആത്മപ്രേമം എന്നെ ആവരണം ചെയ്യുന്നു.
എന്നിലാണു് ദിവ്യകേന്ദ്രം; എമ്പാടും അതിൻെറ
അത്ഭുതവലയത്താൽ സാന്ദ്രം!

ആനന്ദം! പരമാനന്ദം!

മർത്ത്യചിന്തയ്ക്കു് അളക്കാവുന്നതല്ല എൻെറ അഗാധത.
ഞാനാണു് രത്നവ്യാപാരി; ഞാൻതന്നെ രത്നവും.
ഹാ! കാലവും ആകാശവും എൻെറ കാല്ക്കൽ
തലകുനിച്ചു നില്ക്കുന്നു.

ആനന്ദം! പരമാനന്ദം!

ഞാൻ ആഹ്ലാദോന്മാദത്താൽ എൻെറ
അഗാധതയിലേയ്ക്കു് ആണ്ടുപോകുന്നു; എല്ലാം കാണുന്നു.

—അററാർ.

പ്രതിഭയെ വിഭ്രമിപ്പിക്കുന്ന പ്രപഞ്ചത്തിൻെറ നാനാത്വത്തിൽ നിലകിട്ടാത്ത സുഖദുഃഖമയങ്ങളായ അനുഭവങ്ങളുടെ തരങ്ഗായമാണമായ ഗതിയിൽ ഉയൎന്നും താഴ്ന്നും തുഴഞ്ഞു തുഴഞ്ഞു മിക്കവരും മരണത്തിൻെറ മഹാവൎത്തത്തിൽ അപ്രത്യക്ഷരാവുകയാണു്. നട്ടപ്പാതിരയ്ക്കു സമ്മതം ചോദിക്കാതെ നടുക്കടലിലേയ്ക്കു് ഉറക്കത്തിൽ എറിയപ്പെട്ടതുപോലുള്ള സംഭ്രമത്തോടുകൂടി നാം ജീവിതമാരംഭിക്കുന്നു; കരയോ നിലയോ കിട്ടാതെ തളൎന്നു തളൎന്നു മരവിക്കുന്നു; ഓരോരുത്തരായി മറഞ്ഞുപോകുന്നു. അപൂൎവ്വാനുഗ്രഹത്തിനു പാത്രങ്ങളായ ചില വ്യക്തികൾക്കു മാത്രമേ പ്രാപഞ്ചികജീവിതത്തിൻെറ അഗാധതലത്തിൽ, നാനാത്വത്തിൻെറ അടിയിലെ ഏകത്വത്തിൽ, ക്ഷണികതകളുടെ അപ്പുറത്തുള്ള ശാശ്വതികതയിൽ കാൽ മുട്ടി എന്നൊരു 'ഭൂതോദയം,' (Intuition) പ്രമാണാന്തരനിരപേക്ഷമായ ഒരന്തൎജ്ഞാനം, ലഭിക്കാറുള്ളു. മഹാഗോളങ്ങൾ അവരുടെ കാലുകളിൽ പററിയ മൺതരികളാണു്; കാലം അവരുടെ കാൽച്ചുവട്ടിൽ മാഞ്ഞുപോകാനേ ഉള്ളു. താദൃശമായ അനുഭൂതിവിശേഷം സിദ്ധിച്ചതിനാലുണ്ടായ അനിൎവ്വചനീയമായ ആനന്ദത്താൽ മതിമറന്നു് ഉന്മത്തനെപ്പോലെ ഉൽഗാനം ചെയ്യുന്ന ഒരു ദാൎശനികകവിയുടെ ആത്മാലാപമാണു് മുകളിൽ ഉദ്ധരി

ച്ച വാക്യങ്ങളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നതു്. പന്ത്രണ്ടാം ശതകത്തിൻെറ ഉത്തരാദ്ധത്തിൽ പാരസികരാജ്യത്തു (പേഴ്സ്യ) ഫരിദ് ഉദ്ദിൻ അററാറിനെ ആധ്യാത്മികജ്ഞാനത്തിലോ, ആഷസിദ്ധികളിലോ, കവനകലാപാടവത്തിലോ അതിശയിക്കുന്ന ആരും ജീവിച്ചിരുന്നില്ല. "ജലാലുദിൻ റൂമി ആത്മജ്ഞാനത്തിൻെറ കൊടുമുടിയിലേയ്ക്കു് ഇഴഞ്ഞുരിച്ചു കയറി; അററാറാകട്ടെ, കണ്ണുചിമ്മിത്തുറക്കുന്ന സമയംകൊണ്ടു്, അവിടേയ്ക്കു പറന്നെത്തി," എന്നാണു്, ആ രണ്ടു് അദ്ധ്യാത്മവാദികളേയും ആദരപൂവ്വം താരതമ്യപ്പെടുത്തുന്ന ഒരു പണ്ഡിതൻ പ്രസ്താവിക്കുന്നതു്. നിശാപ്പൂരിനു് അടുത്തുള്ള ശാന്തസുന്ദരമായ ഒരു കുഗ്രാമത്തിൽ വിടന്നു്, ആധ്യാത്മികചിന്താപരിമളം അരികേയും അകലേയും പകന്നു്, എഴുനൂറിൽപ്പരം നീണ്ട സംവത്സരങ്ങൾക്കു മുൻപു മണ്ണടിഞ്ഞ ഫരിദ് ഉദ്ദിൻെറ ജീവിതം നിത്യസൗന്ദര്യത്തിൻെറ പാദങ്ങളിൽ ഒരു കവി സമപ്പിച്ച അച്ഛനാകുസുമമായിരുന്നു.

'അററാർ' എന്ന വാക്കിനു് 'ഔഷധവ്യാപാരി' എന്നാണത്ഥം. ആ മഹാകവിയുടെ പിതാവു മരുന്നുകളും സുഗന്ധദ്രവ്യങ്ങളും വിററു മാന്യമായ വിധത്തിൽ ജീവിതം നയിച്ചിരുന്ന ഒരു പൗരമുഖ്യനായിരുന്നു. ഫരിദ് ഉദ്ദീനും ജീവികാമാൎഗ്ഗത്തിൽ അച്ഛനെ അനുഗമിക്കയാണു് ചെയ്തതു്. പക്ഷേ, ശാരീരികങ്ങളായ വേദനകളേയും വ്രണങ്ങളേയും പരിഹരിക്കാനും ദൈഹികാരോഗ്യം വളത്തുവാനും ഉള്ള വെറും മരുന്നുകൾ വിൽക്കുവാനുള്ളതായിരുന്നില്ല, ആ യുവാവിൻെറ അനുഗൃഹീതഹ

ന്നും. ലോകത്തിൻെറ ആത്മീയരോഗങ്ങൾ അറിയുവാനും, മാനസികദൌർബ്ബല്യം ഗ്രഹിക്കുവാനും നിപുണനായ നമ്മുടെ കവിരാജൻ മനുഷ്യാത്മാവിൻെറ അരോഗസുന്ദരമായ അവസ്ഥയ്ക്കു് അത്യന്താപേക്ഷിതമായ ഭാവനകളേയും വികാരങ്ങളേയും വിചാരങ്ങളേയും കലാസിദ്ധാന്തത്തിനനുരോധമായി കലർത്തി അമൂല്യങ്ങളായ ഗാനങ്ങൾ നിർമ്മിച്ചു. 20,000 പദ്യം അററാറിൻെറ ഉൽകൃഷ്ടതൂലികയിൽനിന്നു് ഉദിച്ചുയർന്നിട്ടുണ്ടു്. വിവിധവിഷയങ്ങളെ പരാമർശിക്കുന്ന അനേകം വിശിഷ്ടഗദ്യഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിരിക്കുന്നു. അദ്വൈതവാദത്തിൻെറ സാഹോദര്യം വഹിക്കുന്ന സൂഫിസത്തിൻെറ സംസ്കാരപ്രകാശമാണു് അവയിലെല്ലാം വ്യാപിച്ചിരിക്കുന്നതു്.

സമ്പന്നനായ ഔഷധവ്യാപാരി സർവ്വസംത്യാഗം ചെയ്തു ഒരു ദാർശനികനായിത്തീരാൻ ഇടയാക്കിയ സന്ദർഭം ഇവിടെ ഓർമ്മവരുന്നു. യുവാവായ അററാർ ഒരിക്കിൽ തൻെറ മരുന്നുപീടികയിൽ നിർവ്വിചാരനായി ഇരിക്കുകയായിരുന്നുവത്രേ. ധനവും, യൌവനവും, ചേർന്നിരിക്കുന്നടിക്കിൽ വിവേകം അപൂർവ്വമായിട്ടേ കടന്നുചെല്ലുക പതിവുള്ളുവെന്നു പ്രസിദ്ധമാണല്ലോ. വൃദ്ധനായ ഒരു ഭിക്ഷു തെരുവിൽക്കൂടി നടക്കുന്നതിനിടയ്ക്കു ഫരീദിൻെറ ഔഷധശാലയിലേയ്ക്കു നോക്കി. സുഗന്ധദ്രവ്യങ്ങളുടെ പരിമളം അവിടെ പരന്നിരുന്നു; യുവാവിൻെറ മുഖത്തു ധനഗർവ്വം സ്ഫുരിച്ചിരുന്നു. ആ അപരിചിതനായ ജ്ഞാനിയുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞുപോയി. ലൗകികസുഖസാമഗ്രികളുടെ ദുഃഖപര്യവസായിതയും മനുഷ്യജീവിത

ത്തിൻെറ ക്ഷണികതയും അറിയാതെ ഫരീദ് ഉദ്ദീനെ പ്പോലെ ബുദ്ധിയും ശക്തിയും ഉള്ളവർ അവയെ ആരാധിച്ചു കഴിഞ്ഞുകൂട്ടുന്നുവല്ലോ എന്ന വിചാരമായിരുന്നിരിക്കാം അതിനു ഹേതു. ഏതായാലും ആ യുവാവു് അതിനു കല്പിച്ച വ്യാഖ്യാനം അങ്ങനെയായിരുന്നില്ല. തൻെറ അനുകമ്പയെ ഉദ്ദീപിപ്പിച്ചു വല്ലതും പിച്ചവാങ്ങിക്കുവാൻ വൃദ്ധൻ മനഃപൂർവ്വം കണ്ണുനീർ പുറപ്പെടുവിച്ചതാണെന്നു് ആ അനുകമ്പനീയൻ ഭ്രമിച്ചുപോയി. "കടന്നുപോവു! ഭിക്ഷു." എന്നു പകുതി പരിഹാസവും പകുതി കോപവും കലൎന്ന സ്വരത്തിൽ അദ്ദേഹം ഗൎജ്ജിച്ചു.

ആ ജ്ഞാനിയുടെ ശാന്തഭാവത്തിൽ ആ വാക്കുകൾ ഒരു വികാരവും ഉണ്ടാക്കിയില്ല. "ശരി, നിങ്ങളുടെ ഈ വാതില്ക്കൽനിന്നു പോവാൻ ആരും എന്നെ തടുക്കുകയില്ല; ഈ ലോകത്തിനോടുതന്നെ, വേണമെങ്കിൽ, ഈ നിമിഷത്തിൽ എനിക്കു യാത്രപറയാം. ഈ ഒരു ജീൎണ്ണിച്ച വസ്ത്രമേ എനിക്കുള്ളു. എപ്പോൾ വേണമെങ്കിലും ഉപേക്ഷിക്കാമിതു്. എന്നാൽ, കഷ്ടം! യുവാവേ, അങ്ങയുടെ സ്ഥിതിയോൎത്തിട്ടാണു് ഞാൻ വ്യസനിക്കുന്നതു്. ഈ ഭൗതികധനത്തിൻെറ ഉടമസ്ഥത മുഴുവൻ പരിത്യജിച്ചിട്ടു മരിക്കുക എന്ന കഥ അങ്ങേയ്ക്കു ചിന്തിക്കുവാൻപോലും കഴിയുമോ?"

ആ വൃദ്ധൻെറ ചോദ്യം വെറുതെയായില്ല. ഉണ്ണുമ്പോഴും ഉറങ്ങുമ്പോഴും ആ വാക്യങ്ങൾ അത്താറിൻെറ ചിന്തയെ വേട്ടയാടുവാൻ തുടങ്ങി. ഒടുവിൽ അദ്ദേഹം സ്വയം ദാരിദ്ര്യലക്ഷ്മിയെ വരിച്ചു, ആദ്ധ്യാത്മികജ്ഞാനം

സംഭരിച്ചു; ശാന്തിയെ പരമലക്ഷ്യമാക്കി ജീവിതം നയി ക്കവാൻ തുടങ്ങി.

'കവിത, വികാരത്തിൻേറയും ഭാവനയുടേയും ഭാഷ യാണു്; തത്വചിന്ത ആ സുകുമാരപ്രകൃതിക്ക യോജിച്ച തല്ല' എന്ന പക്ഷത്തിനു പ്രാബല്യം സിദ്ധിച്ചിരുന്ന ഒരു കാലഘട്ടത്തിലല്ല ഫരീദ് ഉദ്ദീൻ ജീവിച്ചിരുന്നതു്. ദാൎശനികത്വവും കവിത്വവും സൗഹാൎദ്ദത്തോടുകൂടി പര സ്പരം ഗുണാധായകമായ വിധത്തിൽ മേളിച്ചിരുന്ന ഒരു ധൎമ്മഗായകനായിരുന്നു ആ അനുഗൃഹീതൻ. അദ്ദേഹ ത്തിൻെറ ഉത്തമകാവ്യമായ പെരിദ് നാമാഹ് ധൎമ്മപ്ര കാശകമായ ഒരു ഗ്രന്ഥമാണു്. അററാറിൻെറ ആശയ ങ്ങളുടെ ആസ്തികസൗന്ദൎയ്യം ഒരു സന്ദൎഭത്തിൽ ഇങ്ങനെ പ്രത്യക്ഷമായിരിക്കുന്നു:

"സ്വൎഗ്ഗം ലഭിക്കവാൻ ആഗ്രഹിക്കുന്നെങ്കിൽ
ഈ സൂക്തം കണ്ണുകളിൽനിന്നു മറയാതിരിക്കട്ടെ!
നിൻെറ ഹൃദയം നിത്യനിൎമ്മലവും പ്രകാശോ
ജ്ജ്വലവും ആയ ഒരു ദൎപ്പണമായിരിക്കണം.
ഭാഗ്യലക്ഷ്മിയുടെ വിശദമായ മന്ദഹാസം നിൻെറ
നേരെ പതിക്കുന്നെങ്കിൽ നീ നന്ദിപറയുക;
അവൾ മുഖം വീൎപ്പിക്കുന്നെങ്കിൽ, ആഹ്ലാദം
പ്രദൎശിപ്പിക്കുക."

'പക്ഷികളുടെ സമ്മേളനം' എന്ന കൃതി ഈശ്വര സാക്ഷാൽക്കാരത്തിനുള്ള ഉപായങ്ങളേയും പ്രതിജനഭിന്ന ങ്ങളായ വിഘ്നങ്ങളേയും ഭംഗ്യന്തരേണ വൎണ്ണിക്കുന്ന ഒരു പ്രതിരൂപാത്മകകാവ്യമാണു്. സൃഷ്ടികാലംമുതൽ എല്ലാ

വർഗ്ഗങ്ങൾക്കും ഒരു രാജാവുണ്ട്; പക്ഷികൾക്കുമാത്രമില്ല. അവരെല്ലാം ഒരുമിച്ചുകൂടി ആലോചിച്ച് ഒരു രക്ഷകനെ കണ്ടുപിടിക്കണമെന്നു നിശ്ചയിക്കുന്നു. ഇസ്ലാമികവേദ ഗ്രന്ഥത്തിൽ പ്രസിദ്ധമായിത്തീൎന്നിട്ടുള്ള 'പുള്ളാ'ണു് മുൻപോട്ടു വന്നു് 'എനിക്കു പ്രഭുവിനെ അറിയാം. നിങ്ങളെ അദ്ദേഹത്തിൻെറ സന്നിധിയിലേയ്ക്കു നയിക്കാൻ ഞാനുണ്ടു്' എന്നു വാഗ്ദാനം ചെയ്യുന്നതു്. ഹൈന്ദവപുരാണങ്ങളിൽ ശിവൻെറ ആവാസസ്ഥാനം കൈലാസമാണല്ലോ. കാക്കസസ്മലയിലാണു് പക്ഷികളുടെ രക്ഷകനായ 'സിമർഗ്.' സൂഫികാവ്യങ്ങളിൽ, സൎവ്വഗുണനായ ദൈവത്തിൻെറ പ്രതിരൂപം (Symbol) ആയിട്ടാണു് പ്രസ്തുത പക്ഷിയെ വൎണ്ണിക്കുന്നതു്. 'അദ്ദേഹം വളരെ അടുത്താണു്, പക്ഷേ നാം വളരെ ദൂരെയാകുന്നു' എന്നാണു് പക്ഷികളുടെ മാൎഗ്ഗദൎശകനായ പുള്ളിൻെറ നിഗൂഢാത്മകമായ പ്രഖ്യാപനം.

ആരംഭത്തിൽ അത്യുത്സാഹം പ്രകടിപ്പിച്ച പറവകളിൽ ചിലതു മാൎഗ്ഗക്ലേശം അനുഭവപ്പെട്ടുതുടങ്ങിയപ്പോൾ ഓരോ തടസ്സം പറഞ്ഞുതുടങ്ങി. രാക്കുയിൽ (Nightingale) പനിനീർപ്പൂവിൻെറ കാമുകനാണു്. ആ സൗന്ദൎയ്യധാമത്തിൻെറ സ്തുതിപാഠകനായ ഗായകനാണു്. 'ഞാൻ ആ പൂവിനോടുള്ള അനുരാഗത്തിൽ നിമഗ്നനായിരിക്കുന്നു. എൻെറ ജീവിതംതന്നെ ആ പ്രേമസൎവ്വസ്വത്തിൻേറതാണു്. എന്നെപ്പോലെയുള്ള ഒരു ക്ഷുദ്രജീവിക്കു സിമൎഗ്ഗിൻെറ ഉജ്ജ്വലതേജസ്സു സഹിക്കാനാകുമോ' എന്നു രാക്കുയിൽ പിൻതിരിയാൻ ഒരുങ്ങി. ക്ഷണികങ്ങളായ ഭൗതി

കവസ്തുക്കളിലുള്ള രതി ദൈവമാൎഗ്ഗസഞ്ചാരികൾക്കു മുള്ളായിട്ടാണു് തീരുക എന്നു് ഒരു ഭിക്ഷുവിൻേറയും രാജകുമാരിയുടേയും കഥ പറഞ്ഞാണു് പുള്ളു വ്യക്തമാക്കുന്നതു്. ഓരോ തത്വം സൂചിപ്പിക്കുവാൻ ഓരോ കഥ ഇങ്ങനെ അവതരിപ്പിച്ചിരിക്കുന്നു. ആഹ്ലാദവും ധൎമ്മബോധവും ഒരുമിച്ചു ജനിപ്പിക്കുന്ന ഒരു കൃതിയാണു് പ്രസ്തുതകാവ്യം.

സൂഫിസത്തിൻേറയും വേദാന്തത്തിൻേറയും വെളിച്ചം വാരി വിതറുന്ന കവികൾ മരണത്തിൻെറ അനിവാൎയ്യതയേയും ഭൗതികഭാവങ്ങളുടെ ക്ഷണികതയേയും കരുണമായോ ഉപഹാസദാരുണമായോ വൎണ്ണിക്കുന്നതു കേൾക്കുമ്പോൾ, അവർ സുഖപരായണരായ ഭീരുക്കളാണെന്നു തോന്നിപ്പോകും. അവരെ, പ്രപഞ്ചജ്ഞാനം ധീരന്മാരും കൎമ്മതല്പരന്മാരുമാക്കുകയാണു് ചെയ്യുന്നതു്. ജീവിതത്തിൽ സ്വാൎത്ഥപ്രേരണയാൽ പററിപ്പിടിക്കുന്നില്ലെന്നു മാത്രം. രക്തദാഹം മുഴുത്ത ചെന്നായ്ക്കളെപ്പോലെ ചെങ്കിസ്ഖാൻെറ പടയാളികൾ പാരസികരാജ്യത്തെ ആക്രമിച്ചപ്പോൾ, നൂററിപ്പതിനാലു ശരൽക്കാലത്തിൻെറ മുഖം കണ്ടുകഴിഞ്ഞിരുന്ന അററാർ മനുഷ്യരുടെ യുദ്ധകൗതുകത്തേയും വീരകീൎത്തിഭ്രമത്തേയും ഓൎത്തു വിഷാദിച്ചിരുന്നിരിക്കണം. ഒരു സൈനികൻ ആ മഹാനെ തടവുകാരനാക്കി പിടിച്ചു. കിട്ടിയവരെ മുഴുവൻ നിഗ്രഹിക്കയായിരുന്നു, ആ വീരമാനിയുടെ വിനോദം. വിവേകരഹിതമായ ആ യോദ്ധാവിൻെറ വാൾ മരണത്തിൻെറ നേരെ ശാന്തഗംഭീരമായ ഭാവത്തിൽ നില്ക്കുന്ന ആ കവിയുടെ നേരെയും ഉയൎന്നു. അല്പം മനുഷ്യത്വം അവശേഷിച്ചിരുന്ന

മറെറാരു ഭടനു്, ആ ഭക്തനെ വല്ലവിധത്തിലും രക്ഷി ച്ചാൽ കൊള്ളാമെന്നു തോന്നാതിരുന്നില്ല. ആയിരം വെ ള്ളിനാണയം കൊടുത്തു് ആ നരച്ച ജീവിതത്തെ പകരം വാങ്ങാൻ അയാൾ ഒരുങ്ങി. ആ സന്ദർഭത്തിൽ അററാർ ആതതായിയോടു് ഇങ്ങനെ പറഞ്ഞുവത്രേ: “ഇത്ര തുച്ഛ മായ വിലയ്ക്കു് എന്നെ വില്ക്കരുതു്?” ആ ജീർണ്ണിച്ച കൂട്ടിൽ നിന്നു സ്വാതന്ത്ര്യസുഭഗമായ പക്ഷി പറന്നുപോയ്ക്കൊള്ള ട്ടെ എന്നായിരുന്നു അദ്ദേഹത്തിൻെറ ഇച്ഛ. ദുരാഗ്രഹി യായ ഭടൻ കൂടുതൽ പണം കിട്ടുമെന്നു വിചാരിച്ചുപോ യി. പക്ഷേ, ആരാണു് ഒരു വൃദ്ധകവിയുടെ ജീവിതം വി ലകൊടുത്തു വാങ്ങാൻ. മറെറാരു ഭടൻ പറഞ്ഞു, ആ കി ഴവൻെറ ദേഹത്തിനു ഒരുപിടി വയ്ക്കോൽ വേണമെങ്കിൽ വിലയായിട്ടു കൊടുക്കാമെന്നു്. ‘ഇതാണു് ഈ ശരീരത്തി നുള്ള യഥാർത്ഥമൂല്യം’ എന്നു അററാർ ചിരിച്ചുകൊണ്ടു പ്രസ്താവിച്ചപ്പോൾ സൈനികനു കോപമടക്കുവാൻ കഴി ഞ്ഞില്ല. അവൻ വാൾ ഒന്നു വീശി; ഇന്നും ലോകം ആ രാധിക്കുന്ന ഒരു മഹാസാത്വികൻെറ ഭൗതികശരീരം മുറി ഞ്ഞു നിലം പതിച്ചു. പൈശാചികമായ ഒരു ചിരിയാ ണു് ആ പട്ടാളക്കാരൻെറ മുഖത്തു് ഉദയംകൊണ്ടതു്.

# നൈസാമി

കവി ഏതു ദേശത്തു ജനിച്ചാലും, ഏതു കാലത്തു ജീവിച്ചാലും, വിശ്വസംസ്കാരത്തിന്റെ വിശാലനഭസ്സിൽ ധാർമ്മികസൗന്ദര്യത്തിന്റെ കിരണങ്ങൾ പ്രസരിപ്പിച്ചു കൊണ്ടു പ്രകാശിക്കുവാൻ ശക്തനാകുമ്പോൾ എല്ലാ ദേശത്തിന്റേയും എല്ലാക്കാലത്തിന്റേയും ആരാധനത്തിനു പാത്രമായിത്തീരുന്നു. അല്ലെങ്കിൽ, പാരസികദേശത്തിലെ ഒരു ചെറിയ നഗരമായ 'കാൻധഹറിൽ' പതിന്നാലിൽപരം വർഷശതകങ്ങൾക്കുമുൻപ് ഉദിച്ചുയൎന്ന നൈസാമി ഇന്നും പാശ്ചാത്യപൗരസ്ത്യാശയങ്ങളിൽ ആഹ്ലാദത്തിന്റെ വേലിയേററം ഉണ്ടാക്കുന്ന അമൃതദീധിതിയായി വൎത്തിക്കുമായിരുന്നുവോ? താൽക്കാലികവും പ്രാദേശികവും ആയ വിഷയങ്ങളും ഭാഷാഭേദവുമാണു് കവിതക്കു

പരിമിതി നല്കുന്നതു്. ശാശ്വതികങ്ങളായ ഉൽകൃഷ്ടഭാവനകളും വികാരങ്ങളും ആ കലയ്ക്കു്, എന്നാലും, സാവ്വദേശീയവും നിത്യവുമായ മൂല്യം നല്കുന്നു.

പാരസികകാവ്യലക്ഷ്മിയുടെ പഞ്ചേന്ദ്രിയങ്ങളായി ഗണിച്ചുപോരുന്ന അഞ്ചു കൃതിരത്നങ്ങളാണു് 'നൈസാമി'യുടെ ആത്മഖനിയിൽ വിളഞ്ഞിട്ടുള്ളതു്. വീരത്തേയും പ്രേമത്തേയുംപോലെ സാവ്വജനീനങ്ങളായ ഭാവങ്ങളില്ലെന്നു തോന്നുന്നു. ലോകസാഹിത്യത്തിലെ സകലമനോഹാരികളായ മിക്ക കാവ്യങ്ങളിലും പ്രസ്തുതവികാരങ്ങൾക്കു പ്രാധാന്യം സിദ്ധിച്ചിരിക്കുന്നതു തന്മൂലമായിരിക്കണം. നമ്മുടെ പ്രാചീനസാഹിത്യനിരൂപകന്മാർ ശൃങ്ഗാരമോ വീരമോ അങ്ഗിരസത്വേന കാവ്യങ്ങളിൽ പ്രകാശിപ്പിക്കണമെന്നു് അനുശാസിച്ചിരിക്കുന്നതിനും മറ്റൊന്നായിരിക്കുകയില്ല ഹേതു. നൈസാമിയുടെ മുഖ്യങ്ങളായ മൂന്നു കാവ്യങ്ങൾ 'ശൃങ്ഗാരക്കറ' താപാഗ്നിജ്വാലയിൽവെച്ചു നീററിക്കളഞ്ഞെടുത്തിട്ടുള്ള വിശുദ്ധപ്രേമത്തിൻെറ ദീപ്തി ചിതറുന്നവയാണു്. ലോകവിജിഗീഷുവായ അലക്സാൻഡരുടെ ചരിതത്തെ ഉപജീവിച്ചു രചിച്ചിട്ടുള്ള 'വീരഗാഥ'യാണു് മറെറാന്നു്.

നീലവർണ്ണങ്ങളും സ്നിഗ്ദ്ധകുടിലങ്ങളും ആയ പുരികക്കൊടികൾക്കു് ഇന്ദ്രനീലനിർമ്മിതങ്ങളായ സ്വർഗ്ഗഗോപുരങ്ങളേക്കാൾ കാമനീയകം ജനിപ്പിക്കുവാൻ ശക്തമായ പ്രേമത്തെ ഹൃദയം സുഖാലസവും ഇന്ദ്രിയദാസവുമാക്കിത്തീക്കുന്ന ഒരു ദുർബ്ബലമായ മനോരോഗമായിട്ടല്ല നൈസാമി ചിത്രീകരിച്ചിട്ടുള്ളതു്. ജീവിതത്തെ ക്ലേശസഹിഷ്ണു

തകൊണ്ടും ത്യാഗപരതകൊണ്ടും അനുഗ്രഹിക്കുന്നതിനുള്ള അത്ഭുതവൈഭവം അതിനുണ്ട്. "പ്രകൃതി വാഗ്ദാനം ചെയ്വാൻപോലും മടിക്കുന്ന സിദ്ധികളെ പ്രണയം പ്രദാനം ചെയ്യുന്നു" എന്നാണ് ആ കവിവര്യന്റെ അഭിപ്രായം.

നൈസാമിയുടെ ഗ്രന്ഥങ്ങളിൽ അഗ്രഗണ്യമായതു 'ഖൊസ്രു പാർവീസ്' എന്ന പാരസികരാജാവിന്റേയും അദ്ദേഹത്തിന്റെ പ്രിയതമയായ 'ഷിറിൻ' എന്ന സ്ത്രീരത്നത്തിന്റേയും ജീവിതസംഭവങ്ങളെ അധികരിച്ചു രചിച്ചിട്ടുള്ള ഐതിഹാസികകാവ്യമാകുന്നു. 'കാല്പനികപ്രസ്ഥാന'ത്തിന് അലങ്കാരമായ ഒരത്യുജ്ജ്വലരത്നംതന്നെയാണ് ആ കൃതി. യവനചക്രവർത്തിമാരോടു പടപൊരുതി, പലപ്പോഴും യശോമാല്യസുഭഗയായ വിജയലക്ഷ്മിയെ വരിച്ചിരുന്ന 'ഖൊസ്രു' പുരുഷോചിതഗുണങ്ങളുടെ വിലാസരംഗംതന്നെ. സ്വർഗ്ഗസുന്ദരിമാരെ അധഃകരിക്കുന്ന അലൗകികലാവണ്യത്തോടുകൂടിയ രാജ്ഞി ആ മഹാവീരന്റെ ശവകുടീരത്തിനു സ്വജീവിതരക്തംകൊണ്ടു കുങ്കുമം ചാർത്തിയ ആ സ്നേഹോജ്ജ്വലവും കരുണകരുണവുമായ സംഭവംവരെ കവിയുടെ കലാശില്പം പ്രവർത്തിക്കുന്നു. സ്വജീവനായകനു മറെറാരു പത്നിയിൽ പിറന്ന ഒരു പുത്രൻ, ഖൊസ്രു ഐഹികവാസം വെടിഞ്ഞപ്പോൾ ഷിറീനിനെ തന്റെ ഭോഗവാസനകളാൽ മലിനയാക്കുവാൻ ഉദ്യമിച്ചു. ചാരിത്രശാലിനിയായ ആ വീരവനിത ഗത്യന്തരമില്ലാതായപ്പോൾ, ജീവനേക്കാൾ സാരമായി ഗണിച്ചിരുന്ന മാനത്തേയും ശുദ്ധിയേയും രക്ഷിക്കുന്നതിനുവേണ്ടി, ഭർത്താവിന്റെ ശവക്കല്ലറ ഒരിക്കൽ സന്ദർശിക്കുവാൻ

അനുവാദം നൽകിയാൽ ആ പ്രണയശാസനത്തിനു് അധീനമായി വർത്തിച്ചുകൊള്ളാമെന്നു പുതിയ കാമുകനെ അറിയിച്ചുവത്രേ. ആ ചപലൻ അതിനു് അനുമതി നല്കി. ഖൊസ്രുവിൻെറ ശവകുടീരത്തിൽ ഷിറീൻ സ്വജീവിതംതന്നെ അൎപ്പിച്ചു് അൎച്ചനചെയ്യുമെന്നു് ആ അനുരാഗാന്ധൻ വിചാരിച്ചിരുന്നില്ല. പേൎഷ്യയിലെ തുടുത്ത പനിനീർപ്പൂക്കൾ ഇന്നും ആ സുചരിതയുടെ ഹൃദയരക്തത്തിൽനിന്നു വൎണ്ണവും, യശസ്സിൽനിന്നു പരിമളവും സമ്പാദിച്ചുകൊണ്ടായിരിക്കണം വിരിയുന്നതു്.

ആ രാജദമ്പതിമാരുടെ ചരിതത്തിൽ മുഖ്യമായ ഒരുപാഖ്യാനം 'ഫെർഹാദ്' എന്ന ശില്പകലാചതുരൻെറ അനുരാഗംകൊണ്ടു സുരഭിലമായിത്തീൎന്നിട്ടുള്ളതാണു്. പൗരസ്ത്യഭൂഭാഗങ്ങളിലെ പല ശിലാഖണ്ഡങ്ങൾക്കു ശാശ്വതവും സ്വൎഗ്ഗീയവും ആയ രൂപവും ജീവനും കൊടുത്ത ആ യുവാവിൻെറ ആത്മാവു ഷിറീനിൻെറ ലാവണ്യത്തിൽക്കുടുങ്ങിപ്പോയി. 'ഖൊസ്രു'വിനോടു നിൎവ്യാജമായ പ്രണയമുണ്ടായിരുന്ന ആ രാജ്ഞിയെ തനിക്കു ലഭിക്കുകയില്ലെന്നു നിശ്ചയമായിരുന്നിട്ടും 'ഫെർഹാദ്' തൻെറ സ്നേഹം പ്രത്യക്ഷമാക്കാതിരുന്നില്ല. ആ കലാകാരൻെറ ധൈൎയ്യം രാജാവിനെ വ്യാകുലനാക്കി. എന്നാലും, മഹാമനസ്കനായ 'ഖൊസ്രു' ആ ശില്പിയെ നിഗ്രഹിച്ചു രാജകീയനീതിയെ അപമാനിക്കുവാൻ മുതിൎന്നില്ല. സചിവന്മാരുമായി ആലോചിച്ചു ഫെർഹാദിൻെറ ജീവിതം മുഴുവൻ വിനിയോഗിച്ചാലും പൂൎണ്ണമാകില്ലെന്നു തോന്നിയ ഒരു മഹാകൃത്യത്തിനു് ആ കാമുകനെ നിയോഗിക്കുകയാണു് അദ്ദേഹം ചെയ്തതു്. ആപൽക്കരമായ സ്വപ്നത്തിൽ

നിന്നു് ആ ക്ലേശം ക്രമത്തിൽ അയാളെ ഉണൎത്തുമെന്നു രാജാവു് ആശിച്ചു.

ഒരു ദിവസം 'ഖൊസ്രു' ആ യുവശില്പിയെ സ്വസന്നിധിയിൽ വരുത്തി. ഒരു വലിയ മലയുടെ ശിലാമയമായ ഹൃദയം തുരന്നു, മറുപുറത്തുള്ള അരുവിയെ എതിർവശത്തേയ്ക്കു പ്രവഹിപ്പിക്കുവാനുള്ള ഭാരമാണു് രാജാവു് ആ പ്രതിയോഗിയിൽ ചുമത്തിയതു്. ധീരമായ തന്റെ വജ്രകഠിനമായ ഹൃദയം പിളൎന്നാലേ, അതിന്റെ പിറകിൽ അന്യദുരാപമായി വൎത്തിക്കുന്ന രാജ്ഞീപ്രണയം 'ഫെർഹാദി'ന്റെ ഇച്ഛയുടെ ഭാഗത്തേയ്ക്കു പ്രവഹിക്കുകയുള്ളു എന്നായിരുന്നുവോ അതിന്റെ ആന്തരമായ അൎത്ഥമാവോ? സുന്ദരിയായ രാജ്ഞിയെ ആ ഭഗീരഥപ്രയത്നത്തിനു പ്രതിഫലമായി ലഭിക്കുമെങ്കിൽ, താൻ ഏതിനും സന്നദ്ധനാണെന്നായിരുന്നു യുവാവിന്റെ ധീരമായ സമാധാനം.

അനേകം ഉഷസ്സുകൾ, പ്രണയപ്രേരണയാൽ ശിലാമയമായ പൎവ്വതഹൃദയത്തോടു പൊരുതിക്കൊണ്ടിരുന്ന ഫെർഹാദിനെ അത്ഭുതാഹ്ലാദങ്ങളോടുകൂടി എത്തിനോക്കുവാൻ ആകാശതടാകത്തിന്റെ വക്കത്തു വന്നു തിരിച്ചുപോയി; അനേകം പകലുകൾ നിരൎത്ഥകമായ പ്രേമചാപല്യം എന്നു് ഉപഹസിച്ചു ചിരിച്ചുകൊണ്ടു കടന്നുപോയി. എത്ര സന്ധ്യകളാണു് ആ അനുരാഗത്തിന്റെ നിരാശതാപരിണാമം വിഭാവനംചെയ്തു വാടിക്കരിഞ്ഞ ചെങ്കവിൾമുഖത്തോടെ ഇറങ്ങിപ്പോയതു്. എത്ര ചന്ദ്രികകളാണു്, അനുകമ്പാസുധകൊണ്ടു 'ഫെർഹാദി'നെ അഭി

ഷേകം ചെയ്തതു്! കടുവിൽ ഗിരിയുടെ അന്തർഭാഗം വിചിത്രവിഗ്രഹങ്ങൾകൊണ്ടു്, സംസാരിക്കുവാൻ ഇതാ ഭാവിക്കുന്നു എന്നു സന്ദർശകന്മാൎക്കു തോന്നിപ്പോകുന്ന ശിലാരൂപങ്ങൾകൊണ്ടു്, നിറഞ്ഞുകഴിഞ്ഞു. ആ ശില്പി തുരന്നുണ്ടാക്കിയ കന്ദരത്തിൻെറ പ്രവേശദ്വാരത്തിൽത്തന്നെ സഖികളാൽ സമാവൃതയായ 'ഷിറീൻ' ആണു് ശാശ്വതികത്വം പ്രാപിച്ച ലാവണ്യത്തോടുകൂടി നില്ക്കുന്നതു്. ആ യുവതീയുടെ മാദകങ്ങളായ കടാക്ഷങ്ങൾ ഇന്നും അതേ ശക്തിയോടുകൂടി, അതേ ഭംഗിയോടുകൂടി, അതേ ജീവനോടുകൂടി പ്രകാശിക്കുന്നു. ഫെർഹാദ്! അങ്ങു ധന്യനാണു്! അങ്ങയെ ആരുടെ പ്രണയം അകാലചരമത്തിലേയ്ക്കു വലിച്ചെറിഞ്ഞുവോ ആ അലൗകികലാവണ്യക്കരുന്നിൻെറ അന്യാദൃശസൗന്ദര്യം ശിലയിൽപ്പകൎത്തി അങ്ങു നിത്യതയുടെ കൈയിൽ സുരക്ഷിതമാക്കി സൂക്ഷിക്കുവാൻ ഏല്പിച്ചു. ഇന്നും ആ കണ്ണുകൾ എത്ര സന്ദർശകന്മാരെയാണു് കാമവശഗരാക്കുന്നതു്.

ഗുഹയുടെ മദ്ധ്യഭാഗത്തു 'ഖൊസ്രു'തന്നെയാണു്. നല്ലതു്! ഫെർഹാദ് നല്ലതു്! പ്രേമത്തിനു വശഗനായ തന്നെ വഞ്ചിച്ച ആ രാജാവിൻെറ ജീവിതവും ശിലാസദൃശമായ ആത്മാവും ആ കല്ലിൽക്കുടുങ്ങി നിത്യമായ കാരാഗൃഹവാസം അനുഭവിക്കട്ടെ. പിൻപിലും പാൎശ്വത്തിലും നിരന്നുനില്ക്കുന്ന സചിവന്മാരും പരിവാരങ്ങളും സ്വാമിയോടൊപ്പം എന്നും തടവിൽക്കഴിഞ്ഞുകൂടുകതന്നെ വേണം. അങ്ങയുടെ ശില്പകല ഒന്നാംതരം ഒരു മാന്ത്രികതന്നെ. അവളുടെ പ്രതീകാരം കേമമായി. അങ്ങനെത

ന്നെ വേണം. ഖൊസ്രുവിനും സേവകന്മാൎക്കും എന്തൊരു ചൈതന്യദായകമായ കരമാണു് അകാലത്തിൽ മരണത്തിന്റെ മരവിപ്പിക്കുന്ന തണുപ്പു തട്ടി നിശ്ചലമായിത്തീൎന്നുപോയതെന്നു് ആ ഗുഹയിലെ ശിലകൾകൊണ്ടു ഫെർഹാദ് നിൎമ്മിച്ചിട്ടുള്ള ലതകളും മററു കൊത്തുപണികളും വിളിച്ചുപറയും.

ഏതാനും സംവത്സരങ്ങളിലെ നിരന്തരപ്രയത്നം കണ്ടു പൎവ്വതത്തിന്റെ ഹൃദയം തകൎന്നു; അപ്പുറത്തുള്ള നദി ആ കലാകാരൻ വിളിക്കുന്ന ദിക്കിലേക്കു ചിരിച്ചാൎത്തു കുതിച്ചെത്തുവാൻ ഒരുങ്ങി. എന്നാൽ 'ഖൊസ്രു'വിന്റെ അസൂയയും കട്ടിപിടിച്ച വിദ്വേഷവും പാറയേക്കാൾ കട്ടപ്പം കൂടിയവതന്നെയായിരുന്നു. ഷിറിനും ആ കാമുകന്റെ നേരെ അനുകമ്പയും തദനുഗ്രഹത്തിൽ ഔത്സുക്യവും ജനിച്ചെങ്കിലും, രാജാവിന്റെ ഹൃദയം അതു പ്രദൎശിപ്പിക്കുവാൻ അനുമതി നൽകിയില്ല. വഞ്ചനയുടെ ഒരു മോഹനാസ്ത്രംകൊണ്ടു് ആ രാജാവു്, ആ ധീരനായ യുവാവിനെ നിഗ്രഹിക്കുകയാണു് ചെയ്തതു്.

ഫെർഹാദിനു പരിചയവും സ്നേഹവിശ്വാസവുമുണ്ടായിരുന്ന ഒരു വൃദ്ധ ഒരു ദിവസം ആ പൎവ്വതപാൎശ്വത്തിലെത്തി. ഉപരിഭാഗത്തുള്ള ഒരു പാറ വെട്ടിമാററിക്കൊണ്ടു നിൽക്കുകയായിരുന്നു, മനോരാജ്യമഗ്നനായ ആ പ്രക്ഷീണയുവാവു്. ക്രൂരയായ സ്ഥവിരേ, എന്തിനാണു്, ആ കോമളഹൃദയന്റെ പ്രണയസ്വൎഗ്ഗം നീ ഭഞ്ജിക്കുന്നതു്?

രാജപ്രീതിയുടെ ദാസിയായ വഞ്ചനക്കു സ്വൎഗ്ഗത്തിലും ലഭിക്കാത്ത ഒരു ജീവിതം സ്വാൎത്ഥാന്ധയായ നീ വിററുകളയുകയല്ലേ?

"നിൎത്തുക! നിരൎത്ഥകവ്യാപാരം യുവാവേ, നീ
നിൎത്തുക! സുദുൎല്ലഭം നിൻജന്മം പാഴായല്ലോ."

നാവുടൻ വളച്ചുന്നം നോക്കിയാ പ്രണയിതൻ-
ജീവനു നേരേ വൃദ്ധ, നിശിതം ശരം വിട്ടു:

"നീ കിനാവിലാണിന്നും, പറക്കം നിൻജന്മത്തെ-
യേകി നീയൊരു മണിമന്ദിരം നിൎമ്മിക്കുന്നു!

നന്നു നന്നൊരു ശവക്കോട്ട തീൎക്കുകിലല്ലോ
നിന്നുടെ മായാമോഹം! നിൻപണി നിരൎത്ഥമായ്.

തെന്നലാൽ, ശരൽക്കാലതിങ്കലെ,ക്കരിയില-
യെന്നപോൽ നിൻമോഹങ്ങളൊക്കെയും കൊഴിഞ്ഞല്ലോ

സുന്ദരമാകും നിൻെറ ഹൃത്തിലെസ്സുഖേച്ഛതൻ
കന്ദളം കാറ്റോട്ടമാക്കളിമാൻ മൃതമായി."

സരളഹൃദയനായ ഫെർഹാദ് സംശയിച്ചില്ല. അ നേകം ശിലകൾക്കു ജീവനും രൂപവും കൊടുത്ത ആ കലാ കുശലൻ ശിലപോലെ ഏതാനും നിമിഷം നിന്നു. കയ്യി ലിരുന്ന മഴുവും ജീവിതാശയും അവൻ വലിച്ചെറിഞ്ഞു. 'ഹാ! ഷിറീൻ!' എന്നു നിലവിളിച്ചുകൊണ്ടു മലയുടെ മുക ളിൽനിന്നു ഫെർഹാദ് കുതിച്ചു ചാടി. ആശയുടെ ഉന്ന തശൃങ്ഗത്തിൽനിന്നു്, മരണത്തിൻെറ അഗാധതയേയും അന്ധകാരത്തേയും നിസ്സാരമാക്കുന്ന നിരാശതയിലേയ്ക്കുള്ള ഒരു ചാട്ടമായിരുന്നു അതു്!

# എസ്സെദി

"സമ്മതിച്ചു, മരണമാണു് ആദിമം; അതുകൊണ്ടു് ആരു പറയും ജീവിതത്തിനു മൃതിയേക്കാൾ സൗഭഗം കുറവാണെന്നു്!"

—എസ്സെദി.

വിധിക്കു് അധീനവും വിഷാദകലുഷവുമാണു്, ജീവിതം എന്നു വ്യസനിക്കുന്ന പല താത്ത്വികകവികളും അതിനെ വ്യർത്ഥമായ ഒരു വേദനയായിട്ടു വ്യാഖ്യാനിച്ചിട്ടുണ്ടു്. മരണം അജയ്യമായ ഒരു കാളസർപ്പമാണെങ്കിൽത്തന്നെ, അതിന്റെ ഫണമണ്ഡലത്തിൽക്കയറി, നൃത്തം ചെയ്യുന്ന ജീവിതത്തെ ക്ഷണികമാണെങ്കിലും, ശ്ലാഘിക്കുന്ന ഒരു വന്ദ്യകവിയായിരുന്നു എസ്സെദി. അദ്ദേഹത്തിന്റെ 'രാവും പകലും' എന്ന ഭാവനാത്മകകൃതിയിലെ വാക്യമാണു് മുകളിൽ ഉദ്ധരിച്ചിരിക്കുന്നതു്.

'ഫ്ലസ്സി'യിലെ മുഹമ്മദ്ഷാ മനുഷ്യരക്തത്തിനും ചുവന്ന മഷിക്കും തമ്മിലുള്ള മഹത്തായ അന്തരം അറിഞ്ഞിരുന്നുവോ എന്നു ഭാരതീയരായ നമുക്കു സംശയം ജനിക്കാവുന്നതാണു്. ആ സുൽത്താൻെറ ദുർമ്മോത്സാഹമായ വാൾ നമ്മുടെ ചരിത്രത്തിൻെറ കരുപുറം രക്തമലീമസമാക്കിയിട്ടുണ്ടു്. എന്നാലും, മുഹമ്മദ് ഷാ കവികളേയും അന്യകലാകാരന്മാരെയും പ്രോത്സാഹിപ്പിച്ചുപോന്ന ഒരു സംസ്കാരാരാധകൻ ആയിരുന്നുവത്രേ. അദ്ദേഹത്തിൻെറ രാജധാനിയിൽ നാനൂറിൽപ്പുരം കാവ്യകാരന്മാരെ ആദരപൂർവ്വം സല്ക്കരിച്ചു താമസിപ്പിച്ചിരുന്നു. അവരുടെ നടുനായകമായിരുന്നു, 'എസ്സെദി.' ശിഷ്യനായ 'ഫിർദൂസി'യുടെ യശശ്ചന്ദ്രിക പ്രസരിച്ചുതുടങ്ങുന്നതുവരെ പാരസികസാഹിത്യാന്തരിക്ഷത്തിൽ ആ കവിവൃദ്ധൻതന്നെയായിരുന്നു ഏററവും പ്രകാശിച്ചിരുന്നതു്.

പുത്രനിൽനിന്നു പിതാവും, ശിഷ്യനിൽനിന്നു് ആചാര്യനും, പരാജയമാണു് ഇച്ഛിക്കേണ്ടതു്. അവക്ക് അതൊരുപ്രകാരത്തിൽ അഭിമാനാവഹമായിട്ടാണല്ലോ പരിണമിക്കുക. 'ഫിർദൂസി'യുടെ പ്രതിഭാപ്രാഭവത്തേയും രചനാപാടവത്തേയും ആചാര്യനായ 'എസ്സെദി' അകമഴിഞ്ഞു് അഭിനന്ദിക്കയാണു് ചെയ്തതു്. ഇതിഹാസപ്രസിദ്ധമായ രാജാക്കന്മാരുടെ ചരിതത്തെ അധികരിച്ചു് ഒരു മഹാകാവ്യം നിബന്ധിക്കണമെന്നു ഷാ നിർബ്ബന്ധിച്ചപ്പോൾ, അദ്ദേഹം ആ മഹനീയവും ദുഷ്കരവുമായ കൃത്യം ഏറെറടുക്കുന്നതിനു് ആ യുവശിഷ്യനാണു് അർഹൻ എന്നു വാത്സല്യപൂർവ്വം പ്രസ്താവിച്ചുവത്രേ. ആ പ്രോത്സാ

ഹനമാണു്, 'ഷാനാമ' (രാജചരിതം) എന്ന ഇതിഹാസ കാവ്യം രചിക്കുന്നതിനു 'ഫിർദൗസി'യെ പ്രേരിപ്പിച്ചതും, ധൈര്യപ്പെടുത്തിയതും. 'എസ്സെദി' വാൎദ്ധക്യമെന്ന കാരണത്തിൻെറ പിറകിൽ മാറിനിന്നുകൊണ്ടു സ്വശിഷ്യനു യശസ്സിൻെറ രാജവീഥിയിൽ സൈ്വരയാത്ര ചെയ്യാൻ അവസരമുണ്ടാക്കിക്കൊടുത്തു.

നീണ്ട മുപ്പതുകൊല്ലത്തെ നിരന്തരപരിശ്രമം കൊണ്ടാണു് 'ഫിർദൗസി' ആ കാവ്യം മിക്കവാറും എഴുതിയൊപ്പിച്ചതു്. ഒടുവിൽ ആരോഗ്യവും ഉന്മേഷവും അസ്തമിച്ച കവി, ഗുരുവിനെ ഒരിക്കൽ സന്ദശിച്ചപ്പോൾ ഇങ്ങനെ അറിയിച്ചുവത്രേ: "'ഷാനാമ' പൂൎണ്ണമാക്കുവാൻ എനിക്കു കാലം ശേഷിക്കുമെന്നു തോന്നുന്നില്ല. മരണം എൻെറ തുവലിന്മേൽ പിടിക്കാൻ കൈനീട്ടിക്കഴിഞ്ഞതുപോലെ തോന്നുന്നു. ആരാണതു് പൂരിപ്പിക്കാനെന്നാണു് എൻെറ വിഷാദം." "അങ്ങനെ ഒരത്യാഹിതം വരികയില്ല. വന്നാൽ ആ കൃത്യം ഞാൻ നിൎവ്വഹിക്കുന്നതാണു്." എന്നായിരുന്നു ജരാജൎജ്ജരമായ ശരീരത്തോടുകൂടിയ ആ ആചാര്യൻ അശ്രുപൂൎണ്ണമായ കണ്ണുകളോടുകൂടി പറഞ്ഞതു്. വാൎദ്ധക്യത്തിനും എസ്സെദിയുടെ കവിതാശക്തിയേയും ആത്മവിശ്വാസത്തേയും അപഹരിക്കുവാൻ കഴിഞ്ഞിരുന്നില്ല.

'ഫിർദൗസി'ക്കു ഗുരുവിൻെറ വാക്കു കേട്ടപ്പോൾ ആശ്ചര്യമാണു് തോന്നിയതു്. വൃദ്ധനായ ആ കവിയുടെ ഉത്സാഹവും മനശ്ശക്തിയും തനിക്കുണ്ടായിരുന്നെങ്കിൽ എന്നു് അദ്ദേഹം ആശിച്ചു. ശിഷ്യൻെറ നേരെ കവി

താലക്ഷ്മി അനുരക്തയായിരുന്നെങ്കിൽ, ഗുരുവിൻെറ നേരെ ആദരാകുലയായിരുന്നു. രണ്ടുമൂന്നു ദിവസംകൊണ്ടു രണ്ടുമൂവായിരം വിശിഷ്ടപദ്യങ്ങളും രചിച്ച 'ഷാനാമ' പൂർണ്ണമാക്കുവാൻ 'എസ്സെദി'ക്കു സാധിച്ചുവത്രെ. എന്തൊരു ദ്രുതകവിതാചാതുൎയ്യം!

ഭാവവ്യഞ്ജകങ്ങളും ഭാവനാമധുരങ്ങളുമായ അനേകം കവിതകൾ, ആ അനുഗൃഹീതൻെറ തൂലികയിൽനിന്നു നിരർഗ്ഗളമായി നിർഗ്ഗളിച്ചിട്ടുണ്ടു്. രാവും പകലും എന്ന കൃതിയാണു്, പാശ്ചാത്യരുടേയും പൌരസ്ത്യരുടേയും പ്രശംസയ്ക്കു പാത്രമായിട്ടുള്ളതെന്നു തോന്നുന്നു. കാലത്തിൻെറ നിമേഷോന്മേഷങ്ങളായ രാപ്പകലുകൾ സമുദായത്തിൻെറ ശൈശവഘട്ടംമുതല്ക്കുതന്നെ കവികളുടെ സങ്കല്പശക്തിയെ തൊട്ടുണൎത്തിയിട്ടുള്ളവയാണു്. ജീവിതചിത്രണത്തിൽ നിപുണന്മാരായ കലാകാരന്മാർ, അവയെക്കൊണ്ടു് അനുരൂപമായ പശ്ചാത്തലം മെനഞ്ഞെടുക്കുന്നു; സൌന്ദൎയ്യാരാധകന്മാർ പുഞ്ചിരിക്കൊള്ളുന്ന അഹസ്സിൻേറയും താരകാലംകൃതയും ലജ്ജാമൂകയും ആയ രജനിയുടേയും സ്തുതിപാഠകന്മാരാണു്; താത്ത്വികകവികൾ ജീവിതമരണങ്ങളുടെ പ്രതിരൂപങ്ങളാണു് അഹൎന്നിശകളിൽ ദൎശിക്കുന്നതു്. 'എസ്സെദി' രാപ്പകലുകൾക്കു മനുഷ്യസാധാരണങ്ങളായ മത്സരാദിഭാവങ്ങളും മധുരമായ ഭാഷയും നല്കി ജീവൻ കൊടുത്തിരിക്കുന്നു. അവരുടെ സംഭാഷണം ഹൃദയംഗമംതന്നെ.

"മുഖം വീൎപ്പിച്ചു ഗൎവ്വുള്ളിൽ മുററും രജനി ചൊല്ലിനാൾ,
ആകുലാവ്യക്തതയ്ക്കുള്ളിലാണ്ടു വിശ്രമം കിടക്കവേ

ഞാനാണനാദിതിമിരമടക്കികൊണ്ടു വാണവൾ
പകലിൻെറ വെളിച്ചത്തിൽപ്പറക്കും ഭക്തി ദൂരവേ
രാവിലേ പാടിട്ടു ശുദ്ധപ്രാൎത്ഥനാരൂപ'രാക്കുയിൽ'

*　　*　　*　　*

അസ്മൽപ്രവാചകൻ ചന്ദ്രനപഥരാകാശവൈഭവം
എൻെറ സാന്നിദ്ധ്യമില്ലെങ്കിലൊന്നു കാണുന്നതെങ്ങിനെ?
അമ്പിളിക്കലയെന്നെന്നുമവൾതൻ ദീപ്തകാന്തിയെ
നീളെപ്പരത്തിയകലെ നില്ക്കുമോ രാവിലെന്നിയേ?
രാജ്ഞിയെപ്പോലെ രജനി രാജിപ്പൂ നിത്യമോഹിനി
നക്ഷത്രരത്നഖചിതനവകോടീരശോഭിനി
വാനമാണവൾതൻ മുദ്രവെച്ചസൂക്ഷിച്ച പോരുവോൻ
പിന്നാലെ ദാസിമാരായിട്ടുണ്ടു മിന്നും ഗ്രഹങ്ങളും."

ഇങ്ങനെ രാത്രിയുടെ ആത്മപ്രശംസ നീണ്ടുനീണ്ടു പോകുന്നു. ദേവദൂതൻെറ സുഖപ്രദമായ സുവൎണ്ണച്ചിറകിൻെറ ശീതളച്ഛായയാണു് താനെന്നുവരെ രാത്രി അഭിമാനം പ്രകാശിപ്പിക്കുന്നുണ്ടു്.

എല്ലാം ക്ഷമാപൂൎവ്വം കേട്ടുകൊണ്ടിരുന്ന പകൽ പരിഹാസമന്ദഹാസത്തോടുകൂടി എഴുന്നേററു, സംവാദം തുടങ്ങി:

"വിണ്ണിൽനിന്നാണെൻെറ ജന്മം; മണ്ണിൻെറ മകളാണു നീ.
അനേകം വൈരരത്നങ്ങളാന്ന കോടീരമുജ്ജ്വലം
വെളിച്ചമണിയിക്കുന്നു വെണ്മയോടെൻെറ മൗലിയിൽ
കൽക്കരിക്കുഴലിവേലക്കാർ കളയും തൊപ്പിയല്ലയോ
നിൻശിരസ്സിൽച്ചാൎത്തിനില്പൂ; നിനക്കൊത്ത കിരീടമായ്!'

വെളുത്ത അകക്കുപ്പായം ധരിച്ചിരിക്കുന്ന പകൽ ഒരൊന്നാന്തരം മുസൽമാനാണത്രെ. ഇരുണ്ട തുണി ചു

ററിയ രാത്രി നീചയായ ഒരു കള്ളിയും. ആ കാപ്പിരിപ്പെണ്ണിന്റെ കവിളും ധവളസുഭഗമായ പകലിന്റെ കവിളും തമ്മിലുണ്ടോ താരതമ്യം? രാവിന്റെ അഹങ്കാരം ആ നക്ഷത്രസമൂഹമാണു്. തേജോമയനായ സൂര്യൻ വരുമ്പോൾ എല്ലാ താരങ്ങളും സ്വജന്മഭൂമിയായ അന്ധകാരത്തിലേയ്ക്കു സംഭ്രമിച്ചോടുകയില്ലേ? ഒടുവിൽ പകൽ ഔദ്ധത്യത്തോടു കൂടി ഉപസംഹരിക്കയാണു്:

"നിന്റെ ചന്ദ്രൻ!—നിന്റെ ചന്ദ്രനാരാണടിമയല്ലയോ
വളഞ്ഞുകുത്തുമാത്തിങ്കൾ വായ്പ വാങ്ങിച്ച വെള്ളിയാൽ
നിന്നെപ്പൂജിച്ചുപോരുന്നു, നീ ഞെളിഞ്ഞതു പോരുമേ.
കിഴക്കുനിന്നെന്റെ സുൽത്താൻ കിരണോജ്ജ്വലനെത്തവേ
വല്ലാതെയമ്പരന്നോടി വഴിമാറണമമ്പിളി."

ഇനിയും രാത്രി അടങ്ങുവാൻ ഭാവമില്ലെങ്കിൽ പകൽ ബുദ്ധിമാനും മഹാനുമായ 'നാസ്സർ അഹമ്മദി'ന്റെ മാദ്ധ്യസ്ഥ്യം സ്വീകരിക്കുവാൻ ഒരുക്കമാണു്. അദ്ദേഹം കാരോരുത്തരും അർഹിക്കുന്ന പദവി നിർണ്ണയിക്കുവാൻ ശക്തനാണല്ലോ.

177603
O164:1:9
32J6
MUL
177603
UNIVERSITY LIBRARY
28 May 1957
MADRAS

6 MAR 1959